VI ചട്ടങ്ങളുടെ ഭേദഗതി അവതരണം

17–5–1985–ൽ ജി.ഒ. (പി) നമ്പർ 183/85/ജി.എ.ഡി. (എസ്. ആർ.ഒ. നമ്പർ 742/85) മുഖേന പുറപ്പെടുവിച്ച കേരള ജനറൽ സബോർഡിനേറ്റ് സർവ്വീസ് (പ്രത്യേക ചട്ടങ്ങൾ–സെക്രട്ടേറിയേറ്റിലെ പലവക തസ്തിക കൾക്കുള്ള ഭേദഗതികൾ

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഞാനെന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

Add the following proviso to category 8 and entry against it; namely:—

(1) "Provided that persons already in service who have passed 7th standard and passed Attender's Test shall stand exempted from this Sub-rule".

ശ്രീ. വി.കെ. രാജൻ: സർ, ഞാനെന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

Add the following Note below category 8 and entry against it; namely:—

(2) "Note:—Notwithstanding anything contained in these rules, the qualification in respect of the persons already in service as on 17–5–1985 shall be a pass in Standard VII and Attender's Test".

VII നിയമനിർമ്മാണകാര്യം

(1) ജലവും മലിനജലവും സംബന്ധിച്ച 1984–ലെ കേരള ബിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം (ചർച്ച–തുടർച്ച)

ശ്രീ. എ.വി. താമരാക്ഷൻ: സർ, ഇന്നലെ ഈ ബില്ലിനെ ന്യായീകരിച്ചുകൊണ്ട് സംസാരിച്ചത് ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് കൂടുതലായി നമ്മുടെ ശുദ്ധജല വിതരണത്തിന് സമാഹരിക്കാൻ വേണ്ടിയാണെന്നു പറഞ്ഞാണ്. ഈ അവസരത്തിൽ 1981 ആഗസ്റ്റ് 13–ാം തീയതി പ്രോജക്ട് ആഫീസർ, ഇൻർനാഷണൽ ഡവലപ്പ്മെന്റ് അസോസിയേഷൻ, വേൾഡ്ബാങ്ക് ശ്രീ. ഒണ്ഡപാണിക്കയച്ച കത്തിന്റെ ഒരു പ്രസക്തമായ ഭാഗം ഞാനിവിടെ കോട്ട് ചെയ്യുകയാണ്.

"Government of Kerala has correctly perceived that while a board could function with greater operating efficiency and financil flexibility, it would encounter significant employee—related problem on conversion and would incur greater establishment charges". അതിനു പുറമേ, "The Association no longer requires organisational structure as a condition for approving the project; rather the association requires that whatever is the organisational structure chosen it should operate on a commercial basis."

LIBRARY ARCHIVES Kerala Legislative Assembly

വേംഡ് ബാങ്ക് തന്നെ ഒരു ആട്ടോണോമസ് ബോർഡ് വേണമെന്ന് നിർബന്ധിക്കുന്നില്ല. അവർ പറയുന്നത്, ഇന്ന് നിലവിലുള്ള സംവിധാനത്തിൽ ചില മാറ്റങ്ങൾ ഉണ്ടാകണമെന്നാണ്. ഒരു കമേഴ്സ്യൽ ബേസിസിൽ പ്രവർത്തിക്കാൻ കഴിയുന്നതരത്തിലുള്ള മാറ്റങ്ങൾ ഉണ്ടാകണമെന്നാണ്. ആ നിലയിൽ കമേഴ്സ്യൽ ബേസിസിൽ പ്രവർത്തിക്കുന്ന ഒരു ആട്ടോണമസ് ബോർഡ് വന്നു കഴിഞ്ഞാൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ എത്രയാണ്? അതാണ് ഞാൻ സൂചിപ്പിച്ചത്, ഈ സംസ്ഥാനത്ത് കുടിവെള്ളത്തിന് പെട്രോളിനെക്കാൾ കൂടുതൽ വില ഈടാക്കേണ്ട സ്ഥിതി വരാൻ പോവുകയാണെന്ന്. മറ്റൊന്ന്, അപ്പുറത്തു നിന്ന് സംസാരിച്ച ആളുകൾ പറയുന്നത്, ഈ ബോർഡിന്റെ ചെയർമാനെന്നുള്ള നിലയിൽ മന്ത്രി വന്നു കഴിഞ്ഞാൽ ഇന്ന് ഈ ഭരണത്തിന്റെ തന്നെ ചുവപ്പുനാടയെല്ലാം മാറ്റി കാര്യങ്ങൾ വളരെ ഗൗരവപൂർവ്വം നടത്താൻ കഴിയുമെന്നാണ്. അപ്പോൾ പ്രതിപക്ഷത്തുനിന്നുള്ള ആളുകൾ മന്ത്രി ചെയർമാനായി വന്നു കഴിഞ്ഞാൽ ഈ ബോർഡിൽ ഉള്ള ഉദ്യോഗസ്ഥൻമാർക്ക് നീതിപൂർവ്വമായും നിഷ്പക്ഷമായും ഭരണം നടത്താൻ കഴിയില്ല, ഇതിൽ ക്രമക്കേടുകൾ ഉണ്ടാകുമെന്നാണ് ചൂണ്ടിക്കാണിച്ചത്. അതിന്റെ ഉദാഹരണങ്ങളാണ് കഴിഞ്ഞ ദിവസം സംസാരിച്ചത്. ഒന്നാം തീയതിയാണ് ഈ ബോർഡ് നിലവിൽ വന്നത്. രണ്ടാം തീയതി ബോർഡ് കൂടുന്നു. ഈ ആക്ടിൽത്തന്നെ പറഞ്ഞിരിക്കുന്നത്, ആ ബോർഡിൽ ഏതെങ്കിലും പോസ്റ്റ് ക്രിയേറ്റ് ചെയ്യണമെങ്കിൽ ഗവൺമെന്റിന്റെ പ്രീവിയസ് അപ്രൂവൽ വേണമെന്നാണ്. രണ്ടാം തീയതി കൂടിയ ബോർഡിൽ മൂന്നു തീരുമാനങ്ങൾ എടുത്തതിൽ ഒന്ന്, 33 പോസ്റ്റ് ക്രിയേറ്റു ചെയ്യുന്നു, ആ 33 പോസ്റ്റിലേയ്ക്ക് ഉള്ള യോഗ്യത നിശ്ചയിക്കുന്നു, അതേ ബോർഡിൽ വച്ചുതന്നെയാണ് ആ പോസ്റ്റിലേയ്ക്ക് ആളിനെ നിയമിച്ചത്. ഇതിനിടയിൽ എന്നാണ് ഗവൺമെന്റിൽനിന്ന് അപ്രൂവൽ വാങ്ങിയത്? ഏത് ക്യാബിനറാണ് അപ്രൂവൽ വാങ്ങിയതെന്ന് വ്യക്തമാക്കാമോ? ഒന്നാം തീയതി നിലവിൽ വന്ന ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ രണ്ടാം തീയതി 10.30—ന് ബോർഡ് കൂടി. അതിനുമുമ്പ് എപ്പോഴാണ് ക്യാബിനറ് കൂടിയത്? എപ്പോഴാണ് ഗവൺമെന്റിന്റെ അംഗീകാരം കിട്ടിയത്? അതാണ് പറഞ്ഞത്, നിയമവിരുദ്ധമായിട്ടാണ് കാര്യങ്ങൾ നടത്തിയിരിക്കുന്നതെന്ന്. മറ്റൊന്ന് ഈ ബോർഡിന്റെ എം.ഡി.യായി ശ്രീ. ഭൈരവനെ നിയമിച്ചതിനെക്കുറിച്ചാണ്. 1982—ൽ പി.എച്ച്.ഇ.ഡി. യിൽ നിന്ന് റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻ അതിനുമുമ്പുണ്ടായിരുന്ന എല്ലാ ക്യാബിനറ് തീരുമാനങ്ങൾക്കും വിരുദ്ധമായി രണ്ടു കൊല്ലത്തേയ്ക്ക് കാലാവധി നീട്ടിക്കൊടുത്തു. അതിനുശേഷം ആ രണ്ടു കൊല്ലം തികയാൻ ഒരു മാസമുള്ളപ്പോൾ റീ എംപ്ലോയ്മെന്റ് എന്നുള്ള നിലയിൽ കെ.എസ്.ആർ.—ലെ 91—ന് വിരുദ്ധമായി വീണ്ടും പി.എച്ച്.ഇ.ഡി യിൽ എം.ഡി.യായി നിയമിച്ചു. അത് നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? സർ, കെ.എസ്.ആർ—ലെ 91—ൽ പറയുന്നത്,

An employee may not retire with a view to being re-employed and drawing pension in addition to pay whether in the service of Government or of a local fund.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

LIBRARY ARCHIVES Kerala Legislative Assembly

1982–ൽ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥനെ രണ്ടു കൊല്ലം നീട്ടിക്കൊടുത്ത ശേഷം രണ്ടു കൊല്ലം കാലാവധി തികയാൻ ഒരു മാസമുള്ളപ്പോൾ സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്തിട്ട് നിയമവിരുദ്ധമായി എം.ഡി. യായി നിയമിച്ചു. 1979, 1980, 1981 വർഷങ്ങളിലെ ക്യാബിനറ്റിൽ തീരുമാനങ്ങളുണ്ട്; റിട്ടയർ ചെയ്ത ഉദ്യോഗസ്ഥനെ വീണ്ടും നിയമിക്കാൻ പാടില്ല എന്നാണ്. ആ തീരുമാനങ്ങൾക്ക് വിരുദ്ധമായിട്ട് ആണ് എം.ഡി.യായി നിയമിച്ചത്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രി ആരെയെങ്കിലും നിയമിച്ചതിൽ വിരോധമില്ല. നിയമിക്കുമ്പോൾ ജനങ്ങളുടെ മുമ്പിൽ ഒരു സംശയവും ഉണ്ടാകാത്ത നിലയിൽ കാര്യങ്ങൾ നടത്താൻ തയ്യാറാകണ്ടേ? ആദ്യത്തെ ബോർഡ് മീറ്റിംഗിൽ പോസ്റ്റ് ക്രിയേറ്റ് ചെയ്യുക, രണ്ടാമത്തെ ബോർഡിൽ തന്നെ യോഗ്യത നിശ്ചയിക്കുക. അപേക്ഷ ക്ഷണിച്ചതിനുശേഷം അടുത്ത ബോർഡിൽ ആളെ നിയമിച്ചിരുന്നുവെങ്കിൽ ജനങ്ങൾക്ക് മനസ്സിലാകുമായിരുന്നു. അന്നാണ് തീരുമാനമെടുക്കുന്നത്.

ശ്രീ. എം.പി. ഗംഗാധരൻ: അന്ന് തീരുമാനമെടുത്തതേയുള്ളൂ; നിയമിച്ചിട്ടില്ല.

ശ്രീ. എ.വി. താമരാക്ഷൻ: ആദ്യത്തെ ബോർഡ് മീറ്റിംഗിൽ തന്നെ തീരുമാനിച്ചതാണ്, അതിന്റെ മിനിറ്റ്സ് എന്റെ കൈയിലുണ്ട്. ആ ഫസ്റ്റ് ബോർഡ് മീറ്റിംഗിന്റെ മിനിറ്റ്സിൽ പറഞ്ഞിരിക്കുന്നത്, 33 പോസ്റ്റുകൾ ക്രിയേറ്റു ചെയ്യുന്നു, യോഗ്യത നിശ്ചയിക്കുന്നു, ആ പോസ്റ്റുകളിലേക്ക് ഇന്നയിന്ന ആളുകളെ നിയമിക്കുവാൻ തീരുമാനിക്കുന്നു എന്നാണ്.

ശ്രീ. എം.പി. ഗംഗാധരൻ: അത് ഗവൺമെന്റിന്റെ സാങ്ഷൻ കിട്ടാൻ വേണ്ടി റിസോൾവ് ചെയ്യുന്നതാണ്. അത് നിയമനമല്ല.

ശ്രീ. എ. വി. താമരാക്ഷൻ: ആദ്യത്തെ ബോർഡ് മീറ്റിംഗിന്റെ മിനിറ്റ്സിൽ പറയുന്നത്, 'The meeting next considered the appointment of Secretary to the Authority. It was resolved to appoint Mr. M.P. Narayanan Nair, Additional Private Secretary to Minister for Irrigation Kerala as Secretary to the Authority. The following resolution was adopted.....'ഈ നിലയിൽ ഓരോ പോസ്റ്റിലേക്കും അപേക്ഷ ക്ഷണിക്കാതെ നിയമവിരുദ്ധമായി നിയമിക്കുവാൻ തീരുമാനിച്ചു. അത്തരത്തിലുള്ള ധൃതി പിടിച്ച നടപടികളാണ് ഈ രംഗത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി വന്നതിനുശേഷം സി.എൽ.ആർ. ആയി ആളുകളെ നിയമിച്ചിരിക്കുന്നു. ഓപ്പറേറ്റർ തസ്തികയിൽ സി.എൽ.ആർ. വ്യവസ്ഥയിൽ ആയിരക്കണക്കിന് ആളുകളെ നിയമിച്ചിരിക്കുകയാണ്. തിരുവനന്തപുരം ജില്ലയിലുള്ള മുന്നൂറോളം ജീവനക്കാരെ കോഴിക്കോട്, കാസർകോട് ജില്ലകളിൽ നിയമിച്ചിരിക്കുകയാണ്. സി.എൽ.ആർ. ഓപ്പറേറ്റർ തസ്തികയിൽ നിയമിക്കുന്നതിന് പതിനായിരം രൂപയും സി.എൽ.ആർ. വർക്കർ തസ്തികയിൽ നിയമിക്കുന്നതിന് 7,500 രൂപയുമാണ് റേറ്റ്. അങ്ങനെ പതിനായിരം ചെറുപ്പക്കാരിൽനിന്ന് പണം വാങ്ങി ഇഷ്ടാനുസരണം ഈ രംഗത്ത് നിയമനം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ നിലയിൽ ഇതിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ് വന്നു കഴിഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെയെല്ലാം ഫലം ജനങ്ങളുടെ തലയിൽ വന്നു വീഴാൻ പോവുകയാണ്. ഇപ്പോഴാണെങ്കിൽ മലപ്പുറം ജില്ലയിൽ റിട്ടയർ ചെയ്ത ജില്ലാ കളക്ടർ ശ്രീ. ഒ.പി.ആർ. മേനോനെ ചെയർമാന്റെ പ്രൈവറ്റ് സെക്രട്ടറിയായി നിയമിക്കുവാൻ മന്ത്രി നടപടിയെടുത്തുകൊണ്ടിരിക്കുകയാണ്. മലപ്പുറം ജില്ലാ കളക്ടർ എന്ന നിലയിൽ ആ ജില്ലയിൽ ആരാണ് ഭരിച്ചിരുന്നതെന്ന് അറിയാമോ? ശ്രീ. ഒ.പി.ആർ. മേനോൻ സെക്രട്ടറിയായി വന്നുകഴിഞ്ഞാൽ ഈ അതോറിറ്റി ആരാണ് ഭരിക്കാൻ പോകുന്നത്? ഇങ്ങനെ മറ്റു താൽപ്പര്യങ്ങൾക്കുവേണ്ടി സ്വന്തപ്പെട്ട ചില ആളുകളെ നിയമിച്ചുകൊണ്ട് ധൂർത്ത് നടത്തുന്ന ഒരു പൊതുമേഖലാസ്ഥാപനമാക്കാനുള്ള ശ്രമമാണ് മന്ത്രി നടത്തിക്കൊണ്ടിരിക്കുന്നത്. സർ, കുടിവെള്ളം കൊടുക്കാൻ കഴിയുമെന്നു ഈ സഭയിൽ പറഞ്ഞു. ചില അംഗങ്ങൾ ശുദ്ധജലക്ഷാമത്തെക്കുറിച്ച് ഇവിടെ ഉന്നയിച്ചു. ഞാൻ തന്നെ ആലപ്പുഴ പട്ടണത്തിലെ കുടിവെള്ളക്ഷാമത്തിന്റെ കാര്യം ഇവിടെ ഉന്നയിച്ചിട്ടുള്ളതാണ്. ഈ രംഗത്ത് മന്ത്രി എന്താണു ചെയ്യുന്നത്? ഈ നിയമസഭയിൽ ഏതെങ്കിലും മെമ്പർമാർ ഒരു വകുപ്പിനെ വിമർശിച്ചു കഴിഞ്ഞാൽ ആ മെമ്പറുടെ മണ്ഡലത്തിൽ കുടിവെള്ളം കൊടുക്കാതിരിക്കുന്നത് ശുംഭത്തരമാണ്. അതാണ് ശ്രീ. എം.പി. ഗംഗാധരൻ ചെയ്തുകൊണ്ടിരിക്കുന്നത്. എന്റെ നിയോജകമണ്ഡലമായ മാരാരിക്കുളത്തെ രണ്ടു വില്ലേജുകളിലെ പദ്ധതിക്കുവേണ്ടി മന്ത്രിക്ക് മെമ്മോറാണ്ടം കൊടുത്തു. അത് അംഗീകരിച്ചതുമാണ്. കഴിഞ്ഞ നിയമസഭയിൽ സബ്ജക്ട് കമ്മിറ്റിയിൽ പങ്കെടുത്തുകൊണ്ട് അഴീക്കൽ ആരോപണങ്ങളും ഉന്നയിച്ചു കഴിഞ്ഞപ്പോഴും ആ പദ്ധതി നിർത്തിവച്ചു. ഞാൻ ആലപ്പുഴ പട്ടണത്തിലാണ് താമസിക്കുന്നത്. മന്ത്രി അവിടെ യോഗം വിളിച്ചുകൂട്ടിയതാണ്. ഇരുപത്തിയൊന്നോളം കുഴൽകിണറുകളും പ്രവർത്തിച്ചിരുന്ന ആലപ്പുഴ പട്ടണത്തിൽ ഇപ്പോഴും പത്തെണ്ണമാണ് പ്രവർത്തിക്കുന്നത്. അവിടെ കുടിക്കാൻ വെള്ളമില്ല. ഞാൻ അടക്കം പങ്കെടുത്ത യോഗത്തിൽ, അടിയന്തിരമായി മൂന്നു മാസത്തിനുള്ളിൽ 11 പൈപ്പുകളും കുഴിച്ചിടാൻ മന്ത്രി നിർദ്ദേശം കൊടുത്തു. ഈ തീരുമാനമെടുത്തതിനുശേഷം മന്ത്രി ഫോണിൽ വിളിച്ചു പറഞ്ഞു, അതു നടപ്പിലാക്കേണ്ടതില്ലെന്ന്. ഈ ബില്ലിന്റെ അവതരണ വേളയിൽ ശ്രീ. ആർ.എസ്. ഉണ്ണി ഇത് ഡിസ് അപ്രൂവ് ചെയ്യണമെന്നു പറഞ്ഞുകൊണ്ട് ഒരു പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. ആർ.എസ്. ഉണ്ണിയുടെ നിയോജകമണ്ഡലത്തിൽ കൊറ്റംകുളങ്ങരയിൽ നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതി പിറ്റേ ദിവസം മന്ത്രി ഫോണിൽ വിളിച്ചു പറഞ്ഞു. നടപ്പിലാക്കേണ്ടതില്ലെന്ന്. ഒരു വകുപ്പിനെ ഒരു മെമ്പർ വിമർശിച്ചു കഴിഞ്ഞാൽ ആ മെമ്പറുടെ മണ്ഡലത്തിൽ വെള്ളം കൊടുക്കുകയില്ല എന്നു പറയുന്നത് ധിക്കാരപരമായ ശുംഭത്തരമാണ്. അതാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കണമെന്നു പറഞ്ഞുകൊണ്ട് കമേഴ്സ്യൽ ബേസിസ് എന്ന നിലയിൽ ഈ സ്ഥാപനം കൊണ്ടുപോകണമെന്നത് ജനങ്ങൾക്ക് വലിയ ഭാരമാകാൻ പോകുകയാണ്. മറ്റു വകുപ്പുകളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. എല്ലാ അധികാരങ്ങളും കേന്ദ്രീകരിച്ചുകൊണ്ട് ഒരു ഏകാധിപതിയായി മന്ത്രി ചെയർമാനായി ജനങ്ങളെ കൊള്ളയടിക്കാനുള്ള പ്രവർത്തനങ്ങളാണ് ഈ ബില്ലിലുള്ളത്. അതുകൊണ്ട് ഇത് വിശദ ചർച്ചയ്ക്കുവേണ്ടി പൊതുജനാഭിപ്രായത്തിനു വിടണം എന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി ഒരു ഓർഡിനൻസിൽകൂടി രൂപംകൊണ്ട ഒരു അതോറിറ്റിയാണ്. ഈ അതോറിറ്റിക്കു നിയമപ്രാബല്യം കൊടുക്കുന്നതിനു വേണ്ടിയുള്ള ഒരു ബില്ലുമായിട്ടാണ് വകുപ്പുമന്ത്രി ഈ സഭയെ സമീപിച്ചിരിക്കുന്നത്. ഇത് ധൃതിപിടിച്ച് പാസാക്കുന്നത് ശരിയല്ല. ഇതുമായി ബന്ധപ്പെടുന്ന എല്ലാ വിഭാഗങ്ങളിൽപ്പെട്ടവരുടെയും അഭിപ്രായം ആരായാൻ കഴിയണം. വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട ജീവനക്കാരുടെ സംഘടനകളുടെ അഭിപ്രായം ആരായണം. പഞ്ചായത്തുകളുടെയും മുൻസിപ്പൽ കൗൺസിലുകളുടെയും അഭിപ്രായം ചോദിക്കണം. വെള്ളം ഉപയോഗിക്കുന്ന പൊതുജനങ്ങളുടെ അഭിപ്രായം ആരായണം. അതിനു വേണ്ടിയാണ് ഈ ബില്ല് പൊതുജനാഭിപ്രായം ആരായുന്നതിനുവേണ്ടി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നത്.

1984 ഏപ്രിൽ 1-ാം തീയതിയാണ് വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയായി പി.എച്ച്.ഇ.ഡി. വകുപ്പ് രൂപാന്തരപ്പെട്ടത്. ഇതിൻറെ പേര് ഇപ്പോഴും ജല-മലിനജല അതോറിറ്റി എന്നാണ്. പണ്ട് പൊതുജനാരോഗ്യ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറ് എന്നു കേൾക്കുമ്പോഴും ആളുകളുടെ മനസ്സിൽ ശുദ്ധജലം കിട്ടുന്ന വകുപ്പ് എന്ന ധാരണ ഉണ്ടായിരുന്നുവെങ്കിൽ ഇപ്പോഴും അതിൻറെ പേരു പോലെ തന്നെ ആ വകുപ്പ് ആയിരിക്കുകയാണ്. അതുകൊണ്ട് ഇതിൻറെ പേരു തന്നെ മാറണമെന്നാണ് എനിക്കു നിർദ്ദേശിക്കാനുള്ളത്. ഇത്തരം ഒരു അതോറിറ്റി ധൃതിപിടിച്ച് രൂപീകരിക്കാൻ കാരണമെന്താണ്? ഇവിടെ ഭരണഭാഗത്ത് പ്രസംഗിച്ചവർ അവകാശപ്പെട്ടത് ശ്രീ. ഗംഗാധരൻ ഈ വകുപ്പിൻറെ മന്ത്രി ആയതോടുകൂടിയാണ്. കേരളത്തിലെ ജനങ്ങൾ വെള്ളം കുടിക്കാൻ തുടങ്ങിയതെന്നാണ്. ഈ വകുപ്പ് പന്ത്രണ്ട് കൊല്ലക്കാലം കൈവശം വച്ചിരുന്നത് നമ്മുടെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി മുഖ്യമന്ത്രി ശ്രീ. അവുക്കാദർകുട്ടിനഹയായിരുന്നില്ലേ? ശ്രീ. എം.എം. ഹസ്സനും ശ്രീ. മണിമംഗലത്തു കുട്ട്യാലിയും പ്രസംഗിക്കുന്നത് ശ്രീ. നഹ എന്നു പറയുന്ന മന്ത്രി ഒന്നിനും കൊള്ളാത്ത ആളായിരുന്നു എന്നാണ്. ശ്രീ. നഹയെക്കുറിച്ച് അങ്ങനെ പ്രസംഗിക്കുമ്പോഴും നമ്മുടെ ലീഗിലെ മെമ്പർമാർ കൈകൊട്ടിച്ചിരിക്കുന്നു. ലീഗിൻറെ ബഹുമാന്യ സുഹൃത്തുക്കളോട് എനിക്ക് ചോദിക്കാനുള്ളത്, നിങ്ങൾക്കു നാണമില്ലേയെന്നാണ്. നിങ്ങളുടെ പാർട്ടിയുടെ നേതാവ് ഈ വകുപ്പ് ഭരിച്ചിരുന്ന കാലത്ത് ഒരു ചുക്കും ചെയ്തിട്ടില്ല എന്നു പറഞ്ഞിട്ടും യാതൊന്നും.....

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഒരു നിയമസഭാംഗം എന്നുള്ള നിലയിൽ ഈ സഭയിൽ വച്ച് ഒരു ബഹുമാനപ്പെട്ട മന്ത്രിയെ സംബന്ധിച്ച് ഒന്നിനും കൊള്ളാത്ത ഒരു മന്ത്രിയാണെന്ന് ഞാൻ പറഞ്ഞു എന്നുള്ള വസ്തുത അവാസ്തവമാണ് എന്നു ഞാൻ പറയാനാഗ്രഹിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതിൽ ഒരു പോയിൻറുമില്ല ഒരു ഓർഡറുമില്ല. ആവശ്യമില്ലാത്ത സമയത്ത് ഇങ്ങനെയുള്ള ചോദ്യം ചോദിക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. പത്മനാഭൻ: ശ്രീ. ഗംഗാധരൻ പങ്കെടുക്കുന്ന ഒരു പൊതു പരിപാടിൽവച്ച്, മുമ്പ് ഈ സംസ്ഥാനം ഭരിച്ചിരുന്ന മുഖ്യമന്ത്രിമാർ— (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ, ശ്രീ. എ.കെ. ആന്റണി അടക്കം ഭരിച്ചിരുന്ന കാലത്ത്) ഈ രംഗത്ത് ഒന്നും ചെയ്തിട്ടില്ല, എന്നും ഞാൻ അധികാരത്തിൽ വന്നതിനു ശേഷമാണ് എല്ലാ സ്ഥലത്തും വെള്ളം എത്തിച്ചു കൊടുത്തതെന്നും പ്രസംഗിച്ചത് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. എം.പി. ഗംഗാധരൻ: അങ്ങനെയൊന്നും പ്രസംഗിച്ചില്ല. വെറുതെ കള്ളമൊന്നും പറയണ്ട.

ശ്രീ. എ.കെ. പത്മനാഭൻ: പെരുവണ്ണൂർ വച്ച്.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞാൻ ഈ പറഞ്ഞത് ഇവിടെ കേട്ട പ്രസംഗത്തെ സംബന്ധിച്ചാണ്. എനിക്ക് അതിൽ ദുഃഖമുണ്ട്. നമ്മുടെ നഹാ സാഹിബ്ബിനെക്കുറിച്ച് (ലീഗുകാർ) കോൺഗ്രസ് (ഐ) ക്കാർ കുത്തി നോവിക്കുന്നതിൽ എനിക്ക് വിഷമമുള്ളതുകൊണ്ട് പറഞ്ഞതാണ്. ഇറിഗേഷനും പി.ഡബ്ലിയു.ഡി.യും കൂടിയുള്ള ട്രാൻസ്ഫർ ആൻഡ് പോസ്റ്റിംഗിന്റെ അധികാരം നഹാ സാഹിബ്ബിനാണ്. അത് വിഭജിച്ച് ഇറിഗേഷനും പി.ഡബ്ലിയു.ഡി.യും രണ്ടു വകുപ്പാക്കി മാറാൻ ശ്രീ. ഗംഗാധരൻ നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങളം തുടർന്നുകൊണ്ടിരിക്കുകയാണ്.

ഇത്തരമൊരു അതോറിറ്റി രൂപീകരിക്കാൻ ശ്രീ. ഗംഗാധരനെ പ്രേരിപ്പിച്ച പ്രധാനപ്പെട്ട വികാരം വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ ട്രാൻസ്ഫറും പോസ്റ്റിങ്ങും ശ്രീ. ഗംഗാധരന്റെ കയ്യിൽവരുമെന്നുള്ളതാണ്. ഈ ബില്ലിന്റെ നാലാം വകുപ്പ് പരിശോധിച്ചു നോക്കിയാൽ ആ കാര്യം വളരെ വ്യക്തമായി മനസ്സിലാക്കാൻ കഴിയും. നാലാം വകുപ്പുപ്രകാരം ഇതിന്റെ എല്ലാ അധികാരങ്ങളും മന്ത്രിയുടെ കയ്യിൽ വരുന്നതിന് സഹായകമാകുന്ന ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇത്തരമൊരു അതോറിറ്റി രൂപീകരിച്ചതുകൊണ്ട് മറ്റൊരു ഉദ്ദേശംകൂടിയുണ്ട്. ഇതിന്റെ വരവു ചെലവ് കണക്കുകൾ ആഡിറ്റിനു വിധേയമല്ല. കൺട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ ആഡിറ്റിങ്ങിനു വിധേയമല്ലെന്നുള്ളതുകൊണ്ട് ശ്രീ. ഗംഗാധരൻ വിചാരിച്ച കളി നടത്താൻ സൗകര്യമുണ്ട്.

ശ്രീ. എം.പി. ഗംഗാധരൻ: അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റിങ്ങ് കഴിഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റിന്റെ കഥ എന്താണെന്ന് അറിയാമോ? ഞാൻ പറയാം. നമ്മളെല്ലാം പഠിച്ചുവച്ചിട്ടുള്ളത്, ഫെബ്രുവരി മാസത്തിന് 28 ദിവസമാണുള്ളതെന്നാണ്. ലീപ്പ് ഇയറിലെ ഫെബ്രുവരി മാസത്തിന് 29 ദിവസമാണുള്ളത്. ശ്രീ. കരുണാകരൻ ഭരിക്കാൻ തുടങ്ങിയപ്പോൾ ഫെബ്രുവരി മാസത്തിന് 31 ദിവസമാണ് ഉള്ളതെന്ന് നിങ്ങൾക്ക് അറിയാമോ? അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടിലാണ് ആ കാര്യം സൂചിപ്പിച്ചിട്ടുള്ളത്. ദേശീയതൊഴിൽദാന പദ്ധതിയനു

LIBRARY ARCHIVES Kerala Legislative Assembly

സഹിച്ച് സംസ്ഥാനത്തെ ചില ബ്ലോക്കുകളിൽ നടന്ന പണികളെ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് പരിശോധിച്ചുനോക്കിയാൽ ശ്രീ. കരുണാകരൻ ഭരിക്കാൻ തുടങ്ങിയപ്പോഴും ഫെബ്രുവരി മാസത്തിനു 31 ദിവസമായിരിക്കുകയാണ്. അതുപോലെ സെപ്റ്റംബർ മാസത്തിനു 30 ദിവസമാണുള്ളത്എന്നാണ് പഠിച്ചിട്ടുള്ളത്. ഇപ്പോഴും സെപ്റ്റംബർ മാസത്തിൽ 31 ദിവസമാണുള്ളത്. കൺട്രോളർ ആൻറ് ആഡിറ്റർ ജനറലിന്റെ ആഡിറ്റിനു വിധേയമായിക്കൊണ്ടിരിക്കുന്ന സ്ഥാപനങ്ങളിൽ ഇത്തരം വെട്ടിപ്പുകളും നടത്തുമ്പോഴും കണക്കുകളും പരിശോധിക്കുന്നില്ലെന്നു വന്നാൽ എന്തെല്ലാം വെട്ടിപ്പ് ശ്രീ. ഗംഗാധരൻ നടത്തും? അതെക്കുറിച്ചാണ് എനിക്ക് ആശങ്കയുള്ളത്. ഈ ബില്ലിലെ 8—ാം വകുപ്പ് എന്തിനാണ് എഴുതിച്ചേർത്തിരിക്കുന്നത്? ആ വകുപ്പിലെ സ്റ്റാഫിന്റെ നിയമനാധികാരത്തെസംബന്ധിച്ച് പറയുന്ന വകുപ്പാണ്. ആ വകുപ്പ് കൊണ്ടുവന്നിട്ടുള്ളതുതന്നെ അതോറിറ്റി രൂപീകരിക്കുന്നതിനു വേണ്ടി ഇടയാക്കിയ കാര്യങ്ങളും ശരിയായി നടപ്പാക്കുന്നതിനു വേണ്ടിയാണ്. അഴിമതി നടത്താൻ പറ്റിയവരെയാണ് സ്റ്റാഫായി നിയമിച്ചിരിക്കുന്നത്. ശ്രീ. ഭൈരവന്റെ കാര്യം ഇവിടെ പറഞ്ഞു. ഞാൻ അതെക്കുറിച്ച് പറയുന്നില്ല. റിട്ടയർ ചെയ്തവരെയെല്ലാം അവരോധിക്കുന്ന വിശ്രമകേന്ദ്രമെന്നുള്ള നിലയ്ക്ക് വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി ആഫീസ് മാറ്റിയെടുക്കാൻ ശ്രീ. ഗംഗാധരൻ നീക്കം ആരംഭിച്ചിരിക്കുകയാണ്. ഐ.എ.എസ് ഉദ്യോഗസ്ഥൻമാരോട് പറയുന്നത് നിങ്ങളും റിട്ടയർ ചെയ്തുകഴിഞ്ഞാൽ നിങ്ങൾക്ക് മാന്യമായ ജോലി ഈ അതോറിറ്റിയിൽ വേണമെങ്കിൽ ഇപ്പോഴും ഞാൻ പറയുന്നതുപോലെ കേൾക്കണമെന്നാണ്. റിട്ടയർ ചെയ്യാൻപോകുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥൻമാരെ സ്വാധീനിക്കാനുള്ള വേലത്തരംകൂടി ശ്രീ. ഗംഗാധരൻ ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുകയാണ്. എത്ര പോസ്റ്റിങ്ങ് ഈ അതോറിറ്റി നടത്തിയിട്ടുണ്ട്. ക്ലാർക്കുമാരുടേയും ടൈപ്പിസ്റ്റിന്റേയും സ്റ്റെനോഗ്രാഫർമാരുടെയും എല്ലാം നിയമനംനടത്തി. ആയിരക്കണക്കിനു തൊഴിലാളികളെ എച്ച്.ആർ. എന്നുള്ള നിലയ്ക്കും സി.എൽ.ആർ. എന്നുള്ള നിലയ്ക്കും വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയിൽ നിയമിച്ചുകൊണ്ടിരിക്കുകയാണ്. ആയിരക്കണക്കിനു ആളുകളെ എച്ച്.ആർ.ആയും സി.എൽ.ആർ. ആയും നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്? ആരെങ്കിലും യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ? യാതൊരു യോഗ്യതയും നിശ്ചയിക്കാതെ ആണ് വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയിൽ ആയിരക്കണക്കിനു ആളുകളെ നിയമിച്ചുകൊണ്ടിരിക്കുന്നത്. ഓരോ എഞ്ചിനീയറുമാരെ ഓരോ സ്ഥലത്തും നിശ്ചയിച്ചിരിക്കുകയാണ്. ഓരോ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും ഓരോ എഞ്ചിനീയറുമാരെ നിശ്ചയിച്ചിരിക്കുകയാണ്. ട്രാൻസ്ഫർ നടത്താനും പോസ്റ്റിങ്ങ് നടത്താനും ഇതിന്റെയെല്ലാം പേരിൽ അഴിമതി നടക്കുകയാണ്. ഇതിന്റെ നിയമനം പി.എസ്.സി.ക്ക് വിട്ടുകൊടുത്തുകൂടേ? അതിനു എന്താണ് ധൈര്യം കാണിക്കാത്തത്? ഇപ്പോഴും പറയുന്നത് പണ്ടുകാലത്ത് അങ്ങനെ നടത്തിയിട്ടുണ്ട്, അതുകൊണ്ട് ഞങ്ങളും അഴിമതി നടത്തുമെന്നാണ്. പണ്ട് കളവ് നടന്നിട്ടുണ്ട് അതുകൊണ്ട് ഞാനും കക്കുമെന്നാണ് ശ്രീ. ഗംഗാധരന്റെ പുതിയ സിദ്ധാന്തം. കോൺഗ്രസ്സ് 'ഐ'ക്കാർ ശുദ്ധമായ ഭരണത്തെക്കുറിച്ചാണ് പറയുന്നതെങ്കിൽ ഇതെങ്കിലും ഒന്ന് ചെയ്തുകൂടേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.എം. ഹസ്സൻ: മാർക്സിസ്റ്റ് പാർട്ടി അധികാരത്തിലിരുന്ന കാലത്ത് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ശ്രീ. ഇമ്പിച്ചിബാവ സിഗരറ്റ് കവറിൽ നിയമനം നടത്തിയ സ്ഥിതിക്ക് ശ്രീ. ഗംഗാധരൻ ഈ അതോറിറ്റിയുടെ ബുദ്ധിമുട്ട് മനസ്സിലാക്കിയതിനുശേഷം പി.എസ്.സി.ക്ക് നിയമനം വിടുന്നതല്ലേ നല്ലത്? അന്ന് പി.എസ്.സി.ക്ക് വിടണമെന്ന് നിങ്ങൾ എന്താണ് വാദിക്കാതിരുന്നത്? സിഗരറ്റ് കവറിൽ നിയമനം നടത്തിയ കാലത്ത് പാവപ്പെട്ട തൊഴിൽരഹിതരായ ആളുകൾക്ക് തൊഴിൽ കൊടുക്കുന്നതിന് പി.എസ്.സി.ക്ക് നിയമനം വിടണമെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണനെപ്പോലെയുള്ളവർ ആവശ്യപ്പെടാതിരുന്നത് എന്തുകൊണ്ടാണ്?

ശ്രീ. എം.വി. രാഘവൻ: മാർക്സിസ്റ്റു പാർട്ടിയും ഇമ്പിച്ചിബാവയും ഭരിക്കുന്നതിനുമുമ്പ് 1960 മുതൽ സിഗരറ്റ് പാക്കറ്റ് ഇല്ലാതെയാണ് കോൺഗ്രസ്സുകാർ നിയമനം നടത്തിയതെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. ടി.പി. പീതാംബരൻമാസ്റ്റർ: ഇവിടെ പറഞ്ഞ ഉദാഹരണങ്ങളൊക്കെ അതാത് ഡിപ്പാർട്ടുമെന്റിനോട് ശുപാർശചെയ്ത കാര്യങ്ങളാണ്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് നിയമനം നടത്തുന്നതിനെപ്പറ്റിയാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇതിന്റെ നിയമനം പി.എസ്.സി.ക്ക് വിട്ടുകൊടുക്കണം. പി.എസ്.സി.ക്ക് വിട്ടുകൊടുക്കാൻ ശ്രീ. ഗംഗാധരൻ തയ്യാറാവുകയില്ല. അങ്ങനെ വിട്ടുകൊടുത്താൽ ശ്രീ. ഗംഗാധരന്റെ ഈ പണി നടക്കുകയില്ല. അതുകൊണ്ടാണ് വൈമനസ്യം കാണിക്കുന്നത്. വാട്ടർ അതോറിറ്റി വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ പ്രധാന പണി വെള്ളം കൊടുക്കലല്ല, ട്രാൻസ്ഫർ ആന്റ് പോസ്റ്റിങ്ങ് ആന്റ് പൈപ്പ് വാങ്ങലാണ്. അതാണ് അവിടെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അവിടെ നടക്കുന്ന അഴിമതിയെക്കുറിച്ച് ഈ ബില്ലിന്റെ ചർച്ചയിൽ പറയുന്നത് ശരിയല്ല. കോടിക്കണക്കിന് രൂപയുടെ പൈപ്പ് വാങ്ങിച്ചതിനെക്കുറിച്ചും കമ്മീഷൻ വാങ്ങിച്ചതിനെക്കുറിച്ചും ഇവിടെ പറഞ്ഞു. ശ്രീ. ഗംഗാധരൻ ഇന്നലെ ചോദിച്ചു നിങ്ങൾക്ക് ധൈര്യമുണ്ടോ, ആണത്വമുണ്ടോ അന്വേഷണ കമ്മീഷന്റെ മുമ്പിൽ പോകാനെന്ന്. അഴിമതിയാരോപണം അന്വേഷിക്കുന്ന കമ്മീഷന്റെ നടപടിക്രമങ്ങളെ ഞങ്ങൾ അംഗീകരിച്ചിട്ടില്ല. അതിൽ ആവശ്യമായ തരത്തിൽ മാറ്റങ്ങൾ വരുത്തിയാൽ ആ കമ്മീഷന്റെ മുമ്പിൽ പോകാൻ ഞങ്ങൾ തയ്യാറാണ്. ഇന്ന് അഴിമതി നിരോധനകമ്മീഷന്റെ നടപടിക്രമങ്ങൾ അഴിമതി പുറത്തുകൊണ്ടുവരുന്നതിന് സഹായകമല്ലെന്നുള്ളതുകൊണ്ടാണ് ഞങ്ങൾ ആ കമ്മീഷന്റെ മുമ്പിൽ പോകാത്തത്. ശ്രീ. ഗംഗാധരന് എന്ത് അന്വേഷണമായാൽ എന്താണ്? ഈ അന്വേഷണമല്ല ജുഡീഷ്യലന്വേഷണം വന്നാലും ശ്രീ. ഗംഗാധരന് ഒന്നുമില്ല. ശ്രീ. കരുണാകരന്റെ പിന്തുണയുള്ളിടത്തോളം ശ്രീ. ഗംഗാധരന് പേടിക്കേണ്ട കാര്യമില്ല.

പൈപ്പ് വാങ്ങിയതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പറഞ്ഞത് ഇതിന്റെ എല്ലാ ഉത്തരവാദിത്വവും ഞാൻ ഏറ്റെടുക്കുന്നു എന്നാണ്. ശ്രീ. കരുണാകരനെ സ്വാധീനിക്കാൻ വലിയ പ്രയാസമില്ലെന്നാണ് ആളുകൾ പറയുന്നത്. എങ്കിലും അമ്പലത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

നിവേദ്യം കഴിച്ച പ്രസാദവും ചന്ദനവും കൊണ്ടുചെന്നു കൊടുത്താൽ ശ്രീ. കരുണാകരനെ വശത്താക്കാൻ കഴിയുമെന്നാണ് ആളുകൾ പറയുന്നത്. ആദ്യം ശ്രീ. ബാലകൃഷ്ണപിള്ള ശ്രീ. കരുണാകരനെ വശത്താക്കിയതും അങ്ങനെയായിരുന്നു. ശബരിമലയിലെ നിവേദ്യവും ഗുരുവായൂരിലെ നിവേദ്യവുമെല്ലാം കൊടുത്താണ് ശ്രീ. ബാലകൃഷ്ണപിള്ള ആദ്യം കരുണാകരനെ ചാക്കിലാക്കിയത്. എൽ.ഡി.എഫ്. ഗവൺമെൻറിനെ മറിച്ച്, ശ്രീ. ബാലകൃഷ്ണപിള്ള ഗുരുവായൂരിൽ പോയി ഗുരുവായൂരപ്പനോട് പ്രാർത്ഥിച്ചത് എങ്ങനെയെങ്കിലും കരുണാകരൻ മുഖ്യമന്ത്രിയായിക്കണ്ടാൽ മതിയെന്നാണ്. അതു പത്രത്തിൽ വന്നതാണ്.

ശ്രീ. കെ.ഇ. ഇസ്മയിൽ: ശ്രീ. ബാലകൃഷ്ണപിള്ള അദ്ദേഹത്തിന് വീണ്ടും മന്ത്രിയാകണമെന്ന ആഗ്രഹം സഫലീകരിക്കാതെ വരുകയും കേരള കോൺഗ്രസ്സ് കൈയൊഴിയുകയും ചെയ്ത സാഹചര്യത്തിൽ അദ്ദേഹം ഇപ്പോൾ പൈപ്പ് മന്ത്രി ശ്രീ. എം.പി. ഗംഗാധരനെ കണ്ട് രഹസ്യ ചർച്ച നടത്തി തിരിച്ചുവരാനുള്ള ശ്രമം നടത്തുന്ന വിവരം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങനെയൊരു ശ്രമം നടക്കുന്നുണ്ട്. ഞാൻ പറഞ്ഞുവന്നത് ശ്രീ. ബാലകൃഷ്ണപിള്ള ഗുരുവായൂരപ്പന്റെ അടുത്തു പോയി പ്രസാദം വാങ്ങി കരുണാകരനെ സ്വാധീനിച്ച കാര്യമാണ്. അവസാനം ഈശ്വരവിശ്വാസിയായ ശ്രീ. ബാലകൃഷ്ണപിള്ളയെ കരുണാകരൻ കാലുവാരി. ഐ.എ.എസ്. ഉദ്യോഗസ്ഥൻമാരും പ്രസാദം കൊണ്ടുകൊടുത്ത് ശ്രീ. കരുണാകരനെ സ്വാധീനിക്കുന്നുണ്ട്. ശ്രീ. ആർ. രാമചന്ദ്രൻ നായർ പ്രസാദം കൊടുത്തു കൊടുത്ത് കരുണാകരനെ സ്വാധീനിച്ചിട്ട്, അവസാനം 'സംസ്ക്കാര കേരളത്തി'ന്റെ പ്രസിദ്ധീകരണത്തിൽക്കൂടി കരുണാകരനെ പറഞ്ഞു. അതുപോലെ ശ്രീ. ഗംഗാധരനും കരുണാകരനെ പറഞ്ഞിക്കും. അതുകൊണ്ട് ശ്രീ. ഗംഗാധരനെ സൂക്ഷിക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയുവാനുള്ളത്.

ഇവിടെ കുടിവെള്ളത്തിന്റെ പേരിൽ അഭിമാനം കൊള്ളുകയാണ്. വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ രൂപീകരണം പ്രഖ്യാപിച്ചുകൊണ്ട്, ഈ ഗവൺമെൻറ്, ഇത്തരമൊരു അതോറിറ്റി രൂപം കൊണ്ടാൽ എല്ലാപേർക്കും വെള്ളംകിട്ടുമെന്ന് പറഞ്ഞു. പക്ഷേ ഇന്ന് വെള്ളത്തിന്റെ സ്ഥിതി എന്താണ്? ഹരിജൻ കോളനികളിൽ പോലും വെള്ളമില്ല. ഹരിജൻ കോളനികളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ആ പ്രഖ്യാപനങ്ങളെല്ലാം ഇന്ന് അസ്ഥാനത്തായിരിക്കുകയാണ്. ഇവിടെ രാജീവ് ഗാന്ധി വന്നപ്പോൾ ഹരിജനങ്ങൾ ശുദ്ധജലം കുടിക്കുന്ന കാഴ്ച ശ്രീ. എം.പി. ഗംഗാധരൻ കാണിച്ചുകൊടുത്തു. രാജീവ് ഗാന്ധി കേരളത്തിൽ വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കരുണാകരനെ അപമാനിച്ചു. ശ്രീ. കരുണാകരൻ കേരളത്തിന്റെ മുഖ്യമന്ത്രിയല്ലേ? കോൺഗ്രസ്സിൽ ശ്രീ. രാജീവ് ഗാന്ധിയുടെയും ശ്രീ. കരുണാകരന്റെയും പാരമ്പര്യം നോക്കിയാൽ വല്ലതുമുണ്ടോ? നമ്മുടെ മുഖ്യമന്ത്രി കരുണാകരനെ ശ്രീ. രാജീവ് ഗാന്ധി അപമാനിക്കുന്ന ചിത്രം ടെലിവിഷനിൽ കൂടി നമ്മൾ കണ്ടു. ഹരിജനങ്ങളും ആദിവാസികളും കേരളത്തിൽ മാത്രമാണോ ഉള്ളത്? ഹരിജനങ്ങളും ആദിവാസികളും മറ്റ് സംസ്ഥാനങ്ങളിലുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ് (ഐ) ഭരിക്കുന്ന സംസ്ഥാനങ്ങളിൽ അടിമകളെപ്പോലെ കോൺഗ്രസ് (ഐ) മുഖ്യമന്ത്രിമാരെ കണ്ട്, സ്വന്തം ചീപ്പ് പോപ്പുലാരിറ്റിയ്ക്കു വേണ്ടി ഇൻഡ്യൻ പ്രധാനമന്ത്രി നടത്തുന്ന ശ്രമം പരിഹാസ്യമാണ്. ഇതുപോലെ കർണ്ണാടകത്തിലും ബംഗാളിലും, പശ്ചിമബംഗാളിലുമൊക്കെ നമ്മുടെ പ്രധാനമന്ത്രി പോകുമോ? അവിടത്തെ മുഖ്യമന്ത്രിമാരെ ഇങ്ങനെ അപമാനിക്കുമോ? അതിനുള്ള ധൈര്യം കാണിക്കുമോ? നമ്മുടെ നാട്ടിലെ മുഖ്യമന്ത്രിയെന്നു പറഞ്ഞാൽ കേരളത്തിലെ മുഖ്യമന്ത്രിയാണ്. ആ കേരളത്തിലെ മുഖ്യമന്ത്രിയെ കൊച്ചാക്കിക്കാണിക്കാൻ ഇൻഡ്യൻ പ്രധാനമന്ത്രി തയ്യാറായ വസ്തുതയുണ്ട്. കുടിവെള്ളം കുടിക്കുന്നതുകാണാൻ ഗ്രാമങ്ങളിൽ കൊണ്ടുപോയപ്പോഴും, ആദിവാസി കേന്ദ്രത്തിൽ കൊണ്ടുപോയപ്പോഴും അവിടെ ഉണ്ടായ അനുഭവം ഇതാണെന്നു മാത്രമേ എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളൂ.

ഇവിടെ വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി രൂപം കൊണ്ടത് ശുദ്ധജലം കൊടുക്കുന്നതിനാണ്, മലിനജലം ഒഴുക്കിക്കളയുന്നതിനുവേണ്ടിയാണ്. ഇന്ന് അതിനുവേണ്ടി നീക്കിവച്ച പണം ദുർവിനിയോഗം ചെയ്യുന്നു. കൊച്ചിയിലും ഗുരുവായൂരിലും വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ കീഴിൽ അത്യാധുനിക രീതിയിലുള്ള ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്നത് ജനങ്ങൾക്ക് വെള്ളം കൊടുക്കുന്നതിനുള്ള പണം കൊണ്ടാണ്. അഴിമതിയും ഇത്തരം കാര്യങ്ങളും നടത്തുന്നതിനുവേണ്ടി വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി ഇത്ര ധൃതിപിടിച്ച് രൂപീകരിക്കേണ്ട ആവശ്യമുണ്ടായിരുന്നോ? വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി വിദേശ കാറുകൾ വാങ്ങിക്കുന്നു, ഗസ്റ്റ് ഹൗസുകൾ നിർമ്മിക്കുന്നു. ഗസ്റ്റ് ഹൗസുകൾ നിർമ്മിച്ചാൽ ജനങ്ങൾക്ക് വെള്ളം കിട്ടുമോ? വിദേശ കാറുകൾ വാങ്ങിയാൽ ജനങ്ങൾക്ക് വെള്ളം കിട്ടുമോ? വിദേശ കാറുകൾ വാങ്ങി, ഗസ്റ്റ് ഹൗസുകൾ നിർമ്മിച്ച് നമ്മുടെ നാട്ടിൽ വെള്ളം കൊടുക്കാനുള്ള ഒരു പുതിയ പദ്ധതിയാണ് ശ്രീ. ഗംഗാധരൻ ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്നത്.

ശ്രീ. ഹസ്സൻ ഇന്നലെ ബില്ലിൻെറ വശങ്ങളെക്കുറിച്ചെല്ലാം ന്യായീകരിക്കുകയുണ്ടായി. ഇവിടെ എത്രയെത്ര പദ്ധതികളുണ്ടായി? ആ പദ്ധതികളെല്ലാം കണ്ടപ്പോൾ 'പ്രതിപക്ഷത്തിന് കണ്ണുകടി' എന്നാണ് ശ്രീ. ഹസ്സൻ പറഞ്ഞത്. ധാരാളം പദ്ധതികൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. നിരവധി കല്ലുകൾ ഇട്ടിട്ടുണ്ട്. ഒരു ഉദ്ഘാടനത്തിൻെറ കഥ നിങ്ങൾക്ക് കേൾക്കണമോ? പൂഞ്ഞാർ മണ്ഡലത്തിൽ, മേലുകാവ് പഞ്ചായത്ത് ഹരിജനങ്ങളും ഗിരിജനങ്ങളും തിങ്ങിപ്പാർക്കുന്ന സ്ഥലമാണ്. ഹരിജൻ—ഗിരിജൻ വർഷത്തിൽ ആ പഞ്ചായത്തിൽ കുടിനീർ എത്തിച്ചു എന്നാണ് ഗവൺമെൻറ് അഭിമാനിക്കുന്നത്. അവിടെ വെള്ളം കൊടുക്കാൻ തീരുമാനിച്ചു. പാറ തുരന്നു; പൈപ്പ് ഭൂമിക്കടിയിലാക്കി. ഉദ്ഘാടന ദിവസം തീരുമാനിച്ചു. മന്ത്രി ഉദ്ഘാടനത്തിനു പോയി. പക്ഷേ വെള്ളം ഉണ്ടായില്ല. എന്നാൽ ഉദ്യോഗസ്ഥൻമാർ ഒരു പണിചെയ്തു. ആ പഞ്ചായത്തിലെ മലയുടെ മുകളിൽ ആരുടേയും ദൃഷ്ടിയിൽപെടാത്ത ഒരു സ്ഥലത്ത് ഒരു വീപ്പ കൊണ്ടുപോയി സ്ഥാപിച്ചു. തലച്ചുമടായി വെള്ളം കൊണ്ടുപോയി ആ വീപ്പ നിറച്ചു. എന്നിട്ട് ആ വീപ്പയിൽ നിന്ന് പൈപ്പ് ലൈൻ ഉദ്ഘാടന സ്ഥലം വരെ ഇട്ടു. ഒന്നുരണ്ട് ടാപ്പും സ്ഥാപിച്ചു. എന്നിട്ട് ബഹുമാനപ്പെട്ട മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ടാപ്പ് തുറന്നു, വെള്ളം വന്നു; ഉദ്ഘാടനം നിർവ്വഹിച്ചു; മന്ത്രി സ്ഥലം വിട്ടു. മന്ത്രി സ്ഥലംവിട്ടപ്പോൾ വെള്ളവും പോയി.

ശ്രീ. എം.പി. ഗംഗാധരൻ: ഇങ്ങനെ കളവായി പറയാൻ ലീഗ്കാ തോന്നുന്നില്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഉത്തരവാദിത്വബോധത്തോടുകൂടിയാണ് ഞാൻ പറയുന്നത്. പത്രത്തിൽ വാർത്ത വന്നിട്ടുണ്ട്. അത് നിങ്ങൾ നിഷേധിക്കുമോ? ശ്രീ. പി.സി. ജോർജ്ജിനോട് ചോദിച്ചാൽ പറഞ്ഞുതരും. ദേശാഭിമാനി പത്രത്തിൽ വാർത്ത വന്നിട്ടുണ്ട്. മന്ത്രി നിഷേധിച്ചിട്ടില്ല. അതുപോലെതന്നെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ കൊടുത്തതിന്റെ കഥകൾ നിങ്ങൾ ഇവിടെ പറഞ്ഞല്ലോ. ഒരു കഥ നിങ്ങൾക്ക് കേൾക്കണമോ? കോട്ടയം ജില്ലയിൽ തൃക്കൊടിത്താനം എന്ന സ്ഥലത്ത് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതി ബഹുമാനപ്പെട്ട മന്ത്രി ഉദ്ഘാടനം ചെയ്തു.

ശ്രീ. എ.സി. ജോസ്: ദേശാഭിമാനി പത്രത്തിൽ ഇന്നുവരെ വന്നിട്ടുള്ളതും ഇനി വരാനിരിക്കുന്നതുമായ എല്ലാ ആരോപണങ്ങളേയും നിഷേധിച്ചിരിക്കുന്നു. എന്നു പറഞ്ഞാൽ കാര്യം തീർന്നല്ലോ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. എ.സി.ജോസ് ഇത്ര അസഹിഷ്ണുത കാണിക്കേണ്ട കാര്യമില്ല. ഞാൻ ഒരു വാദപ്രതിവാദമാക്കാൻവേണ്ടി പറഞ്ഞതല്ല. തൃക്കൊടിത്താനം എന്ന സ്ഥലത്ത് പൈപ്പ് ലൈൻ എസ്ക്റ്റൻഷൻ സ്കീം മന്ത്രി ഉദ്ഘാടനം ചെയ്തു. എങ്ങനെയാണ്? ഉദ്ഘാടന സ്ഥലത്തിനടുത്തുള്ള ഒരാളിന്റെ കുളിമുറിയിൽ ഒരു വലിയ വീപ്പ വച്ചു. അയാളുടെ കിണറ്റിൽനിന്ന് തെങ്ങിന് മരുന്നു തളിക്കുന്ന പമ്പ് ഉപയോഗിച്ച് വെള്ളം വീപ്പയിൽ കയറ്റി. അവിടെനിന്നും ഉദ്ഘാടന സ്ഥലം വരെ പൈപ്പും ടാപ്പും സ്ഥാപിച്ചു. എന്നിട്ട് ബഹുമാനപ്പെട്ട മന്ത്രി പൈപ്പ് ലൈൻ വലിച്ച് വെള്ളംകൊടുത്തുവെന്ന് അഭിമാനം കൊള്ളുന്നു. പക്ഷേ യഥാർത്ഥത്തിൽ ആ പ്രദേശത്ത് ഉണ്ടാക്കിയ പദ്ധതിയിൽനിന്ന് വെള്ളം കിട്ടിയിട്ടില്ല.

ശ്രീ. സി.എഫ്. തോമസ്: എന്റെ നിയോജകമണ്ഡലത്തിലെ ഒരു സ്ഥലമാണ് തൃക്കൊടിത്താനം പഞ്ചായത്ത്. ഞാൻ ആ ഉദ്ഘാടനച്ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. നാട്ടുകാർ ഒരുപാട് കൂടിയതാണ്. എന്നിട്ട് ഇതുപോലെ സത്യവുമായി യാതൊരു ബന്ധവുമില്ലാത്ത ഇത്തരം പ്രസ്താവനകൾ നടത്തി ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ആർഡറിലാണോ? ബഹുമാനപ്പെട്ട ചെയറിന്റെ റൂളിംഗ് വേണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അവിടെ ഉദ്ഘാടനം നിർവ്വഹിച്ചതിന്റെ പരിഹാസ്യതയാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. മന്ത്രി പോകുന്ന ദിവസം പൈപ്പിൽ വെള്ളമുണ്ടാക്കുന്നതിനുവേണ്ടി ചെയ്ത വൃത്തികേടുകളാണ് ഞാൻ പറഞ്ഞത്. ഇത്തരത്തിലുള്ള ഏർപ്പാടുകൾ, കല്ലിടലിനും ഉദ്ഘാടനത്തിനും വേണ്ടിയുള്ള ഈ വാശി നമ്മുടെ നാട്ടിൽ കുടിവെള്ളം കൊടുക്കുന്നതിനുവേണ്ടി ഉപയോഗിച്ചിരുന്നുവെങ്കിൽ എനിക്ക് പരാതിയില്ലായിരുന്നു. ഇതൊരു തർക്കപ്രശ്നമാക്കാൻവേണ്ടി ഞാൻ പറഞ്ഞതല്ല. ഇത് ഒരു മന്ത്രിക്ക്

LIBRARY ARCHIVES Kerala Legislative Assembly

ചേർന്നതല്ല. ഇത് പരിഹാസ്യമായ പരിപാടിയാണ്. പരിഹാസ്യമായ പദ്ധതി പ്രഖ്യാപിച്ച്, അതിന്റെ പേരിൽ മേനിപറയുന്ന ഈ ഏർപ്പാട് ഈ നാട്ടിന് നല്ലതാണോ?

ഇവിടെ ശ്രീ. താമരാക്ഷൻ പറഞ്ഞു, മന്ത്രിയെ വിമർശിക്കുന്ന എം.എൽ.എ. മാരുടെ നിയോജകമണ്ഡലങ്ങളിലുള്ള പദ്ധതികളും മന്ത്രി റദ്ദാക്കുന്നു എന്ന്. മന്ത്രിയെ വിമർശിക്കുമ്പോൾ ആ വിമർശിക്കുന്നവരുടെ മണ്ഡലങ്ങളിൽ വല്ല പദ്ധതിയുമുണ്ടെങ്കിൽ മന്ത്രി ഇടങ്കോലിടും.

എന്റെ നിയോജകമണ്ഡലത്തിലെ കോടിയേരി വില്ലേജ്, പ്രോബ്ലംസ് വില്ലേജിൽ ഉൾപ്പെടുത്തി ലോകബാങ്കിന്റെ സഹായത്തിന് അംഗീകാരം കൊടുത്തു. അങ്ങനെ ആ പദ്ധതിക്ക് അംഗീകാരം കിട്ടി ടെണ്ടർ വിളിക്കേണ്ട സ്റ്റേറ്റിൽ എത്തിയപ്പോൾ ശ്രീ. ഗംഗാധരൻ പറയുകയാണ് ഇങ്ങനെയൊക്കെ പറഞ്ഞ നിങ്ങൾക്കൊക്കെ പദ്ധതിയോ, നിങ്ങൾ പൈപ്പിനുവേണ്ടി മുറവിളി കൂട്ട്; നിങ്ങൾ പൈപ്പിനുവേണ്ടി പറയൂ, എന്നിട്ട് പൈപ്പ് തരാം എന്ന്. ഇത്രമാത്രം നാണംകെട്ട ഒരു നടപടി സ്വീകരിക്കുന്ന മന്ത്രി വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ ചെയർമാനായിത്തീർന്നാൽ ജനങ്ങൾക്ക് വെള്ളം കിട്ടുമോ? ജനാധിപത്യ വിരുദ്ധമായ രീതിയിൽ മന്ത്രി ചെയർമാനായിരിക്കുന്ന ഈ അതോറിറ്റിക്കുവേണ്ടിയുള്ള ബിൽ പാസ്സാക്കിയെടുത്താൽ ജനങ്ങൾക്കു കുടിവെള്ളം കിട്ടാൻ പോകുന്നില്ല. തലശ്ശേരിയിലെ ജനങ്ങൾ ശുദ്ധജലത്തിനുവേണ്ടിയുള്ള കരച്ചിൽ തുടങ്ങിയിട്ട് എത്രനാളായി? തലശ്ശേരി—കണ്ണൂർ പ്രദേശങ്ങളിൽ ശുദ്ധജലം കിട്ടുന്നില്ല. കണ്ണൂരിലെ മെമ്പറായ ഭാസ്കരേട്ടന്റെ ദീനരോദനം (വെള്ളത്തിനുവേണ്ടി) ഈ സഭയിൽ എത്രനാൾ കേട്ടു? അദ്ദേഹം ഭരണകക്ഷിയിലെ മെമ്പറാണ്. പ്രതിപക്ഷത്തുള്ളവർ പറഞ്ഞാൽ വിരോധംകൊണ്ട് പറയുന്നതാണെന്ന് നിങ്ങൾ പറയും. എന്നാൽ ഭരണകക്ഷിയിലെ എം.എൽ.എ.മാർപോലും കുടിവെള്ളം കിട്ടാത്തതിന്റെ പ്രശ്നം ഈ നിയമസഭയിൽ ഉന്നയിച്ചിട്ടുണ്ട്. ഇവിടെ വെള്ളത്തിന്റെ വില വർദ്ധിപ്പിച്ച്, കുടിവെള്ളം മുട്ടിച്ച് പദ്ധതി നടപ്പാക്കാൻ പുറപ്പെടുന്നതിനുവേണ്ടിയുള്ള ഒരു ബില്ലാണ് വാട്ടർ ആൻറ് വേസ്റ്റ് വാട്ടർഅതോറിറ്റി ബിൽ എന്നുള്ളനിലയിൽ മന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബിൽ നിയമമായിക്കഴിഞ്ഞാൽ യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നത് കേരളത്തിലെ ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കുകയെന്നുള്ളതും മലിനജലം ഒഴുക്കി മാറ്റുകയെന്നുള്ളതുമാണെങ്കിൽ അത് ഇന്നത്തെ ഈ ബിൽകൊണ്ട് സാദ്ധ്യമല്ല. ഇത് ശ്രീ. ഗംഗാധരനു അഴിമതി നടത്താൻ, കോൺഗ്രസ് (ഐ)കാർക്കു തട്ടിവിഴുങ്ങാൻ ഉണ്ടാക്കിയിട്ടുള്ള ഒരേർപ്പാടാണ്. ഭരണകക്ഷിയിലെ മറ്റു ആളുകൾക്കൊന്നും ഇതിൽ പങ്കില്ല. ഭരണകക്ഷിയിലെ മറ്റു പാർട്ടിക്കാരെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. ഇത് ഗംഗാധരന്റെ ഏർപ്പാടാണ്. മുസ്ലീം ലീഗിലെ നഹാ സാഹിബ്ബിനെ ഒന്നിനും കൊള്ളാത്തയാളാക്കിവച്ചുകൊണ്ടാണ് ഈ വകുപ്പ് ഉണ്ടാക്കിയത്. സുന്ദരം സ്വാമിയെ വെട്ടിയിട്ടാണ് ഈ വകുപ്പ് ഉണ്ടാക്കിയത്. ഗംഗാധരൻ എന്തു വൃത്തികേടും കാണിക്കും. വൃത്തികേടുകൾ കാണിച്ചിട്ട് ഇതിന്റെ ചെയർമാനായിരിക്കുന്നതിനുള്ള ഒരേർപ്പാടാണ് ഈ ബിൽ. അതുകൊണ്ട് ഈ ബിൽ നമ്മൾ വളരെ ലാഘവബുദ്ധിയോടുകൂടി പാസ്സാക്കിയെടുക്കരുത്. ഇതിന്റെ നാനാ

LIBRARY ARCHIVES Kerala Legislative Assembly

വിധമായ പ്രശ്നങ്ങളും ചർച്ചചെയ്യാനുള്ള അവസരം ഉണ്ടാകണം. ജീവനക്കാരുടെ സംഘടനകൾക്ക് പറയാനുള്ളത് കേൾക്കണം, പൊതു ജനങ്ങൾക്ക് പറയാനുള്ളത് കേൾക്കണം. മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും പറയാനുള്ളത് കേൾക്കണം. ഇതി നെല്ലാം സഹായകമായ വിധത്തിൽ ഈ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനുവേണ്ടി സർക്കുലേറ്റ് ചെയ്യണമെന്ന് ഞാനഭ്യർത്ഥി ക്കുന്നു.

ശ്രീ. വി.എസ്. ചന്ദ്രശേഖരൻ പിള്ള: സർ, വളരെ പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണം എന്നനിലയ്ക്ക് നിശ്ചയമായും ഈ ബിൽ പാസ്സാക്കി എടുക്കുന്നതിനുമുമ്പ് പൊതുജനാഭിപ്രായത്തിന് വിടണ മെന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. ഈ അതോറിറ്റിയുടെ രൂപീകരണത്തെ സംബന്ധിച്ചും നിയമസാധുതയെ സംബന്ധിച്ചു മെല്ലാം ഈ നിയമസഭാതലത്തിൽതന്നെ വളരെയധികം ഒച്ചപ്പാടുകളും ഉണ്ടായതാണ്, വാദകോലാഹലങ്ങളും ഉണ്ടായതാണ്. യഥാർത്ഥത്തിൽ നിയമസഭാവേദിയേയും നിയമസഭാ ചട്ടങ്ങളേയും മലിനമാക്കി ക്കൊണ്ടാണ് ഈ അധികാരസ്ഥാനത്തിന്റെ ആവിർഭാവംതന്നെ. നിയമവിരുദ്ധമായ അഴിമതിയുടേയും സ്വജനപക്ഷപാതത്തിന്റെയും ആസ്ഥാനമായിരിക്കുന്ന ജല—മലിനജല അതോറിറ്റിയെ നിയമാ ധിഷ്ഠിതമാക്കാനുള്ള ഒരു ബില്ലാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ഈ നിയമനിർമ്മാണം നടത്തുമ്പോൾ വളരെ ഗൗരവമായ ചർച്ചകളിലേയ്ക്ക്, ഇതിന്റെ നാനാവശങ്ങളിലേയ്ക്ക് പൊതുജനങ്ങൾക്ക് അടക്കം ശ്രദ്ധിക്കുന്നതി നാവശ്യമായ രീതിയിലുള്ള സാവകാശം ലഭിക്കേണ്ടത് അത്യാവശ്യ മാണ്.

ഈ അതോറിറ്റി രൂപീകരിച്ച കാലഘട്ടത്തിൽ നടന്ന നിയമനങ്ങളെ സംബന്ധിച്ച് വളരെയധികം ആക്ഷേപങ്ങളും ഉണ്ടായതാണ്. ഈ നിയമനങ്ങളിൽ നല്ലൊരു ഭാഗവും ഉദ്യോഗ കാലാവധി കഴിഞ്ഞ് പെൻഷൻപറ്റി വേസ്റ്റ് ആയവർക്കാണ് കൊടുത്തിട്ടുള്ളത്. ഇങ്ങനെ യുള്ളവരാണ് എം.ഡി. മുതലുള്ള പല തസ്തികകളിലും നിയമിച്ചിട്ടുള്ളതെന്ന് വ്യാപകമായ ആക്ഷേപം വന്നതാണ്. അന്ന് നിയമിച്ച എം.ഡി. പെൻഷൻപറ്റിപ്പിരിഞ്ഞ ഒരാളാണ്. അതുപോലെതന്നെ പബ്ലിക് റിലേഷൻസ് ആഫീസറായി അന്ന് നിശ്ചയിച്ചത് ബഹുമാനപ്പെട്ട മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ഒരാളെയായിരുന്നു. പ്രധാനമായും പബ്ലിക് റിലേഷൻസ് ഓഫീസറായി വരുന്നത് പബ്ലിക്കുമായി നല്ല രീതിയിൽ ബന്ധപ്പെടാൻ പറ്റുന്ന ഒരാളായിരിക്കണം, എങ്കിലേ കാര്യങ്ങളും നടക്കൂ. പക്ഷെ ജനങ്ങളുമായി എപ്പോഴും ബന്ധപ്പെടുന്ന ആളുകളും പബ്ലിക് റിലേഷൻസ് ഓഫീ സറായി ഇരുന്നാൽ ''പല കാര്യങ്ങളും'' നടക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയപുമില്ല. ഈ അതോറിറ്റിയുടെ സെക്രട്ടറിയായി അന്ന് നിശ്ചയിച്ചത് ബഹുമാനപ്പെട്ട മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയെയാണ്. അദ്ദേഹത്തെ എടുക്കാനുള്ള പരിശ്ര മങ്ങളും നടന്നു. എങ്കിൽപോലും കോടതി അത് അനുവദിക്കാതിരുന്ന തുകൊണ്ട് ആ പരിശ്രമത്തിൽനിന്ന് വിട്ടുമാറേണ്ട ഒരു സ്ഥിതി വിശേഷം ഉണ്ടായി. ബഹുമാനപ്പെട്ട മന്ത്രി, ചെയർമാന്റെ പേഴ്സണൽ അസിസ്റ്റന്റായി അദ്ദേഹത്തെ നിശ്ചയിച്ചു. ചെയർമാനാണെങ്കിൽ നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിതന്നെ. അ

LIBRARY ARCHIVES Kerala Legislative Assembly

അപ്പോഴാ സൃഷ്ടി, സ്ഥിതി, സംഹാരം ഈ പ്രക്രിയകളെല്ലാംതന്നെ, സാക്ഷാൽ പരമശിവന്റെ പര്യായമായ നമ്മുടെ മന്ത്രി ഗംഗാധരന്റെ കൈയിൽ ഭദ്രമായിരിക്കുകയാണ്.

മറ്റു ജീവനക്കാരുടെ നിയമനത്തെസംബന്ധിച്ച് ഇവിടെ പറഞ്ഞു. ലോവർ ഡിവിഷൻ ക്ലാർക്ക്, പ്യൂൺ, ടൈപ്പിസ്റ്റ് ഇവരെല്ലാംതന്നെ നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലെ ആളുകളും മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലെ ആളുകളും അതിനുപരി ഇന്ദിരാ കോൺഗ്രസ്സിന്റെ പാർശ്വവർത്തികളും ഒക്കെയാണ്. അവിടെ നിയമനം നൽകി. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അറിയിച്ചത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നു നിയമനം നടത്തി എന്നാണ്. ഇത് യഥാർത്ഥത്തിൽ സത്യവിരുദ്ധമായ ഒരു പ്രസ്താവനയാണ്. ഇന്റർവ്യൂ നടക്കുന്നതിന്റെ തൊട്ടു തലേദിവസമാണ് മന്ത്രിയുടെ അന്തേവാസികളല്ലാത്ത ഉദ്യോഗാർത്ഥികൾക്ക് അറിയിപ്പ് നൽകിയത്. ഈ അറിയിപ്പ് നൽകിയതിനെക്കുറിച്ച് ബഹുമാനപ്പെട്ട പല മെമ്പർമാരും ഇവിടെ സൂചിപ്പിച്ചു. എത്ര കൃത്യനിഷ്ഠയാണ് പാലിച്ചിട്ടുള്ളതെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. പല പത്രങ്ങളിലും ഇതിനെസംബന്ധിച്ച് വാർത്ത വന്നതാണ്. പോസ്റ്റ് ബോക്സ് നമ്പർ മുഖേനയാണ് പരസ്യം നടത്തിയത്. ഇങ്ങനെ പോസ്റ്റ് ബോക്സ് നമ്പർ മുഖേന പരസ്യപ്പെടുത്തി ഏതെങ്കിലും ഒരു പൊതുമേഖലാ സ്ഥാപനത്തിൽ നിയമനം നടത്തിയിട്ടുണ്ടോ? ചരിത്രത്തിലാദ്യമായിട്ടല്ലേ ഇത്. ഒരുപക്ഷേ ഇതിനുസമാനമായി പറയാൻ തൊഴിൽവകുപ്പ് കാണും. തൊഴിൽ വകുപ്പിൽ ഇതുപോലെ ചില കാര്യങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ അടുത്തകാലത്ത് ചുമട്ടുതൊഴിലാളി നിയമം പല പ്രധാനപ്പെട്ട ടൗണുകളിലും പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ തൊഴിൽവകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായി. തൃശ്ശൂരിൽ ഈ അടുത്തകാലത്ത് ചുമട്ടുതൊഴിലാളി നിയമം പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഈ രംഗത്തും കുറെ ആളുകളെ നിയമിച്ചിട്ടുണ്ട്, ഏകദേശം പത്തറുപത് പേരെയോളം നിയമിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുമല്ല, പി.എസ്.സി.യിൽ നിന്നുമല്ല ഇവരെ നിയമിച്ചത്. ഇഷ്ടംപോലെ കുറെ ആളുകളെ ജീവനക്കാരായി അവിടെ നിയമിച്ചു. യാതൊരു തത്വദീക്ഷയുമില്ലാതെയാണ് നിയമനങ്ങൾ നടത്തിയിരിക്കുന്നതെന്നുള്ളതാണ് യാഥാർത്ഥ്യം. റിട്ടയേർഡ് ഹാൻഡ്സിനെയാണ് അവിടെയും ഉപയോഗിച്ചത്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി ഒരാളെ നിയമിച്ചിട്ടുണ്ട്. നിശ്ചയമായും ഇതുപോലുള്ള തസ്തികകൾ കൈയാളേണ്ടത് സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ആളായിരിക്കണം. സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ആളെയാണോ നിശ്ചയിച്ചിട്ടുള്ളതെന്ന് എനിക്ക് സംശയമുണ്ട്. അതും ഒരു റിട്ടയേർഡ് ഹാൻഡിനെയാണ് നിയമിച്ചിട്ടുള്ളത്. ഞാൻ ഇത് പറയാൻ കാരണം ഇനിയും ചില വകുപ്പുകളിൽ ഇതുപോലുള്ള ചില അധികാരസ്ഥാനങ്ങൾ ഉണ്ടാക്കി അവിടെ ഒരു തത്വദീക്ഷയുമില്ലാതെ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കാനുള്ള ബോധപൂർവ്വമായ പരിശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് ചൂണ്ടിക്കാണിക്കാനാണ്. പെൻഷൻ പറ്റിപ്പിരിഞ്ഞവരുടെ സാങ്കേതിക വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തണോ ഇത്? ഒരുപക്ഷേ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള പല

LIBRARY ARCHIVES Kerala Legislative Assembly

ആളുകളും ഈ പെൻഷൻ പറ്റി പിരിഞ്ഞ ആളുകളുടെ കൂട്ടത്തിൽ കണ്ടേക്കാം; ഇല്ല എന്നുഞാൻ പറയുന്നില്ല. എന്തായാലും ശരി സാങ്കേതിക വൈദഗ്ദ്ധ്യമില്ലാത്ത ആളുകളെ വിശേഷിച്ചും പിരിഞ്ഞു പോയ ആളുകളെയൊക്കെ, പല സ്ഥാനങ്ങളിലും നിയമിച്ച് യഥാർത്ഥത്തിൽ അവരുടെ സേവനമല്ല ലക്ഷ്യമാക്കിയിട്ടുള്ളത്, അവരെക്കൊണ്ട് ശരിയായ പിരിവു നടത്തുകയാണ് ലക്ഷ്യമാക്കിയിട്ടുള്ളതെന്നതിൽ യാതൊരു സംശയവുമില്ല. മാനേജിംഗ് ഡയറക്ടർ ഒരു എഞ്ചിനീയറായതുകൊണ്ട് മാത്രം പ്രശ്നത്തിന് പരിഹാരമാകില്ല. നേരെമറിച്ച് ഈ അതോറിറ്റിയുടെ പ്രവർത്തനമേഖലയിലെ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ചും പഠിക്കാനും മനസ്സിലാക്കാനും കഴിവുള്ള സാങ്കേതിക വിദഗ്ദ്ധൻ തന്നെയായിരിക്കണം. അതോടൊപ്പം ഭരണപരമായ കാര്യങ്ങളിലും അറിവുണ്ടായിരിക്കണം. ചെയർമാൻ മന്ത്രിയായിരിക്കണമെന്ന് നിർബന്ധിക്കുന്നതിന് എന്ത് അർത്ഥമാണുള്ളതെന്ന് എനിക്കുമനസ്സിലാകുന്നില്ല. ചെയർമാൻ മന്ത്രിയല്ലെങ്കിൽ കാര്യക്ഷമത ഇല്ല എന്നാണോ? മാനേജിംഗ് ഡയറക്ടറെപോലെ ഈ സ്ഥാനത്തിന് യോഗ്യതയും അർഹതയും ഉള്ള ആരെയെങ്കിലും നിയമിച്ചാൽ എന്തെങ്കിലും അപകടം ഉണ്ടാകുമോ? യാതൊരു കാരണവശാലും അപകടം ഉണ്ടാകില്ലെന്ന വിശ്വാസക്കാരനാണ് ഞാൻ. എത്രയോ പൊതുമേഖലാ സ്ഥാപനങ്ങളിൽ മന്ത്രിയല്ലാത്തവർ ചെയർമാൻമാരായിരിക്കുന്നു?

ഇന്നലെ ശ്രീ. ഹസ്സൻ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു, 'ഇഷ്ടമില്ലാത്തച്ചി തൊട്ടതെല്ലാം കുറ്റം' എന്ന രീതിയിലാണ് മന്ത്രിക്കു നേരേ പ്രതിപക്ഷം വിമർശനങ്ങൾ ഉന്നയിക്കുന്നതെന്ന്. അതു ശരിയല്ല. പ്രതിപക്ഷം ചില വിമർശനങ്ങൾ ഉന്നയിച്ചിട്ടുള്ളത് ഇത:പര്യന്തമുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ്. ബഹുമാനപ്പെട്ട ഹസ്സൻ ബഹുമാനപ്പെട്ട മന്ത്രിയുടെ എല്ലാ ചെയ്തികളേയും അനുകൂലിക്കാൻ ബാദ്ധ്യതയുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം; അദ്ദേഹത്തെ പുകഴ്ത്തിയേ മതിയാകൂ എന്ന് എല്ലാവർക്കും അറിയാം. ആരും അതിൽ അത്ഭുതപ്പെടേണ്ട കാര്യമില്ല. എന്നാൽ ശ്രീ. ഹസ്സൻ പ്രസംഗിക്കുകയും മന്ത്രിയെ വാനോളം പുകഴ്ത്തുകയും ചെയ്തതു കേട്ടപ്പോൾ യഥാർത്ഥത്തിൽ പ്രതിപക്ഷത്തിന്റെ വിമർശനം കൂടുതൽ അർത്ഥവത്തായിരിക്കുന്നു എന്നാണ് തോന്നിയത്. സാധാരണയായി നാട്ടിൽ ഒരു പറച്ചിൽ ഉണ്ട്, 'മണ്ടച്ചിക്ക് മരനായർ' എന്ന്. അതേ തരത്തിലുള്ള പുകഴ്ത്തലുകളും ന്യായീകരണങ്ങളുമാണ് ഹസ്സൻ നടത്തിയത്. അദ്ദേഹം പറഞ്ഞത്, 'ശ്രീ. ഗംഗാധരൻ എക്കാലവും ഇവിടെയിരുന്നു ഭരിക്കുവാനാണ് അതോറിറ്റിയുടെ ചെയർമാൻ സ്ഥാനം ഏറെറടുത്തിരിക്കുന്നത്, എന്നാണ് പ്രതിപക്ഷം ധരിച്ചിരിക്കുന്നത്. അതുകൊണ്ടാണ് എതിർക്കുന്നത് എന്നാണ്. അതു ഞങ്ങളുടെ അഭിപ്രായമല്ല. അത്തരത്തിലുള്ള അഭിപ്രായ പ്രകടനങ്ങൾ ഒന്നും ആരും നടത്തിയിട്ടില്ല. ഇവിടെ പല ഭരണവും നമ്മൾ കണ്ടിട്ടുണ്ട്. ഈ ഭരണവും നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. എന്തൊക്കെയാണ് ഇവിടെ നടക്കുന്നത് എന്നുള്ളത് എല്ലാവർക്കും അറിയാം. ആരോ പറഞ്ഞതുപോലെ, 'ചിലരിഹപലനാളുകൾ ഭരിക്കും ചിലരുടനെ നിജ ''നാക്കിനാൽ'' തെറിക്കും'. ഇതൊക്കെയല്ലേ നടന്നത്? ഞങ്ങളുടെ വല്ല കുറ്റവും കൊണ്ടാണോ? നാക്കിന്റെ ദോഷമല്ലേ? അത്തരത്തിലുള്ള പല സംഭവങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ 'പതനം ഏവനും എപ്പോഴും വരാമെന്നിരി

LIBRARY ARCHIVES Kerala Legislative Assembly

ഭവാൻ' എന്നതല്ലേ അനുഭവം? ബഹുമാന്യപ്പെട്ട ഹസ്സൻ അതു മനസ്സിലാക്കേണ്ടതാണ്. ഏതവസരത്തിലും എപ്പോഴും ആർക്കും നിലംപതിക്കാൻ സാദ്ധ്യതയുള്ള ഒരു സാഹചര്യമാണ് നമ്മുടെ രാഷ്ട്രീയത്തിൽ നിലനിൽക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ശ്രീ എം.പി. ഗംഗാധരൻ എക്കാലവും അധികാരത്തിലിരുന്ന് ഈ അതോറിറ്റിയുടെ ഭരണം നടത്തും എന്നുള്ളതിന്റെ അടിസ്ഥാനത്തിലൊന്നുമല്ല ഞങ്ങളാരും വിമർശനങ്ങൾ നടത്തുന്നത്. ഇതൊക്കെയഥാർത്ഥത്തിൽ നാട്ടുകാരെ തെറ്റിദ്ധരിപ്പിക്കാനുള്ള വ്യാഖ്യാനങ്ങളാണ്. പിന്നെ പറയുന്നത് എന്താണ്? ''പ്രഗൽഭരായ പല ആളുകളും ഇവിടെ ഭരിച്ചിട്ടുണ്ട്, അച്യുതമേനോൻ, പി.കെ. വാസുദേവൻനായർ, എ.കെ. ആന്റണി, നായനാർ തുടങ്ങിയവരൊക്കെ ഇവിടെ ഭരിച്ചപ്പോഴും ഇങ്ങനെ ഒരു പദ്ധതി ആസൂത്രണം ചെയ്തു നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം.പി. ഗംഗാധരനു മാത്രമാണ് ഇതിന് കഴിഞ്ഞിട്ടുള്ളത്, അതിൽ നിങ്ങൾ എന്തിനാണ് അസൂയപ്പെടുന്നത്'' എന്ന് ഒരു ചോദ്യവും ഇവിടെ ചോദിച്ചുകേട്ടു. ആ തരത്തിലുള്ള അസൂയയൊന്നും ഞങ്ങൾക്കില്ല. വീണ്ടും ശ്രീ. ഹസ്സൻ പറഞ്ഞത് ശ്രീമതി ഇന്ദിരാഗാന്ധിയുടെ ഇരുപതിനപരിപാടിയിലെ പ്രധാനപ്പെട്ട ഒരു ഇനമായ ശുദ്ധജലവിതരണം നാട്ടിൽ എല്ലായിടത്തും സുലഭമാക്കുക എന്നുള്ള ലക്ഷ്യം കൈവരിക്കാൻ ഉള്ള നടപടിയാണ് ബഹുമാനപ്പെട്ട മന്ത്രി കൈക്കൊണ്ടിരിക്കുന്നത് എന്നാണ്. അതിനാണെങ്കിൽ നല്ല കാര്യമാണ്. ബഹുമാനപ്പെട്ട ഹസ്സൻ, ഗ്രാമീണ ജനതയ്ക്ക് ശുദ്ധജലം എത്തിച്ചുകൊടുക്കുന്നതിനുള്ള ഉൽക്കടമായ ആഗ്രഹമോ അഭിവാഞ്ഛയോ അല്ല ബഹുമാന്യപ്പെട്ട മന്ത്രിയെ ഇത്തരത്തിലുള്ള ബോർഡ് രൂപീകരിക്കാൻ പ്രേരിപ്പിച്ചിട്ടുള്ളത്. യാഥാർത്ഥ്യം എന്താണ്? 'കാക്കയും വന്നു പനമ്പഴവും വീണു' എന്നൊരു പഴഞ്ചൊല്ലുണ്ട്. അതുപോലെ ബഹുമാനപ്പെട്ട ഗംഗാധരൻ ഇറിഗേഷൻ വകുപ്പുമന്ത്രിയായി വന്നു, അദ്ദേഹത്തിന്റെ നല്ലകാലംകൊണ്ട് കേരളത്തിൽ അതിരൂക്ഷമായ വരൾച്ചയും വന്നു. ഇതല്ലേ യാഥാർത്ഥ്യം? അതല്ലെങ്കിൽ ഈ അതോറിറ്റി രൂപീകരിക്കുമോ? ഈ അതോറിറ്റിയുടെ രൂപീകരണമൊന്നും നടക്കാൻ പോകുന്നില്ല. അപ്പോഴം ചുരുക്കിപ്പറഞ്ഞാൽ ശ്രീ. ഗംഗാധരന്റെ നക്ഷത്രഫലം കൊള്ളാം. ഇത്ര ധൃതിയിൽ ഇത്തരത്തിലുള്ള ഒരു അതോറിറ്റി രൂപീകരിക്കുന്നത് നിശ്ചയമായും ശരിയല്ല.

ഇതിലെ നിയമനങ്ങളെ സംബന്ധിച്ചും അതുപോലെ ചെയർമാൻ സ്ഥാനത്തെ സംബന്ധിച്ചുമൊക്കെ രൂക്ഷമായ വിമർശനങ്ങൾ ഈ നിയമസഭാതലത്തിൽ മാത്രമല്ല ബഹുജനങ്ങളുടെ ഇടയിലും ഉണ്ട്. അതുകൊണ്ടാണ് ഈ നിയമനിർമ്മാണം പൂർത്തീകരിക്കുന്നതിനു മുൻപ് ബഹുജനങ്ങളുടെ അഭിപ്രായത്തിനുവിടണം എന്ന് ആവശ്യപ്പെടുന്നത്. നിയമനത്തെ സംബന്ധിച്ച് പല ബഹുമാനപ്പെട്ട മെമ്പർമാരും ഇവിടെ സൂചിപ്പിച്ചു. ആ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടണം. പി.എസ്.സി.ക്ക് വിട്ടുകൊടുക്കുന്നതിനുള്ള സൗമനസ്യം ബഹുമാനപ്പെട്ട മന്ത്രി കാണിക്കണമെന്ന് ആവശ്യപ്പെടുകയാണ്. ഈ കാര്യം പറയുമ്പോൾ ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകം ഓർമ്മിപ്പിക്കാൻ ഉണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയിലും അതുപോലെതന്നെ ഗവൺമെന്റിന്റെ പ്രഖ്യാപനത്തിലും പറഞ്ഞിട്ടുള്ളത് പബ്ലിക് ഹെൽത്ത്

LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറിന്റെ തുടർച്ച എന്ന നിലയിലാണ് വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി രൂപംകൊണ്ട് പ്രവർത്തിക്കുന്നത്, എന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരുകാര്യം— പ്രത്യേകം പറയാൻ ഞാനാഗ്രഹിക്കുന്നു. പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറിൽ അസിസ്റ്റൻറ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് നിയമിക്കുന്നതിനുവേണ്ടി നിശ്ചിതമായ എഴുത്തുപരീക്ഷ പാസ്സായവരുടേതായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. 16–11–1983–ൽ ആ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ആ ഡിപ്പാർട്ടുമെൻറിൽ നിലവിലുള്ളതും ഉണ്ടായേക്കാവുന്നതുമായ ഒഴിവുകൾ നികത്തുന്നതിനു വേണ്ടിയാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. അതിന്റെ കാലാവധി 16–5–1986–വരെയാണ്. ഇതിനിടെ പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറ് വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി എന്ന നിലയിലേയ്ക്ക് മാറി. ഈ അതോറിറ്റി ഡിപ്പാർട്ടുമെൻറിന്റെ തുടർച്ചയായിരിക്കും എന്നും നിയമനങ്ങളും മറ്റും മുൻപത്തെപോലെതന്നെ തുടരും എന്നും വ്യക്തമാക്കിയിരുന്നു. അതനുസരിച്ച് ഈ അതോറിറ്റിയിലുള്ള അസിസ്റ്റൻറ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നിലവിലുള്ള പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റിൽനിന്നും നികത്തേണ്ടതാണ്. 16–11–1983–ൽ പ്രസിദ്ധീകരിച്ച ലിസ്റ്റിൽനിന്നും കുറേപ്പേരെ നിയമിച്ചതിനുശേഷം ബാക്കിയുള്ള ആളുകളെ ഇതുവരേയും നിയമിച്ചിട്ടില്ല. അവർ കോടതിയുമായി ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കുറേ ആളുകളെ നിയമിക്കേണ്ട സ്ഥിതി വിശേഷം ഉണ്ടായി. ബാക്കിയുള്ള ആളുകളെ, അതായത് ലിസ്റ്റിൽ അവശേഷിച്ചിരിക്കുന്ന ആളുകളെ, നിശ്ചയമായും പി.എസ്.സി. ലിസ്റ്റിലെ ക്രമമനുസരിച്ച് ഈ അതോറിറ്റിയിൽ നിയമിക്കണമെന്നാണ് എനിക്കു പ്രധാനമായും പറയാനുള്ളത്.

അതുപോലെതന്നെ പട്ടികജാതി, പട്ടികവർഗ്ഗക്കാരിൽനിന്നും അസിസ്റ്റൻറ് എഞ്ചിനീയർമാരെ നിയമിക്കുന്നതിനുവേണ്ടി ഡിപ്പാർട്ടുമെൻറ് പി.എസ്.സി.ക്ക് എഴുതിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ വളരെ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. പി.എസ്.സി.യുടെ അഡ്വൈസ്ഡ് ലിസ്റ്റിൽനിന്നും ഈ ആളുകളെ നിയമിക്കേണ്ടതാണ് എന്ന്. 1986–ൽ അഡ്വൈസ് ചെയ്ത കാലാവധി അവസാനിക്കുന്നതിനു മുൻപായി പി.എസ്.സി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അസിസ്റ്റൻറ് എഞ്ചിനീയർമാരെ നിയമിക്കുന്നതിന് ആവശ്യമായ രീതിയിലുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി കൈക്കൊള്ളണമെന്നാണ് പ്രധാനമായും എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

സർ, ഈ ബില്ലിന്റെ നാനാവശങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഒന്നുരണ്ട് പ്രസക്തങ്ങളായ കാര്യങ്ങൾ മാത്രം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താൻ ആഗ്രഹിക്കുകയാണ്. കേരളാ വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ ബില്ലിൽ സെക്ഷൻ പതിനഞ്ചിൽ എട്ടാം ഉപവകുപ്പ് പറയുന്നതിതാണ്:

Powers of the Authority: To grant loans and advances to such persons or authorities as the Authority may deem necessary for performing the functions under this Act; ഇതിൻപ്രകാരം ലോണോ അഡ്വാൻസോ അനുവദിക്കുന്നത് അതോറിറ്റിക്ക് ആവശ്യമെന്നുതോന്നിയാൽ ആർക്കും

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ചു കൊടുക്കാം എന്നുള്ളതാണ്. എന്നു പറഞ്ഞാൽ ഈ അധികാരം വച്ചുകൊണ്ട് ഏതു തരത്തിലും ആർക്കും ലോണോ അഡ്വാൻസോ നൽകുന്നതിന് ഈ അതോറിറ്റിക്ക് അധികാരമുണ്ട് എന്നാണ്. അതിന്റെ മുൻവകുപ്പിൽ പറഞ്ഞിരിക്കുന്നത് ഇരുപത്തി യഞ്ചുലക്ഷം രൂപ വരെ ഈ തരത്തിൽ ലോണായോ അഡ്വാൻസായോ കൊടുക്കാൻ ഈ അതോറിറ്റിക്ക് പൂർണ്ണമായും അധികാരവും അവകാ ശവും ഉണ്ടെന്നാണ്. നിശ്ചയമായും 25 ലക്ഷം രൂപ വരെ ലോണായോ അഡ്വാൻസായോ, ആർക്കും കൊടുക്കാനുള്ള അതോറിറ്റിയുടെ അധികാരം ദുർവിനിയോഗം ചെയ്യപ്പെടുമെന്നുള്ളകാര്യത്തിൽ യാതൊരു സംശയവും ഇല്ല. ആ ഉപവകുപ്പിൽ ആവശ്യമായ ഭേദഗതികൾ വരുത്ത ണമെന്നാണ് എനിക്കു ബഹുമാനപ്പെട്ട മന്ത്രിയോട് നിർദ്ദേശിക്കാ നുള്ളത്.

അതുപോലെ 9-ാം വകുപ്പിൽ 15 (ix):—To acquire, possess and hold lands and other property and to carry any water or sewerage works through, across, over or under any highway, road, street, or place and, after reasonable notice in writing to the owner or occupier, into, through, over or under any building or land....എന്നു പറയുന്നുണ്ട്. സർ, ഇതു നിശ്ചയമായും ചലഞ്ച് ചെയ്യപ്പെടാവുന്ന ഒരു വകുപ്പാണ്. ഒരു നോട്ടീസ് മാത്രം കൊടുത്തതിനുശേഷം ഒരു പ്രൈവറ്റ് ഇൻഡിവിഡ്വലിന്റെ വീടിന്റേയോ അല്ലെങ്കിൽ ഒരു സ്ഥാപനത്തി ന്റേയോ മുകളിൽകൂടിയോ താഴെക്കൂടിയോ സ്വീവേജ്, ഡ്രെയിനേജ് പൈപ്പുകൾ കൊണ്ടുപോകാൻ ഒരു നോട്ടീസ് മാത്രം കൊടുത്താൽ മതി എന്നുള്ളത് അപര്യാപ്തമാണ്. അത് സ്വാഭാവികമായും താമസ സൗകര്യം നിലനിറുത്തണം എന്നാഗ്രഹിക്കുന്ന, മറ്റു പരിസര സൗകര്യം നിലനിറുത്തണം എന്നാഗ്രഹിക്കുന്ന, ആരുംതന്നെ ഈ തരത്തിൽ അതോറിറ്റിയെ അനുവദിക്കാൻ പോകുന്നില്ല. അതിൽ അപാകതകൾ അധികം ഉണ്ട്. കുറഞ്ഞപക്ഷം നോട്ടീസ് കൊടുത്ത് അവരുടെ കൺസന്റ് എങ്കിലും ആവശ്യപ്പെടുകയെന്നുള്ളത് സാമാന്യ മര്യാദ യാണ്. അങ്ങനെ സാമാന്യമര്യാദ ഇല്ലാത്ത നീതിയില്ലാത്ത രീതിയിലാണ് ഒൻപതാം ഉപ വകുപ്പിൽ എഴുതിച്ചേർത്തിരിക്കുന്നത്. അതിൽ ആവശ്യ മായ ഭേദഗതി വരുത്തണമെന്നു ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

അതുപോലെ 62-ാമത്തെ വകുപ്പിനെപ്പറ്റി ഇന്നലെ ശ്രീ. വർക്കല രാധാകൃഷ്ണൻ ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. 62-ാമത്തെ വകുപ്പ് Power to arrest person refusing to give his nam e and address:—പേര്, അല്ലെങ്കിൽ മേൽവിലാസം തരാൻ തയ്യാറാകാത്ത ആളുകളെ അറസ്റ്റ് ചെയ്യാനുള്ള അധി കാരം അതോറിറ്റിയിലെ ചില ഉദ്യോഗസ്ഥൻമാർക്ക് നൽകണമെന്നു ള്ളതാണ്. ബഹുമാനപ്പെട്ട രാധാകൃഷ്ണൻ ഇന്നലെ പറഞ്ഞ അഭിപ്രാ യത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നില്ല. ഒരു കുറ്റകൃത്യം ചെയ്തിട്ട് രക്ഷപ്പെടാൻ പോകുന്ന ഒരാളിനെ പോലീസുകാർക്ക് മാത്രമല്ല അറസ്റ്റ് ചെയ്യാനും പിടിക്കാനും അധികാരമുള്ളത്. ഒരു സാധാരണ പൗരനും. ഇങ്ങനെയുള്ള ഒരു കുറ്റവാളിയെ പിടിച്ച് പോലീസിൽ ഏൽപ്പിക്കാനുള്ള അധികാരമുണ്ട്, അവകാശമുണ്ട്. പക്ഷേ ഈ വകുപ്പു പ്രകാരം ആ തരത്തിലുള്ള അധികാരം വിനിയോഗി ക്കണമോ എന്നുള്ളതിനെ സംബന്ധിച്ച് എനിക്ക് ബലമായ അഭി

11 a.m.]

LIBRARY ARCHIVES Kerala Legislative Assembly

പ്രായവ്യത്യാസമുണ്ട്. ഒരുപക്ഷേ മുനിസിപ്പാലിറ്റിയിലോ കോർപ്പറേഷനിലോ ഇത്തരത്തിലുള്ള അധികാരങ്ങളും അവകാശങ്ങളും ഉള്ള ഉദ്യോഗസ്ഥൻമാർ ഇന്നുണ്ടാകും. അത് ഞാൻ നിഷേധിക്കുന്നില്ല. പക്ഷേ ഈ വകുപ്പ് ആവശ്യമുണ്ട് എന്നു തോന്നുന്നില്ല. ഇത് ഡിലീറ്റ് ചെയ്യാവുന്നതാണ്. ഞാൻ ഇത് പറയാൻ കാരണം ഈ അടുത്തകാലത്ത് നമ്മുടെ ഗവൺമെൻറുണ്ടാക്കിയ വേറൊരു ഓർഡിനൻസ് ഇപ്പോഴും നിലവിലുണ്ട്. മന്ത്രിയോട് നമുക്ക് സ്നേഹവും ബഹുമാനവുമുണ്ട്. അതുകൊണ്ട് മന്ത്രിക്ക് ക്ഷതമൊന്നും ഏൽക്കരുതെന്ന് എനിക്ക് വ്യക്തമായ അഭിപ്രായമുണ്ട്.

Kerala Public Properties (Prevention of Destruction and Loss) Bill, 1983.....അങ്ങനെ പൊതുമുതൽ നശിപ്പിക്കുന്നതിനും നഷ്ടം വരുത്തുന്നതിനും എതിരായിട്ടുള്ള ഒരു നിയമം നമ്മുടെ ഗവൺമെൻറ് 1983–ൽ ഉണ്ടാക്കിയിട്ടുണ്ട്. ആ നിയമത്തിൻെറ വകുപ്പുകൾ അടിസ്ഥാനപ്പെടുത്തി നോക്കിയാൽ ഇതിൻെറ പരിധിയിൽ വരുന്നതാണെന്നുകാണാം. അതിൽ പബ്ലിക് പ്രോപ്പർട്ടിക്ക് ഡെഫനിഷൻ കൊടുത്തിട്ടുണ്ട്.

Public Property:—Public property means public property whether movable or immovable or machinery means any property or machinery owned or controlled by (a) the State Government; or the Central Government; (b) The Kerala State Electricity Board or the Kerala State Road Transport Corporation or any other Corporation or public Undertaking owned or controlled by State Government..... എന്ന് അതിൽ പ്രത്യേകം സ്പെസിഫൈ ചെയ്തു പറഞ്ഞിട്ടുണ്ട്. ആ സാഹചര്യത്തിൻ 62–ാമത്തെ വകുപ്പ് പ്രസക്തമാണെന്ന് എനിക്ക് തോന്നുന്നില്ല. ഇന്ന് നിലവിലുള്ള നിയമത്തിലെ വകുപ്പുകൾ തന്നെ ഇതിൽ ഇൻവോക്ക് ചെയ്യാൻ കഴിയും. അതുകൊണ്ട് Power to arrest person refusing to give his name and address:— എന്ന വകുപ്പ് മാറണമെന്നുതന്നെയാണ് എൻെറ അഭിപ്രായം. ഇത്രയും കാര്യങ്ങൾമാത്രമേ ഞാൻ ഈയവസരത്തിൽ പറയുന്നുള്ളൂ. ഇവിടെ പ്രതിപക്ഷങ്ങൾ രൂക്ഷമായ വിമർശനം നടത്തുന്നു; പ്രതിപക്ഷങ്ങൾ തെറ്റുകളും കുറവുകളും മാത്രമേ കാണുന്നുള്ളൂ എന്നു പറയുന്നു. ആ തരത്തിലുള്ള ഒരു വിമർശനമല്ല ഇവിടെ നടക്കുന്നത്. ഇതിനകത്ത് ചില നല്ല വകുപ്പുകളുണ്ട്. അത് നല്ലതാണെന്നു തന്നെ അംഗീകരിക്കുന്നു. അതേയവസരത്തിൽ തന്നെ ഈ അതോറിറ്റിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ വന്നിട്ടുള്ള വിമർശനങ്ങളൊക്കെ അടിസ്ഥാനപ്പെടുത്തിയല്ലാതെ അഭിപ്രായപ്രകടനം നടത്താൻ നിർവ്വാഹമില്ല; വിമർശനവും നടത്താൻ നിർവ്വാഹമില്ല. ആ വിമർശനത്തിൻെറ അന്തസ്സത്ത എന്താണെന്ന് ബോധ്യപ്പെട്ടുകൊണ്ട് ഈ നിയമനിർമ്മാണത്തിൻെറ ഗൗരവം കണക്കിലെടുത്തുകൊണ്ട് പ്രധാനപ്പെട്ട ചില ഭാഗങ്ങളിൽ ആവശ്യമായ ഭേദഗതിയുണ്ടാകണം. അതോടൊപ്പംതന്നെ വളരെയധികം വിവാദം സൃഷ്ടിച്ചിട്ടുള്ളതും വിദേശ ഏജൻസികളിൽനിന്നും നമ്മുടെ രാജ്യത്തിനുള്ളിലെ എൽ.ഐ.സി. പോലെയുള്ള ഏജൻസികളിൽനിന്നും ഗണ്യമായ രീതിയിലുള്ള ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്ന, ആ ധനസഹായം കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന, വളരെയധികം ഉത്തരവാദിത്വമുള്ള ഒരു അതോറിറ്റി എന്നുള്ള നിലയിൽ ഈ അതോറി

LIBRARY ARCHIVES Kerala Legislative Assembly

റിയുടെ രൂപീകരണവും അതിനെ ബാധിക്കുന്ന നിയമവുമെല്ലാം വളരെയധികം അവധാനതയോടുകൂടി ചിന്തിച്ചുമാത്രമേ പൂർത്തീകരിക്കാൻ പാടുള്ളൂ. അതുകൊണ്ട് നിശ്ചയമായും ഈ ബിൽ പൊതുജനാഭിപ്രായത്തിന് വിടണമെന്ന് ഒന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം.വി. രാഘവൻ: സർ, ഇതൊരു പ്രധാനപ്പെട്ട ബില്ലാണ്. അതുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിയ്ക്ക് അയച്ചാൽ പോരാ, ഒരു സെലക്ട് കമ്മിറ്റിയ്ക്കുതന്നെ അയയ്ക്കണമെന്നാണ് എന്റെ അഭിപ്രായം. ഇതൊരു സെലക്ട്കമ്മിറ്റിയ്ക്കുതന്നെ അയയ്ക്കണമെന്നു ഞാൻ പറയുന്നതിന് പ്രത്യേക കാരണമുണ്ട്. നമ്മുടെ പി.എച്ച്.ഇ.ഡി. 1984 മാർച്ച് മുതൽ വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ ഡിപ്പാർട്ടുമെൻറായി മാറി. അതിനെത്തുടർന്ന് ഉണ്ടായിട്ടുള്ള കുഴപ്പങ്ങളും പ്രശ്നങ്ങളും ഇവിടെ ധാരാളം പറയുകയും ചെയ്തിട്ടുണ്ട്. വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം തന്നെ എടുക്കാം. മറ്റു സംസ്ഥാനങ്ങളിലുള്ള ഇത്തരം സ്ഥാപനങ്ങളെപ്പറ്റി ഒരു പഠനം നടത്തേണ്ടതു ഈ സന്ദർഭത്തിൽ അത്യാവശ്യമാണ്. അത് വളരെ പ്രയോജനം ചെയ്യും. നമ്മുടെ നിയമസഭയുടെ റൂളുകളനുസരിച്ച് ബില്ലുകളും സബ്ജക്ട്കമ്മിറ്റിയിൽ പോയിട്ട് തിരിച്ചു വരണമെന്ന വ്യവസ്ഥ വന്നതുമുതൽ (ഈ സബ്ജക്ട് കമ്മിറ്റി വരുന്നതിനുമുമ്പ് മിക്കവാറും ബില്ലുകളും സെലക്ട് കമ്മിറ്റിക്ക് പോകുമായിരുന്നു). സെലക്ട്കമ്മിറ്റിയ്ക്ക് പോകുന്ന ഏർപ്പാടെ ഇല്ലാതായിരിക്കുകയാണ്. അതുകൊണ്ട് ഈ ബിൽ സെലക്ട്കമ്മിറ്റിയ്ക്ക് അയയ്ക്കണം. ഇക്കാര്യം ഗവൺമെൻറ് പ്രത്യേകം കൺസിഡർ ചെയ്യണമെന്ന് ഇന്നലെത്തന്നെ ഞങ്ങളും ബിസിനസ്അഡ്വൈസറി കമ്മിറ്റിയിലും പറഞ്ഞതാണ്. മുഖ്യമന്ത്രി ആലോചിക്കാമെന്നാണ് പറഞ്ഞത്. അതുകൊണ്ട് ഈ ചർച്ചയോടുകൂടി ഇത് സെലക്ട്കമ്മിറ്റിക്ക് അയയ്ക്കണം. സർ, ഈ അതോറിറ്റിയുടെ ജനനംതന്നെ അഴിമതിയിൽകൂടിയാണ്. ഈ നിലയിലാണ് ഇത് തുടരുന്നതെങ്കിൽ നമ്മുടെ കേരള സംസ്ഥാനത്ത് ഇതുണ്ടാക്കിവയ്ക്കുന്ന അപമാനം എത്രയാണെന്ന് പറയാൻ സാദ്ധ്യമല്ല. തുടങ്ങിയിട്ടല്ലേയുള്ളൂ.

ശ്രീ. എം.എം. ഹസ്സൻ: സെലക്ട്കമ്മിറ്റിയ്ക്കുള്ള എല്ലാ അധികാരങ്ങളും സബ്ജക്ട് കമ്മിറ്റിക്കുമുണ്ട്. ഈ നിയമം സമഗ്രമായി പരിശോധിക്കാനും വേണ്ട മാറ്റങ്ങൾ നിർദ്ദേശിക്കാനും സബ്ജക്ട് കമ്മിറ്റിക്ക് അവകാശമുള്ളപ്പോൾ ഇതൊരു സെലക്ട് കമ്മിറ്റിക്ക് വിടണമെന്നു പറയുന്നതിന് എന്തെങ്കിലും പ്രത്യേക അടിസ്ഥാനമുണ്ടോ?

ശ്രീ. എം.വി. രാഘവൻ: സെലക്ട് കമ്മിറ്റിയ്ക്കും സബ്ജക്ട് കമ്മിറ്റിയ്ക്കും വ്യത്യാസമുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. സബ്ജക്ട് കമ്മിറ്റിക്ക് ഇതിലുള്ള വകുപ്പുകളെപ്പറ്റി ഡിസ്ക്കസ് ചെയ്യാൻ അധികാരമുണ്ട്. മറ്റു സംസ്ഥാനങ്ങളിലേത് പഠിക്കാനും മറ്റു കാര്യങ്ങൾക്കും സബ്ജക്ട് കമ്മിറ്റിയേക്കാളും കൂടുതൽ അധികാരം സെലക്ട്കമ്മിറ്റിയ്ക്കുതന്നെയാണ്. അതുകൊണ്ട് സെലക്ട്കമ്മിറ്റിക്ക് വിടണമെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ അതോറിറ്റിയുടെ ജനനം തന്നെ അഴിമതിയിൽക്കൂടിയാണെന്ന് ഞാൻ പറഞ്ഞു. ആ അഴിമതി നടത്തുന്നതിനുവേണ്ടിത്തന്നെയാണ് ഈ ബില്ലിലും ബോർഡിന്റെ ചെയർമാൻ മന്ത്രിയായി നിശ്ചയിച്ചിട്ടുള്ളത്. ഇവിടെ മുമ്പ് ചില ബോർഡുകളുണ്ടാക്കിയപ്പോഴും ചെയർമാൻ മന്ത്രിയായിരുന്നത് മാറിമറിഞ്ഞ ഒരു സാഹചര്യം കേരളത്തിലുണ്ടാകുമ്പോഴും പിന്നെ എന്തിനാണ് ജലസേചനവകുപ്പുമന്ത്രിയെ ഇതിന്റെ ചെയർമാനാകുന്നതെന്നുള്ള കാര്യം ഹസ്സനുമറിയില്ല, എനിക്കുമറിയില്ല. രണ്ടുകൂട്ടർക്കുമറിയില്ല. ഹസ്സൻ പിന്നെ അപ്പുറത്തിരിക്കുന്നതുകൊണ്ട് ഇതിനൊക്കെ കൈ പൊക്കുകയാണ്. പക്ഷേ ഇതിന്റെ ആവശ്യം നമുക്ക് രണ്ടുകൂട്ടർക്കും അറിയില്ല. മരണകക്ഷിയിലിരിക്കുന്ന എം.എൽ.എ. മാർക്കുമറിയില്ല, ഞങ്ങൾക്കുമറിയില്ല. ഒറ്റയ്ക്ക് വിളിച്ച് സംസാരിച്ചാൽ അതിന്റെ ആവശ്യമില്ലെന്ന് ആരും സമ്മതിക്കും.

ശ്രീ. ഇ. പത്മനാഭൻ: ഇന്നലെ മി. ഹസ്സൻ സംസാരിച്ച സമയത്ത് ശ്രീ. ഹസ്സനും ശ്രീ. ഗംഗാധരനുമൊക്കെ ക്ഷീരമുള്ള അകിടിന്റെ ഉടമസ്ഥരായിരിക്കുകയാണ്. ഞങ്ങളെപ്പോലെയുള്ള പ്രതിപക്ഷങ്ങൾ ചോര കുടിക്കുന്നു എന്ന് പറഞ്ഞത് ഓർമ്മയുണ്ടോ?

ശ്രീ. എം.വി. രാഘവൻ: ഞങ്ങൾക്കിപ്പോൾ ആരുടേയും ചോരയുടെ ആവശ്യമൊന്നുമില്ല. ഞങ്ങൾ ആരുടേയും ചോര കുടിക്കുന്നുമില്ല. ഈ ചോര കുടിക്കുന്നതെല്ലാം നിങ്ങളുടെ ആളുകളാണ്. നിങ്ങളുടെ ഐ.എൻ.ടി.യു.സി. യൂണിയൻ പ്രസിദ്ധപ്പെടുത്തിയ ഒരു കെട്ടു നോട്ടീസ് എന്റെ കയ്യിലുണ്ട്. ചോര കുടിയ്ക്കുന്നുവെങ്കിൽ ഇവരാണ് കുടിക്കുന്നത്.

ശ്രീ. എം.എം. ഹസ്സൻ: ഐ.എൻ.ടി.യു.സി.യിൽ നിന്നും പുറത്താക്കപ്പെട്ട ആളുകളാണ് ഈ നോട്ടീസ് ഇറക്കിയത്. പിരിച്ചുവിടപ്പെട്ട പോലീസുകാർ പോലീസ് സ്റ്റേഷനുണ്ടാക്കിയാൽ എങ്ങനെയിരിക്കും? അതുപോലെയാണ് ഇവരുടെ പ്രസ്താവന ഇവിടെ ഉദ്ധരിക്കുന്നത്.

ശ്രീ. എം.വി. രാഘവൻ: ഞാൻ അതിലേയ്ക്ക് വരാം. ആരെല്ലാമാണ് പുറത്തെന്നും ആരെല്ലാമാണ് അകത്തെന്നും എനിക്ക് മനസ്സിലാക്കണം. പക്ഷേ അതിനുമുമ്പ് ഈ ബില്ലിലെ ചില വ്യവസ്ഥകൾ പറയാനുണ്ട്. ബില്ലിനെപ്പറ്റി ഒന്നും പറയാൻ അനുവദിക്കുകയില്ലെന്ന് ശ്രീ. ഹസ്സൻ വാശി പിടിച്ചാൽ ഞാൻ എന്താണ് ചെയ്യുക? ഞാൻ അതിലേയ്ക്ക് വരാം. ഞാൻ പറയുന്നത് അഴിമതി നടത്തുക എന്ന ഉദ്ദേശംമാത്രം വച്ചുകൊണ്ടാണ് മന്ത്രി ഇതിന്റെ ചെയർമാനായിട്ട് വേണമെന്നു നിശ്ചയിച്ചത്. അതുകൊണ്ട് ഞങ്ങൾ പറയുന്നത് അടിസ്ഥാനരഹിതമാണെന്ന് തെളിയിക്കാനെങ്കിലും ആ വ്യവസ്ഥ എടുത്തുകളയണമെന്നാണ് എനിക്ക് പറയാനുള്ളത്.

അതുപോലെതന്നെ ഇതിലുള്ള മെമ്പർമാരെ സംബന്ധിച്ചു പറയുമ്പോൾ ഒരു ഹരിജൻ മെമ്പറെ നിശ്ചയിക്കാമെന്ന് പറയുന്നുണ്ട്. ലോക്കൽ ബോഡിയുടെ ഒരാളെ നിശ്ചയിക്കുമെന്ന് ഇതിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ബാക്കിയുള്ളവർ മിക്കവാറും ഉദ്യോഗസ്ഥൻമാരാണിതിൽ. അതിന്റെ കാലാവധി മൂന്നുവർഷമാണെന്നാണ് ഇതിൽ കൊടുത്തിരിക്കുന്നത്. കാലാവധി എത്രവർഷമോ ആകട്ടെ. പക്ഷേ ഈ ബോർഡിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം ഒരു പുനർവിചിന്തനം ആവശ്യമാണ്. ബോർഡിൽ ഉദ്യോഗസ്ഥമെമ്പർമാരും ഹരിജൻമെമ്പറും ലോക്കൽ ബോഡിയുടെ പ്രതിനിധിയും മാത്രംപോരാ. ഒന്നുരണ്ട് അനൗദ്യോഗികമെമ്പർമാരെക്കൂടി ഉൾപ്പെടുത്തണമെന്നാണ് എനിക്ക് അതേക്കുറിച്ച് പറയുവാനുള്ളത്.

ശ്രീ. സി. വാസുദേവമേനോൻ: ഇഷ്ടമുള്ള ഒരാളെ ലോക്കൽ ബോഡിയിൽനിന്ന് എന്നുപറഞ്ഞ് നിയമിക്കാമെന്നേയുള്ളു.

ശ്രീ. എം.വി. രാഘവൻ: നോമിനേഷൻ മാത്രമേ പറയുന്നുള്ളു. നോമിനേഷൻ മാത്രം പോരാ. ലോക്കൽ ബോഡി ഇലക്ട് ചെയ്യുന്ന ഒരാളായിരിക്കണമത്. ഹരിജൻ എന്ന പേരുപറഞ്ഞിട്ട് ആരെയാണ് എടുത്തുവച്ചിരിക്കുന്നതെന്നറിയില്ല. ഏതായാലും ഞാൻ അതിനെ എതിർക്കുന്നില്ല.

ശ്രീ. വി.സി. കബീർ: ഇപ്പോഴത്തന്നെ മലപ്പുറത്തുനിന്ന് ഒരു ഹരിജൻ മെമ്പർ ഈ കമ്മിറ്റിയിൽ ഉണ്ട്. അദ്ദേഹത്തെ കണ്ടാൽ ഏത് നിയമനത്തിലും പ്രയോറിറ്റികിട്ടുമെന്ന് പറയുന്നുണ്ട്. അതിനുപല കാരണങ്ങളുമുണ്ട്. അതിനെക്കുറിച്ച് വല്ലതുമറിയുമോ?

ശ്രീ. എം.വി. രാഘവൻ: നിയമനത്തിന്റെ കാര്യത്തെപ്പറ്റി ഞാൻ പിന്നീട് പറയാം. അതുകൊണ്ട് ഈ പറയുന്നതിൽ മാറ്റം വരുത്തണം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഈ നിയമനങ്ങൾ എന്തിനാണ് അതോറിറ്റി നടത്തുന്നത്? അതിന്റെ കുഴപ്പം കാരണമായിട്ടാണല്ലോ ഈ ഐ.എൻ.ടി.യു.സി. തന്നെ പിന്മാറിയത്. ഐ.എൻ.ടി.യു.സി.യെ തന്മിലടിപ്പിക്കേണ്ട ഒരു സ്ഥിതി വന്നത് അതുകൊണ്ടല്ലേ? അതുകൊണ്ട് ഈ നിയമനം പി.എസ്.സി.ക്ക് വിട്ടുകൊടുക്കുന്നതിൽ മി. ഗംഗാധരന് അഭിപ്രായവ്യത്യാസമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല.

ശ്രീ. എം.പി. ഗംഗാധരൻ: ഒരു എതിർപ്പും ഇല്ല. അതിന്റെ സമയം വരുമ്പോൾ വിട്ടുകൊടുക്കാൻ തയ്യാറാണ്.

ശ്രീ. എം.വി. രാഘവൻ: 'സമയമായില്ലപോലും' എന്ന് പണ്ട് വാസവദത്ത പറഞ്ഞതുപോലെയാണല്ലോ ഇത്.

ശ്രീ. എം.എം. ഹസ്സൻ: ബഹുമാനപ്പെട്ട മന്ത്രിപറഞ്ഞത് ഈ വകുപ്പിന്റെ മന്ത്രിയായിട്ട് ശ്രീ. എം.വി. രാഘവൻ വരുന്നസമയത്ത് പി.എസ്.സി.ക്ക് വിട്ടുകൊടുക്കാമെന്നാണ്.

ശ്രീ. എം.വി. രാഘവൻ: ഞാൻ വരുമ്പോൾ ശ്രീ. എം.പി. ഗംഗാധരന്റെ മാതിരി ഈ നാറിയപണിക്ക് പോകില്ലല്ലോ. അതുവരെ വിട്ടുകൊടുക്കുകയില്ലയെന്നല്ലേ അതിന്റെ അർത്ഥം? എന്നു പറഞ്ഞാൽ വാങ്ങേണ്ട കൈക്കൂലിയെല്ലാം വാങ്ങി.....

ശ്രീ. എം.പി. ഗംഗാധരൻ: പി.എസ്.സി.ക്കു വിട്ടുകൊടുക്കുമ്പോൾ ചില കാര്യങ്ങൾ നോക്കേണ്ടതുണ്ട്. ശ്രീ. രാഘവനതറിയില്ല. പി.എസ്.സി. ക്ക് ഇത് വിട്ടുകൊടുക്കുമ്പോൾ ചില നിയമനിർമ്മാണങ്ങളൊക്കെവേണം. ഇപ്പോഴത്തന്നെ ഒരു നിയമനിർമ്മാണത്തിൽ നിൽക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പത്മനാഭൻ: ബന്ധപ്പെട്ട മന്ത്രിക്ക് എല്ലാനിയമവും അറിയാമെന്ന രീതിയിലാണ് സംസാരിക്കുന്നത്. അദ്ദേഹം പെയർമാനായിട്ടുള്ള അതോറിറ്റി പാസാക്കിയിട്ടുള്ള മിനിട്സിൽ സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഉൾപ്പെടെയുള്ള സർവ്വീസ് മാനുവലിലുള്ള എല്ലാ നിയമങ്ങളും അതോറിറ്റിക്ക് ബാധകമാണെന്ന തീരുമാനം എടുത്തുവച്ചിട്ടുണ്ട്. ആ മാനുവലിലുള്ളതാണ് പി.എസ്.സി. കൺസൾട്ടേഷൻ റെഗുലേഷൻ. നിങ്ങൾ ഇന്ന് എടുത്ത തീരുമാനത്തിൽത്തന്നെ പി.എസ്.സി. കൺസൾട്ടേഷൻ നിങ്ങൾക്ക് ബാധകമാണ്. ആ തീരുമാനത്തെ അതിലംഘിച്ചുകൊണ്ടാണ് പി.എസ്.സി. നിയമിക്കാതിരിക്കുന്നതെന്നുള്ള വിവരം മെമ്പർക്കറിയാമോ?

ശ്രീ. എം.പി. ഗംഗാധരൻ: പി.എസ്.സി. കൺസൾട്ടേഷൻ വേണം. അത് ബഹുമാനപ്പെട്ട മെമ്പർ പറയാതെതന്നെ അറിയാം. ഏത് ആട്ടോണമസ് ബോഡിക്കും പി.എസ്.സി.ക്ക് വേണമെങ്കിൽ കൺസൾട്ടേഷനാകാം. പക്ഷെ അതിൽ ഒരു ലെജിസ്ലേഷൻ വേണം. ലെജിസ്ലേഷനില്ലാതെ സാധിക്കുകയില്ല. അല്ലെങ്കിൽ പി.എസ്.സി. യുടെ അഡീഷണൽ ഫങ്ഷൻസ് അമൻഡ് ചെയ്യണം. ഇത് രണ്ടിൽ ഏതെങ്കിലും ഒന്നുണ്ടെങ്കിലേ കൊടുക്കുവാൻ കഴിയൂ. അല്ലാതെ ഞാൻ പി.എസ്.സി. ക്ക് വിട്ടുകൊടുത്തതുകൊണ്ടുമാത്രമായോ?

ശ്രീ. എം.വി. രാഘവൻ: ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതിൽ ഒരു ഭേദഗതികൊണ്ടുവരാമല്ലോ. അതോറിറ്റി നിയമനം നടത്തുന്നുവെന്നുള്ളത് ഒരു ഭേദഗതികൊണ്ട് മന്ത്രിക്ക് പി.എസ്.സി.യെന്നാക്കിയാൽ പോരെ? ഇതിൽ എന്താണ് ഒരു ബുദ്ധിമുട്ട്? ലെജിസ്ലേഷൻ ഇതിന്റെ കൂടെത്തന്നെ നടക്കുകയില്ലേ? വേറെ ലെജിസ്ലേഷൻ വേണമോ? ഒരു നിയമനിർമ്മാണം പാസാക്കിയെടുക്കുവാനുള്ള ബുദ്ധിമുട്ട് പെറുതാണോ?

ശ്രീ. ആർ.എസ്. ഉണ്ണി: പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഡീഷണൽ ഫങ്ഷൻസ് ആക്ടിന്റെ ഷെഡ്യൂളിൽ വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റിയെ ഉൾപ്പെടുത്തിക്കൊണ്ടാണെങ്കിൽ ഒരു ഭേദഗതി മതിയാകും. ഇതിനൊക്കെ ഓർഡിനൻസ് ആകാമെങ്കിൽ ഈ ഒരുകാര്യത്തിൽ ഓർഡിനൻസോ നിയമനിർമ്മാണമോ എന്തെങ്കിലും നടത്തുന്നതിൽ എന്താണ് ബുദ്ധിമുട്ട്?

ശ്രീ. എം.വി. രാഘവൻ: അത് മന്ത്രിക്ക് വേണമെങ്കിൽ ചെയ്യാം. നമ്മുടെനാട്ടിൽ പറയുന്നതുപോലെ വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും. അതാണ് സ്ഥിതി. അപ്പോഴും പി.എസ്.സി.ക്ക് കൊടുക്കാനുള്ള സാങ്കേതികമായ ബുദ്ധിമുട്ടല്ല അതിനു കാരണം. നിങ്ങൾ അത് കൊടുക്കുകയില്ലെന്നുള്ളതാണ് സത്യം. അതിന്റെ ഫലമായിട്ടാണ് ഈ കുഴപ്പങ്ങളുണ്ടാകുന്നത്.

മറ്റൊരുകാര്യം എനിക്ക് പറയുവാനുള്ളത് സി. എ. വിജയചന്ദ്രന്റെ കാര്യമാണ്. മന്ത്രിക്ക് അറിയാമെന്ന് വിശ്വസിക്കുകയാണ്. അങ്ങയുടെ വീട്ടിൽത്തന്നെയായിരുന്നു താമസം എന്നാണ് പറഞ്ഞത്. അത്ര ലോഹ്യത്തിലായിരുന്നുവല്ലോ? ആ ചങ്ങാതി അടിച്ച ഒരു നോട്ടീസിൽ പറയുന്നതെന്താണ്? ഈ പരിതസ്ഥിതിയിൽ കോൺഗ്രസ്സ് ആശയഗതിയിൽ അടിയുറച്ചു

LIBRARY ARCHIVES Kerala Legislative Assembly

വിശ്വസിച്ചുകൊണ്ട് ഐ.എൻ.ടി.യു.സി.യിൽ പ്രവർത്തിക്കുന്ന ഈ അസോസിയേഷന്റെ സ്റ്റേറ്റ് കമ്മിറ്റി വിശദമായ പഠനങ്ങളും അന്വേഷണങ്ങളും നടത്തിയതിനുശേഷം താഴെപ്പറയുന്ന കാര്യങ്ങൾ അങ്ങയുടെ അടിയന്തിര നടപടിക്കായി അയച്ചിട്ടുണ്ടെന്നാണ്. നിങ്ങൾക്ക് കിട്ടിയിട്ടുണ്ടാകുമെന്ന് വിശ്വസിക്കുന്നു. മുഴുവൻ വായിക്കണമോ? വായിച്ചാൽ നാറും. വായിച്ച് ഈ സാഹചര്യം മോശമാക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ: മി. വിജയചന്ദ്രനെ നിരവധി സാമ്പത്തികാഴിമതികുറ്റം ചുമത്തി ഈ യൂണിയനിൽനിന്ന് പുറത്താക്കിയതാണ്.

ശ്രീ. എം.വി. രാഘവൻ: അത് ശരി. ഞാൻ ചോദിക്കട്ടെ, ഇപ്പോൾ ഇതിന്റെ പ്രസിഡന്റ് തമ്പാനൂർ രവി അല്ലേ? കോൺഗ്രസ് (ഐ) യിൽ അല്ലേ?

ശ്രീ. എ.കെ. ശശീന്ദ്രൻ: കോൺഗ്രസ് (എ) എന്നാണ് തിരിച്ചറിയുന്നതിനുവേണ്ടി പത്രം റിപ്പോർട്ട് ചെയ്യുന്നത്.

ശ്രീ. എം.വി. രാഘവൻ: അങ്ങനെ ഒരു പാർട്ടി ഇപ്പോൾ ഇല്ല. ഇവിടെ, ഈ നിയമസഭയിൽ കോൺഗ്രസ് (ഐ) മാത്രമേയുള്ളു. കോൺഗ്രസ് (എ) എന്നുപറയുന്ന പാർട്ടിയില്ല. ശ്രീ. എ.കെ. ശശീന്ദ്രൻ ക്രമവിരുദ്ധമായിട്ടാണ് സംസാരിച്ചത്.....(ബഹളം).....തമ്പാനൂർ രവി പ്രസിഡന്റും പാലോട് രവി വൈസ്പ്രസിഡന്റും സാമ്പത്തികാഴിമതിമൂലം യൂണിയനിൽനിന്ന് പുറത്താക്കിയ സി.എ. വിജയചന്ദ്രൻ ജനറൽ സെക്രട്ടറിയുമായിട്ടുള്ള നോട്ടീസാണ് ഇത്. (നോട്ടീസ് സഭയിൽ ഉയർത്തിക്കാണിച്ചു.) വിജയചന്ദ്രനെ ഇപ്പോൾ തിരിച്ചെടുക്കാനുള്ള ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നിട്ട് കൈകഴുകിയിട്ട് വല്ല കാര്യവുമുണ്ടോ? ഇതിൽ കുറെ കാര്യങ്ങൾ പറയുന്നുണ്ട്. ഞാൻ അത് മുഴുവൻ വായിച്ച് സമയം കളയുന്നില്ല. ഇപ്പോൾതന്നെ രാമചന്ദ്രൻ മാസ്റ്ററുടെ അണ്ണാക്കിൽ മണ്ണു വീണുപോയോ? എന്താണ് മിണ്ടാത്തത്? നിങ്ങൾ കാട്ടിക്കൂട്ടുന്ന ഈ അഴിമതിയുടെ ദുർഗന്ധംകൊണ്ട് പ്രതിപക്ഷത്തിരിക്കുന്ന ഞങ്ങൾക്ക് തന്നെ ജീവിക്കാൻ കഴിയുകയില്ലല്ലോ.

ഇനി മറെറാരു നോട്ടീസ് ഉണ്ട്. ഇതൊക്കെ എങ്ങനെയാണ് വായിക്കുന്നത്? എം. മഹേശ്വരന്റേതാണ്. ഇതും നിങ്ങളുടെ കൂട്ടത്തിൽപ്പെട്ടതല്ലേ? ''വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയിൽ ഈ അടുത്തകാലത്ത് നടന്ന 1500–ഓളം വർക്കർമാരുടെ നിയമനങ്ങളും ചെയർമാന്റെ ആശീർവാദത്തോടുകൂടി പി.ആർ.ഒ. (പബ്ലിക് റിക്രൂട്ടിംഗ് ഓഫീസർ)–യും മറ് ബ്രോക്കർമാരുംകൂടി നടത്തിയിട്ടുണ്ടെന്നാണ്. കോട്ടയത്തെ കെ.ആർ. സുകുമാരൻ എന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർ സി.എൽ.ആർ. പോസ്റ്റിംഗിൽ ലക്ഷങ്ങൾ കൊള്ളയടിച്ചു. ഒരു അസോസിയേഷൻ ഭാരവാഹി ഇതിനുവേണ്ടി ഒത്താശ ചെയ്യുന്നുണ്ട്.

ഏറെറുമാനൂരുള്ള രവീന്ദ്രൻ എന്നയാൾ ഈ തട്ടിപ്പിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തിയിട്ടുള്ളതാണല്ലോ? എഞ്ചിനീയർമാർ ഉൾപ്പെടെയുള്ളവരുടെ ട്രാൻസ്ഫറുകൾ ചെയർമാനെ തെറ്റിദ്ധരിപ്പിച്ച് കൊണ്ടും

LIBRARY ARCHIVES Kerala Legislative Assembly

അച്ഛനെയും നടത്തുന്ന കള്ളക്കളിക്കും ഇതിലൂടെ പ്രതിനായിരങ്ങളുടെ കൊള്ളയാണ് ഇവർ നടത്തുന്നത്. അടുത്തകാലത്ത് ഈ കൊള്ള സംഘങ്ങൾക്കുണ്ടായിട്ടുള്ള സാമ്പത്തികാഭിവൃദ്ധിക്ക് കാരണം മറെറാന്നാകാനിടയില്ലല്ലോ. ശ്രീമാൻ കുറുപ്പ് ഏറുമാനൂരുള്ള മാര്യാ സ്വത്തിൽ 5 ലക്ഷം രൂപ മുടക്കി പണിതിരിക്കുന്ന വീടിന്റെ മാരോ ഇഷ്ടിക്കയ്ക്കും അഴിമതിയുടെ ഗന്ധമുണ്ട്. മന്ത്രിയുടെ പേഴ്സണൽ സ്റാഫിൽപ്പെട്ട അബ്ദുള്ളക്കുട്ടി എന്ന പാവം പയ്യനുമാത്രം സ്വന്തമായി ഒരു മാളിക വെക്കാൻ കഴിഞ്ഞില്ലല്ലോ എന്ന നിരാശ.....

മി. ഡെപ്യൂട്ടി സ്പീക്കർ: മി. രാഘവൻ ഇത് എവിടെനിന്ന കൊണ്ടുവന്നു വായിക്കുന്നതാണ്?

ശ്രീ. എം.വി. രാഘവൻ: ഇത് ഐ.എൻ.ടി.യു.സി. യുടെ നോട്ടീസാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഉത്തരവാദിത്വമുള്ള നോട്ടീസാണോ?

ശ്രീ. എം.വി. രാഘവൻ: അതെ. ഉത്തരവാദിത്വമുള്ള നോട്ടീസാണ്. അത് ദേശപ്പുറത്തുവയ്ക്കാൻ ഞാൻ തയ്യാറാണ്. എന്താണ് സർ, ഇതിൽ പറയുന്നത്. ഇത് എങ്ങനെയാണ് വായിക്കുന്നത്? അതോറിറി കേന്ദ്രമാക്കി ഉദ്യോഗാർത്ഥികളെയും വനിതാജീവനക്കാരെയും ഉപയോഗപ്പെടുത്തി അധോലോക നായകൻമാർ നടത്തുന്ന കാര്യങ്ങൾ പ്രസിദ്ധങ്ങളാണ്.....(ബഹളം).....ഇനി ഞാൻ വായിക്കുന്നില്ല.....(ബഹളം).....

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റർ: അങ്ങോടിയിൽനിന്ന് കിട്ടുന്ന റെതല്ലാം എടുത്തുകൊണ്ടുവന്ന് നിയമസഭയിൽ വായിക്കുന്നത് ശരിയാണോ?

ശ്രീ. എം.വി. രാഘവൻ: ഞാൻ ഇത്രയും വായിച്ചുകൊണ്ട് നിറുത്തുകയാണ്. ഇതൊക്കെ വായിച്ചാൽ ഈ നിയമസഭയുടെ അന്തരീക്ഷം മലീമസമാകുമെന്നുള്ളതുകൊണ്ട് ഞാൻ ബാക്കി വായിക്കുന്നില്ല. ഈ നോട്ടീസെല്ലാം അച്ചടിച്ചത് കമ്യൂണിസ്റുകാരോ മാർക്സിസ്റുകാരോ സി.പി.ഐ.ക്കാരോ ജനതാപാർട്ടിക്കാരോ ആർ.എസ്.പി.ക്കാരോ കോൺഗ്രസ്സ് (എസ്) കാരോ ഇറക്കിയിരിക്കുന്ന ആളുകളോ അല്ല. നിങ്ങളുടെ ഐ.എൻ.ടി.യു.സി. ക്കാരാണ്. നിങ്ങടെ പരസ്പരം ലജ്ജിച്ച് തലതാഴ്ത്തണം.

ശ്രീ. കെ.കെ. രാമചന്ദ്രൻമാസ്റർ: ഐ.എൻ.ടി.യു.സി.ക്കാരല്ല അത് അടിക്കുന്നത്. നിങ്ങളെപ്പോലെയുള്ള ആളുകൾ പറഞ്ഞുകൊടുക്കുത്ത് ആരോ എഴുതുന്നതാണ്.

ശ്രീ. എം.വി. രാഘവൻ: പാലോട് രവിയും അതുപോലെയുള്ള ആളുകളും ഐ.എൻ.ടി.യു.സി. അല്ലെങ്കിൽ പിന്നെ ആരാണ് ഐ.എൻ.ടിയു.സി.ക്കാർ?

ശ്രീ. ഇ. പത്മനാഭൻ: കോഴി മോഷണം പോയിയെന്ന് പറയുമ്പോൾ എന്തിനാണ് രാമചന്ദ്രൻമാസ്റർ തലയിൽ തപ്പിനോക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പന്തളം സുധാകരൻ: ബഹുമാനപ്പെട്ട പുഷ്പന്നൂർ മെമ്പർ ഇത് ഇവിടെ വായിക്കുമ്പോൾ-ഞങ്ങൾക്കൊക്കെ സംശയം തോന്നുന്നത് അങ്ങയുടെ പാർട്ടിയിൽപ്പെട്ട സ്വാമി ചാത്തുണ്ണിമാസ്റ്റർക്കെതിരെ എ.കെ.ജി. സെന്ററിൽ നടത്തിയ കുറ്റവിചാരണയുടെ കുറ്റപത്രമോ മറ്റോ ആണോ എന്നാണ്.

ശ്രീ. എം.വി. രാഘവൻ: വിവരമുള്ള ചോദ്യം ചോദിക്കൂ, ഇത് വിവരമില്ലായ്മയാണ്. ചോദിപ്പിച്ച് എന്നെക്കൊണ്ട് ഒന്നും പറയിപ്പിക്കരുത്. നിയമസഭയിൽവന്നു കരുണാകരന്റെ കാലു തൊട്ട് തലയിൽ വയ്ക്കുന്ന.....സർ, ഇതൊന്നും അധികം വായിച്ചുകൂടാ. ഇത് എ. ഗോവിന്ദപ്പിള്ളയുടേതാണ്. ഇതിൽ എന്താണ് പറയുന്നത്? ഗോവിന്ദപ്പിള്ളയുടെ അനുജൻ, തിരുവനന്തപുരം പോസ്റ്റാഫീസിനു തൊട്ടടുത്തുള്ള സർവ്വേ നമ്പർ 139/1-ൽ എട്ട് സെന്റ് പുരയിടവും രണ്ട് ലക്ഷം രൂപ വിലപിടിപ്പുള്ള ഒരു കെട്ടിടവും 84 മോഡൽ അംബാസിഡർ ടൂറിസ്റ്റ് കാറും എല്ലാം സ്വന്തമായി ഉണ്ടാക്കുകയും ഓഫീസിലെ നിരപരാധികളായ പെൺകുട്ടികളെ ട്രാൻസ്ഫർ എന്ന ഡാംഗ് ഉപയോഗിച്ച് തിരുവനന്തപുരത്തെ ലോഡ്ജുകളിലും.....പോകട്ടെ ആ മാന്യൻ മൂന്നുപേരെ ക്ലാർക്കുമാരായി നിയമിക്കാമെന്നു പറഞ്ഞ് (രാജൻ, ഫ്രാൻസീസ്, യേശുദാസൻ എന്നിവരിൽനിന്ന്) 25,000 രൂപ വാങ്ങിയതായി വ്യക്തമായ തെളിവ് ലഭിച്ചിട്ടുണ്ട്. മേൽപടി മുരളിയുടെ നിർദ്ദേശാനുസരണം 13-3-1985-ൽ തിരുവനന്തപുരം സർക്കിളിന്റെ കീഴിൽ 10,000 രൂപാ വീതം പറഞ്ഞുകൊണ്ട് രണ്ട് സി.എൽ.ആർ. ഡ്രൈവർമാരെ പുതുതായി നിയമിച്ചിരിക്കുന്നു. അതോറിറ്റിയിലെ ജേക്കബ്ബ് (യു.ഡി.സി), രഹസ്യ ഫയലുകൾ ചോർത്തിക്കൊടുത്ത് ആയിരങ്ങൾ വസൂലാക്കിയ കഥകൾ വെളിവായിട്ടുണ്ട്, ഇവരെല്ലാം ഐ.എൻ.ടി.യു.സി. ക്കാരാണ് സർ.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭയിൽ മറുപടി പറയാൻ പറ്റാത്ത ആളുകളെക്കുറിച്ച് പറയാതിരിക്കുന്നതാണ് നല്ലത്.

ശ്രീ. എം.വി. രാഘവൻ: തലവാചകം മാത്രം വായിക്കുകയാണ് ഞാൻ.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭയിലുള്ള ആളുകളെപ്പറ്റി മാത്രം പറയൂ.

ശ്രീ. എം.വി. രാഘവൻ: എനിക്കും നിങ്ങൾക്കുംതന്നെ അപമാനകരമായിട്ടുള്ള ഒരു കാര്യമാണിത്.

ശ്രീ. എം.പി. ഗംഗാധരൻ: ശ്രീ. രാഘവൻ രാഷ്ട്രീയ പ്രവർത്തകൻ കൂടിയാണല്ലോ, യൂണിയന്റെ പ്രവർത്തനവുമറിയാമല്ലോ? യൂണിയനിലെ വ്യക്തികൾ തമ്മിൽ തെറ്റുകയും അങ്ങോട്ടുമിങ്ങോട്ടും തെറിപറയുകയും അതിനുശേഷം നോട്ടീസ് അച്ചടിക്കുകയും ആയതിന് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികൾ പിന്നിൽ നിൽക്കുകയും അങ്ങനെ തെറി പറയിപ്പിക്കുകയും ചെയ്യുന്നത് ഇവിടെ കൊണ്ടുവന്ന് വായിക്കാൻ നാണമില്ലല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.വി. രാഘവൻ: അതിനൊരു മറുപടി ഇതാ: പ്രസ്താവന നമ്പർ–2 : അധോലോക നായകൻമാർ പിടിയിൽ ഓടരുതമ്മാവാ ആളറിയാം.

ശ്രീ. കെ.കെ. രാമചന്ദ്രൻമാസ്റ്റർ: ബഹുമാനപ്പെട്ട മെമ്പർ വളരെ ഉത്തരവാദപ്പെട്ട ആളാണല്ലോ, ഇത് വളരെ ലജ്ജാകരമാണ്. അങ്ങാടിയിൽ നിന്നും മറ്റും പെറുക്കിയെടുക്കുന്ന കടലാസുകഷ്ണം നിയമസഭയിൽ കൊണ്ടുവന്ന് വായിക്കുന്നത് സഭയ്ക്ക് അപമാനകരമാണ്.

ശ്രീ. എം.വി. രാഘവൻ: ഞാൻ നോട്ടീസിന്റെ തലവാചകം മാത്രമേ വായിച്ചുള്ളൂ. അത് മുഴുവൻവായിച്ചാലുള്ള സ്ഥിതി എന്താണ് എന്നറിയാമോ? ഇപ്പോഴം ബഹുമാനപ്പെട്ട മന്ത്രി ഗംഗാധരൻ ഇവിടെ പറയുകയാണ് കോൺഗ്രസ് പുറത്താക്കിയ ആളുകളുടെ നോട്ടീസ് എന്ന്; ഞാൻ ഇതിനും മറുപടി പറഞ്ഞു. ജയചന്ദ്രനെയാണോ കോൺഗ്രസ് പുറത്താക്കിയത്? തമ്പാനൂർ രവിയല്ലേ ഇതിന്റെ പ്രസിഡന്റ്? പാലോട് രവിയല്ലേ വൈസ് പ്രസിഡന്റ്? സെക്രട്ടറിയല്ലേ ജയചന്ദ്രൻ? പാലോട് രവിയേയും തമ്പാനൂർ രവിയേയും നിങ്ങൾ പുറത്താക്കിയിട്ടുണ്ടോ? ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കുത്തിയിട്ട് വല്ല കാര്യവുമുണ്ടോ? അതുകൊണ്ട് എനിക്ക് ശ്രീ. ഗംഗാധരനോട് പറയാനുള്ളത് നിങ്ങൾ ഇനിയെങ്കിലും ഈ ഉദ്യോഗ നിയമനവും കൊണ്ടുനടക്കരുത്.

മന്ത്രി മാത്രമല്ല കൈക്കൂലി വാങ്ങുന്നത്. മന്ത്രിയുടെ ശിങ്കിടികളും, പി.ആർ.ഒ. എന്നെല്ലാം പറഞ്ഞ് അവിടെ കുറേപേരെ കുത്തിനിറുകിയിട്ടുണ്ടല്ലോ, റിട്ടയർ ചെയ്ത ആളുകളും മലപ്പുറം കളക്ടറേറ്റിൽ എന്തോ ക്ലാർക്കായിട്ടോ മറ്റോ ജോലിയിലിരുന്ന് റിട്ടയർ ചെയ്ത ഒരാളും ഇവിടെ പി.ആർ.ഒ.യായുണ്ട്, ആ ചങ്ങാതി പി.ആർ.ഒ. യുടെ പണിയല്ല ചെയ്യുന്നത് വേറെ ജോലിയാണ് ചെയ്യുന്നത് എന്നാണ് ഈ നോട്ടീസിൽ ഉള്ളത്. ഞാൻ അത് മുഴുവൻ വായിക്കാത്തത് എന്റെ സദാചാരബോധംകൊണ്ടാണ്.

ശ്രീ. ടി.കെ. ഹംസ: ബഹുമാനപ്പെട്ട മെമ്പർക്കു കോൺഗ്രസ് സംസ്ക്കാരം അറിയാമോ? നാഗപ്പൂരിൽനിന്ന് ട്രെയിനിംഗ് കഴിച്ച് ഒരു വിദേശത്തെ മോസ്കോയിലേക്ക് അയച്ചല്ലോ, അതിന്റെ ബാക്കിയാ ഇതൊക്കെ.

ശ്രീ. എം.വി. രാഘവൻ: ആ നാഗപ്പൂർ സംസ്ക്കാരം ഇവിടെ നടക്കുകയില്ല. (കേരളത്തിൽ).....(ബഹളം).....ശ്രീ. ഹംസയോടൊന്നും ചോദിക്കണ്ടല്ലോ!

ശ്രീ. രമേശ് ചെന്നിത്തല: കോൺഗ്രസ്സിന്റെ ഉപ്പും ചോറും തിന്നു വളർന്നവനാണ്, നന്ദിയില്ലാത്തവനാണ്.....(ബഹളം).....

ശ്രീ. എം.വി. രാഘവൻ: ചോദ്യം എന്നോട് ചോദിക്കൂ, ശ്രീ. ഹംസയോടൊന്നും ചോദിക്കണ്ടല്ലോ, ശ്രീ. രമേശ് എൻ.എസ്.യു.വിന്റെ നാഷണൽ ലീഡറാണല്ലോ, രമേശ് എൻ.എസ്.യു. വിന്റെ പ്രസിഡന്റായ കാലത്തല്ലേ പിള്ളേർ നാഗ്പ്പൂർ സംസ്ക്കാരം ഈ രാജ്യത്ത് കാണിച്ചത്? എന്നിട്ട് ഇവിടെ വന്ന് വെറുതെ സംസാരിച്ചിട്ടെന്ത് കാര്യം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രമേശ് ചെന്നിത്തല: നാഗ്പ്പൂർ യൂണിവേഴ്സിറ്റിയിൽ എൻ.എസ്.യു. ആണ് ജയിച്ചത് എന്നുള്ള വിവരം അറിയാമോ? അതിനുശേഷം നടന്ന അസംബ്ലി തിരഞ്ഞെടുപ്പിൽ ആ സമ്മേളനം നടത്തിയ എൻ.എസ്.യു. വിന്റെ സ്റ്റേറ്റ് പ്രസിഡന്റ് വിജയിച്ച വിവരം അറിയാമോ?

ശ്രീ. എം.വി. രാഘവൻ: പലരും പലേടത്തും വിജയിച്ചിട്ടുണ്ടാകും. ശ്രീ. എം.പി. ഗംഗാധരൻ 90 വോട്ടിനു ജയിച്ചിട്ടില്ലേ?

ശ്രീ. എ.കെ. ശശീന്ദ്രൻ: നാഗ്പ്പൂരിൽനിന്നു ട്രെയിനിംഗ് കഴിഞ്ഞ കുറേപ്പേർ എന്തോ ഒക്കെ കാണിച്ചു എന്നു പറഞ്ഞല്ലോ, അത് അവിടെ ചെയ്തതുകൊണ്ട് അസംബ്ലി തിരഞ്ഞെടുപ്പിലും യൂണിവേഴ്സിറ്റി തിരഞ്ഞെടുപ്പിലും അവരുടെ പാർട്ടി ഗംഭീരമായി ജയിച്ചു എന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ എല്ലാ സ്ഥലത്തും ഇതൊന്ന് ആവർത്തിച്ച് അസംബ്ലിയിലും യൂണിവേഴ്സിറ്റിയിലുമൊക്കെ ജയിപ്പിക്കാൻ സാധിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: അത് ഞങ്ങൾ നോക്കിക്കൊള്ളാം. നാഗ്പ്പൂരിൽ കുഴപ്പമുണ്ടാക്കിയ ആർ.എസ്.എസ്. ഉൾപ്പെടെയുള്ള ആളുകളെ സഹായിക്കുന്ന രീതിയിലാണോ ശ്രീ. എ.കെ. ശശീന്ദ്രൻ ഉൾപ്പെടെയുള്ള ആളുകൾ പറയുന്നത്? അവിടെ നടന്ന സംഘവികാസങ്ങളിൽ ആർ.എസ്.എസ്.—ന് പരോക്ഷമായ പങ്കുണ്ട്. നിങ്ങൾ അതിനെ ന്യായീകരിക്കുകയാണോ ചെയ്യുന്നത്?

ശ്രീ. എ.കെ. ശശീന്ദ്രൻ: അതൊക്കെ ന്യായീകരിക്കുന്നത് ശ്രീ. രമേശ് ചെന്നിത്തലയാണ്. മോസ്കോയിൽ പോയി പോക്കിരിത്തരങ്ങൾ കാണിച്ചതിനെ ന്യായീകരിക്കാൻ ശ്രമിക്കുന്നത് ശ്രീ. രമേശ് ചെന്നിത്തലയാണ്.

ശ്രീ. എം.വി. രാഘവൻ: നാഗ്പ്പൂർ സംഭവത്തെപ്പറ്റി പറയുമ്പോൾ രമേശ് ചെന്നിത്തലയ്ക്ക് വലിയ ബുദ്ധിമുട്ടുണ്ട്. ആർ.എസ്.എസ്. ആണ് ചെയ്തതെന്നാണ് പറയുന്നത്. അവരവരുടെ പിള്ളേർ ചെയ്ത കാര്യങ്ങളുടെ ഉത്തരവാദിത്വം അവരവർക്ക് ഏറ്റെടുക്കാൻ കഴിയുകയില്ലായെങ്കിൽ പിന്നെങ്ങനെയാണ്? എന്നിട്ട് നാഗ്പ്പൂരിലുണ്ടായ നഷ്ടത്തിനു മുഴുവൻ നഷ്ടപരിഹാരം കൊടുക്കാൻ ശ്രീ. രാജീവ് ഗാന്ധിയാണ് അന്ന് കൽപ്പിച്ചത്; കാരണം നിങ്ങൾ ചെയ്തതുകൊണ്ട്.

ശ്രീ. എ.സി. ഷൺമുഖദാസ്: ആർ.എസ്.എസ്. ഹെഡ്കാർട്ടേഴ്സിൽ 600 വോട്ടുകളുണ്ട്; ആ പോളിങ്ങ് ബൂത്തിൽ ജനസംഘത്തിന് കേവലം നൂറ് വോട്ടേ കിട്ടിയുള്ളൂ, ബാക്കി മുഴുവൻ വോട്ടും കോൺഗ്രസ്—ഐ—ക്കാണ് കിട്ടിയത് എന്നുള്ളതറിയാമോ?

ശ്രീ. എം.വി. രാഘവൻ: അതറിയാമല്ലോ. കോൺഗ്രസ്—ഐയും ആർ.എസ്.എസ്സും ആയി കൂട്ടുകൂടിയത് അങ്ങേക്കറിയാമല്ലോ.

ശ്രീ. രമേശ് ചെന്നിത്തല: ശ്രീ. ഷൺമുഖദാസിനു അത് പറയാനുള്ള അന്തസ്സുണ്ടോ? നാണമുണ്ടോ? ശ്രീ. പവാർ ആർ.എസ്.എസു

LIBRARY ARCHIVES Kerala Legislative Assembly

മായി ചേർന്നല്ലേ പി.ഡി.എഫ്. ഉണ്ടാക്കിയത്; ബി.ജെ.പി. യുമായി ചേർന്നല്ലേ അവിടെ മത്സരിച്ചത്?

ശ്രീ. എം.വി. രാഘവൻ: എന്തിനാണ് ഇതിനെ ന്യായീകരിക്കാൻ പുറപ്പെടുന്നത്? ബഹുമാനപ്പെട്ട മെമ്പർ വെറുതേയിരിക്കുന്നതാണ് നല്ലത്. ഇതിനെയൊന്നും ന്യായീകരിക്കാൻ ശ്രമിക്കേണ്ട. നാഗ്പ്പൂർ സംസ്ക്കാരമൊന്നും ആരുവിചാരിച്ചാലും കേരളത്തിൽ നടക്കുകയില്ല. അത് മനസ്സിലാക്കണം. സോവിയറ്റ് യൂണിയനിൽ ഈയിടെ പോയി നമ്മുടെ രാജ്യത്തെ അപമാനിക്കുകയാണ് ചെയ്തത്. മോസ്ക്കോ നഗരത്തിൽ മൂന്നിൽ രണ്ട് ഭാഗം കാടാണ്. കൃത്രിമമായി വെച്ചു പിടിപ്പിച്ചതാണ് അത്. അപ്പോഴാ യുത്ത് കോൺഗ്രസ്സുകാർ വിചാരിച്ചു ഈ കാട്ടിൽ കയറിയാൽ ആരും കാണുകയില്ല എന്ന്. ശ്രീ. നൂറുദ്ദീന്റെ കാടുപോലെയാണ് മോസ്കോയിലെ കാട് എന്നാണ് അവർ വിചാരിച്ചത്. എന്നിട്ട് കയറിയവരെ പട്ടിയാണ് പിടിച്ചത്. എന്നിട്ട് വെറുതേ ഇവിടെ വന്നിട്ട്.....? യുത്ത് കോൺഗ്രസ്സിന്റെ ഡെലിഗേഷൻ മോസ്ക്കോയിൽ പോയി, മൂന്നിൽ രണ്ടുഭാഗം കാടാണ് എന്നാണ് പറയുന്നത്. ഞാൻ പോയിട്ടില്ല; ഇവരാണല്ലോ ഇപ്പോഴും അധികവും പോകുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, യുത്ത് കോൺഗ്രസ്സിന്റെ തന്നെയല്ല, എല്ലാ രാഷ്ട്രീയപാർട്ടികളുടെയും യുവജനസംഘടനകളും അടങ്ങുന്ന നാഷണൽ പ്രിപ്പറേറ്ററി കമ്മിറ്റിയാണ് ഡെലിഗേറ്റ്സിനെ തിരഞ്ഞെടുത്ത് മോസ്ക്കോയിലേക്ക് അയച്ചത്. ശ്രീ. രാഘവന്റെ പാർട്ടിയുടെയും കെ.പി. പ്രഭാകരന്റെ പാർട്ടിയുടെയും ഷൺമുഖദാസിന്റെ പാർട്ടിയുടെയും ആളുകളും അതിലുണ്ടായിരുന്നു. അതിനുശേഷം മോസ്ക്കോയിൽ നടന്ന സംഭവത്തെക്കുറിച്ച് ഒരു വാർത്ത പ്രത്യക്ഷപ്പെട്ടപ്പോൾ എല്ലാ യുവജനസംഘടനകളും ചേർന്ന് ഒരു പ്രസ്താവനയിൽ ഒപ്പിട്ടിട്ട് അങ്ങനെ ഒരു സംഭവം നടന്നിട്ടില്ല എന്ന് പറഞ്ഞ് അത് നിഷേധിച്ച സാഹചര്യത്തിലും വീണ്ടും അതിനെപ്പറ്റി ഇങ്ങനെ പറയുന്നത് ഓർഡറിലാണോ?

ശ്രീ. എം.വി. രാഘവൻ: സർ, ഞങ്ങളുടെ യുവജനസംഘടന അങ്ങനെ ഒരു പ്രസ്താവനയും പുറപ്പെടുവിച്ചിട്ടില്ല. നിങ്ങളുടെ യുത്ത് നേതാവ് തന്നെ ഇത് നടന്നു എന്നു പറഞ്ഞു. ഇപ്പോഴാ അയാളെ പുറത്താക്കാനുള്ള നടപടിയാണ് എടുക്കുന്നത്. നിങ്ങളുടെ നേതാവ് ഡി.വൈ.എഫ്.ഐ.ക്കാരൻ മാർക്സിസ്റ്റ്കാരന്റെ കൊടിപിടിച്ചു എന്ന് ഒരു പകരം ആരോപണമാണ് ഉന്നയിച്ചത്. അത് നടക്കാത്ത കാര്യമാണ്. നിങ്ങടെ ത്രിവർണ്ണപതാക എടുക്കാൻ മറന്നുപോയി. എന്നിട്ട് ഇവിടെ വന്നിട്ട് വെറുതെ അതുമിതും പറഞ്ഞിട്ട് കാര്യമില്ല. വെറുതെ ഓരോന്ന് ചോദിച്ചിട്ട് എന്നെക്കൊണ്ട് പറയിപ്പിക്കേണ്ട. നാഗ്പ്പൂർ സംഭവത്തെക്കുറിച്ചും മോസ്ക്കോയിൽ പോയി ചെയ്ത കാര്യത്തെപ്പറ്റിയും ഇവിടെ പറയേണ്ട. 'വേണ്ടാത്ത വ്ടി കൊടുത്ത് കിട്ടാത്ത അടി വാങ്ങിക്കേണ്ട'. അങ്ങിയിരിക്ക്. ശ്രീ. എം.പി. ഗംഗാധരനോട് സ്നേഹമുള്ളതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. ശ്രീ. ഗംഗാധരൻ മാത്രമല്ല അഴിമതി നടത്തുന്നത്. അദ്ദേഹത്തിന്റെ ചുറ്റും കൂടിയിരുന്ന് എ.ഐ.എൻ.ടി.യു.സി.യും യുത്തുകാരുമെല്ലാം അഴിമതി നടത്തിയതിന്റെ നോട്ടീസ് ഇവിടെയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ തലവാചകമാണ് ഞാൻ ഉവിടെ വായിച്ചത്. ഇതൊന്ന് അവസാനിപ്പിച്ചുകൂടേ? ഇത് കോൺഗ്രസ് (ഐ)ക്ക് മോശമാണ്. മുഖ്യമന്ത്രിയുടെ സപ്പോർട്ട് ഉണ്ടെന്നു വിചാരിച്ച് എന്തും കാണിക്കാമോ? ഇത് അപഹാസ്യമായ നിലയല്ലേ?

ശ്രീ. ഇ. പത്മനാഭൻ: സർ, ഈ അതോറിറ്റിയുടെ കീഴിലുള്ള സാധാരണ ജീവനക്കാരാണ് ഇവരെന്ന വസ്തുത അറിയാമോ? അതോറിറ്റിയുടെ ചെയർമാൻ ഉൾപ്പെടെ അധികാരസ്ഥാനത്ത് ഉള്ളവർക്കെതിരായി പരസ്യമായി നോട്ടീസ് അടിച്ചിട്ടുള്ളവരുടെ പേരിൽ യാതൊരു നടപടിയും നാളിതുവരെ എടുത്തിട്ടില്ലെന്നുള്ളത് എന്തിനെയാണ് സൂചിപ്പിക്കുന്നത്?

ശ്രീ. എം.വി. രാഘവൻ: ശ്രീ. എം.പി. ഗംഗാധരനാ അറിയാമോ? അവിടെയുള്ള ജീവനക്കാരാണെന്ന് എനിക്ക് അറിയാൻ പാടില്ലായിരുന്നു.

ശ്രീ. ഇ. പത്മനാഭൻ: പാലോട് രവിയും തമ്പാനൂർ രവിയും ഒഴികെയുള്ളവരെല്ലാം അവിടത്തെ ജീവനക്കാരാണ്.

ശ്രീ. എം.വി. രാഘവൻ: സർ, കോടതിയിൽ പോയാൽ തെളിയും. അതുകൊണ്ട് പേടിയുണ്ട്. ഇത് അഴിമതിയുടെയും അനാശാസ്യപ്രവർത്തനങ്ങളുടേയും കോർപ്പറേഷനാണ്. വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി എന്നതിനു പകരം അഴിമതി ആൻറ് അനാശാസ്യ അതോറിറ്റി എന്ന് പേര്, കൊടുക്കുന്നതാണ് നല്ലത്. ശ്രീ. പി.സി. ജോർജ്ജിന്റെ അഭിപ്രായം അധോലോകകോർപ്പറേഷൻ എന്ന പേര് വയ്ക്കണമെന്നാണോ? സർ, ഇത് ഈ രാജ്യത്തിനുതന്നെ അപമാനകരമാണ്.

പൈപ്പിനെപ്പറ്റി ഇവിടെ ശ്രീ. എം.പി. ഗംഗാധരൻ പറഞ്ഞു. എച്ച്.ഡി.പി. പൈപ്പ് വാങ്ങിയതിനെപ്പറ്റി ഇവിടെ പലരും പരാമർശിച്ചതാണ്. എച്ച്.ഡി.പി. പൈപ്പ് പി.വി.സി. പൈപ്പിനേക്കാൾ മൂന്നിരട്ടി വിലയുള്ളതാണ്. എന്തിനാണ് ഇത് ഇങ്ങനെ വാങ്ങുന്നത്? ആ പൈപ്പ് കെട്ടിക്കിടക്കുകയാണ്. 20 ശതമാനമാണ് അതിന് കമ്മീഷൻ. കഴിഞ്ഞവർഷം പൈപ്പ് വാങ്ങിക്കൂട്ടുന്നതിനെപ്പറ്റി മലയാള മനോരമ ഒരു ഫീച്ചർ പ്രസിദ്ധപ്പെടുത്തി. അതിൽ മനോരമ പറഞ്ഞത് പത്തുശതമാനം കമ്മീഷൻ കിട്ടുമെന്നാണ്, ഇപ്പോൾ 20 ശതമാനം എന്നാണ് പറയുന്നത്. ഇതിനുവേണ്ടിയല്ലേ അത് ചെയ്യുന്നത്? ശ്രീ. എം.പി. ഗംഗാധരൻ ഒന്നും മിണ്ടുന്നില്ല. മൂന്നുകോടി രൂപയുടെ പി.വി.സി. പൈപ്പ് വാങ്ങുന്നതിനു പകരം 10.6 കോടി രൂപയുടെ 15 ലക്ഷം മീറ്റർ എച്ച്.ഡി.പി. പൈപ്പ് വാങ്ങി ഗവൺമെന്റിന് 7 കോടിയിൽപ്പരം രൂപ ശ്രീ. എം.പി. ഗംഗാധരൻ നഷ്ടപ്പെടുത്തി. അതിനെപ്പറ്റി ഞങ്ങൾ പ്രധാനമന്ത്രിക്ക് കൊടുത്ത നിവേദനത്തിലും പറഞ്ഞിട്ടുണ്ട്. അതിനെപ്പറ്റി അന്വേഷണം നടത്തണമെന്നും പറഞ്ഞിട്ടുണ്ട്. അതിൽ അഴിമതിയില്ലെങ്കിൽ ഒരു അന്വേഷണം നടത്തുന്നതിൽ ശ്രീ. എം.പി. ഗംഗാധരന് എന്താണ് കുഴപ്പം? അന്വേഷണത്തിന് സമ്മതിച്ചുകൂടേ?

ഇത് കൊലക്കേസ് പോലെയല്ല. നിങ്ങൾക്ക് രാഷ്ട്രീയത്തിൽ തുടരണം. നിങ്ങൾ അഴിമതിക്ക് കൂട്ടുനിൽക്കാത്ത മന്ത്രിയാണെന്ന് തെളിയിക്കാൻ വേണ്ടി; പ്രതിപക്ഷത്തിന്റെ ആരോപണങ്ങൾ തെറ്റാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്ന് തെളിയിക്കാൻ വേണ്ടി, ധൈര്യമായിട്ട് അന്വേഷണത്തിന് തയ്യാറായിക്കൂടേ? നിങ്ങൾ അന്വേഷണത്തെ നേരിടുമെന്നാണ് എനിക്ക് തോന്നുന്നത്. അന്വേഷണം നേരിടുമ്പോൾ സ്റ്റുയിസ് വാൽവിന്റെ കാര്യംകൂടി ഉൾപ്പെടുത്തണം. അന്വേഷണത്തിന് ഇപ്പോൾ അരസമ്മതം ഉണ്ട്. നിയമസഭയുടെ മേശപ്പുറത്ത് വെച്ച രേഖയിൽ നിന്ന് 5 കോടി രൂപയുടെ അഴിമതി നടത്തിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. എം.പി. ഗംഗാധരൻ: മേശപ്പുറത്തു വെച്ചരേഖയിൽ ഏത് കാലത്തെ കാര്യമാണ് പറഞ്ഞിരിക്കുന്നതെന്നു നോക്കണം.

ശ്രീ. എം.വി. രാഘവൻ: ഞാൻ ഇവിടെ പ്രസംഗിച്ചതാണ്. പി.ഡബ്ലിയു.ഡി. സെക്രട്ടറി പണിക്കർ, ഒരുകോടി രൂപയുടെ നഷ്ടമുണ്ട്. വിജിലൻസ് എൻക്വയറി വേണം, ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്യണം എന്ന് എഴുതി. ചീഫ് സെക്രട്ടറി അത് എഗ്രി ചെയ്ത ചെയ്തത് അതിനെത്തുടർന്ന് ഡെപ്യൂട്ടി ചീഫ് മിനിസ്റ്റർ എഗ്രി ചെയ്തു ശ്രീ. എം.പി. ഗംഗാധരൻ എഴുതി ആ ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്യേണ്ട, ട്രാൻസ്ഫർ ചെയ്താൽ മതി എന്ന്. ആ ഫയൽ ഇവിടെ മേശപ്പുറത്തുവച്ചതാണ്.

ശ്രീ. എം.പി. ഗംഗാധരൻ: സസ്പെൻഡ് ചെയ്തത് ഗംഗാധരനല്ല. നഹാ സാഹിബ്ബാണ്. അദ്ദേഹം അതിൽ ഒപ്പിട്ടു. അതറിയില്ലേ?

ശ്രീ. എം. വി. രാഘവൻ: സർ, അങ്ങനെയാണെങ്കിൽ നഹാ സാഹിബ്ബ് ഉത്തരം പറയണം. ഞാൻ ഇത്രയും കാലം വിചാരിച്ചത് നഹാസാഹിബ്ബല്ല കൺസേൺഡ് മിനിസ്റ്റർ എന്നാണ്. നഹാ സാഹിബ്ബാണ് അല്ലേ?

ശ്രീ. എം.പി. ഗംഗാധരൻ: നഹാസാഹിബ്ബ് അല്ല. സർ, സസ്പെൻഡ് ചെയ്യണോ വേണ്ടയോ എന്ന് അവസാനമായി തീരുമാനിച്ച് ചെയ്യേണ്ട ആൾ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിന്റെ ഹെഡ്ഡാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇറിഗേഷൻ മിനിസ്റ്റർ ഈ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കേണ്ട എന്ന് നഹാ സാഹിബ്ബിന് റിപ്പോർട്ട് അയച്ചതായി അറിയാമോ? ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കാത്തത് എന്ന് അറിയാമോ?

ശ്രീ. എം.പി. ഗംഗാധരൻ: സർ, അല്ല. വെറുതേ കളവായ കാര്യങ്ങൾ പറയുന്നതെന്തിനാണ്? ഞാൻ കടലാസ്സുകൾ മേശപ്പുറത്ത് വച്ചതാണ്. വായിച്ച് നോക്കണം. അദ്ദേഹത്തെ ഈ സ്റ്റേറ്റിൽ ട്രാൻസ്ഫർ ചെയ്താൽ മതി, വിജിലൻസ് എൻക്വയറി കഴിഞ്ഞ് റിപ്പോർട്ട് വന്നിട്ട് മതി ബാക്കി കാര്യങ്ങൾ എന്നായിരുന്നു എന്റെ അഭിപ്രായം. ആ അഭിപ്രായത്തിൽ നിന്നു വ്യത്യസ്തമായി മറ്റൊരു അഭിപ്രായമുണ്ടെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് ഭരിക്കുന്ന ആളിന് എന്ത് നടപടിയും സ്വീകരിക്കാം. അതിന് എന്തിനാണ് എന്നെ കുറ്റം പറയുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.വി. രാഘവൻ: നിയമസഭയുടെ മേശപ്പുറത്ത് ഇതു സംബന്ധിച്ച് രേഖകൾ വച്ചതാണ്.

ശ്രീ. ഇ.കെ. നായനാർ: സർ, ഇതിനെ സംബന്ധിച്ച് അന്വേഷണം നടത്താമോ? ഒന്നേകാൽ കോടി രൂപയുടെ മിസപ്രോപ്രിയേഷൻ നടത്തിയതിനെപ്പറ്റി അന്വേഷിക്കാമോ?

ശ്രീ. എം.പി. ഗംഗാധരൻ: വിജിലൻസ് എൻക്വയറിക്ക് ഉത്തരവിട്ടത് ഞാനാണ്. വിജിലൻസ് എൻക്വയറി കഴിഞ്ഞത് റിപ്പോർട്ട് ഗവൺമെന്റിന് കിട്ടിക്കഴിഞ്ഞു. കർശനമായ നടപടി സ്വീകരിക്കാം. നിങ്ങളുടെ കാലഘട്ടത്തിൽ നടന്ന ഇടപാടാണ്. വേണ്ടിവന്നാൽ നിങ്ങൾക്ക് ഉത്തരവാദിത്വമുണ്ടോ എന്ന് പരിശോധിക്കാം. അന്നത്തെ ഇറിഗേഷൻ മിനിസ്റ്റർക്കും ഉത്തരവാദിത്വമുണ്ടോ എന്ന് പരിശോധിക്കാം. അതുമായി ബന്ധപ്പെട്ട എല്ലാ ആളുകളുടേയും പേരിൽ ശക്തമായ നടപടികൾ സ്വീകരിക്കും.

ശ്രീ. ഇ.കെ. നായനാർ: ഞങ്ങളുടെ കാലത്തല്ല നടന്നത്. ശ്രീ. എം.പി. ഗംഗാധരൻ കൈകാര്യം ചെയ്തതാണ്. ഒന്നേകാൽ കോടി രൂപയുടെ മിസപ്രോപ്രിയേഷൻ നടത്തിയതാണ്; പണിക്കർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവിടെ ശ്രീ. എം.പി. ഗംഗാധരനും ഡെപ്യൂട്ടി മുഖ്യമന്ത്രിയുമുണ്ട്. നമുക്ക് ഇതിനെ സംബന്ധിച്ച് നിഷ്പക്ഷവും നീതിപൂർവ്വകവുമായ ഒരു അന്വേഷണം നടത്താം. ശ്രീ. ഗംഗാധരനെ കൂട്ടിൽക്കയറ്റുന്ന കാര്യം ഞാനേറ്റു.

ശ്രീ. എം.പി. ഗംഗാധരൻ: സർ, ശ്രീ. നായനാർ, മേശപ്പുറത്ത് വച്ച കടലാസ്സുകൾ നോക്കണം. അങ്ങ് മുഖ്യമന്ത്രി ആയിരുന്ന ആളല്ലേ? ആ ട്രാൻസ്ആക്ഷൻ—ഒരു ലക്ഷത്തിന് ടെൻഡർ ചെയ്തു, 62 ലക്ഷത്തിന് 1981—ൽ വാങ്ങി, 1982—ലും 60 ലക്ഷത്തിന് വാങ്ങി, ഒരുലക്ഷത്തിൽ ചിലവാനം കോടി രൂപയ്ക്ക് വാങ്ങി; നിങ്ങളായിരുന്നു അന്ന് മുഖ്യമന്ത്രി. ആരാണ് കൂട്ടിൽ കയറ്റുന്നത് എന്ന് നമുക്ക് കാണാം.

ശ്രീ. ഇ.കെ. നായനാർ: അതിന്റെ ഫോട്ടോ സ്റ്റാറ്റ് കോപ്പി മുഴുവൻ എന്റെ കയ്യിൽ ഉണ്ട്. നമുക്ക് അന്വേഷണം നടത്താം. ഒന്നരക്കോടി രൂപ കൈക്കൂലി വാങ്ങിയില്ലേ?

ശ്രീ. എം.വി. രാഘവൻ: ശ്രീ. എം.പി. ഗംഗാധരൻ പറയുന്നു, നായനാരുടെ ഭരണകാലത്ത് ഒരുലക്ഷം രൂപയ്ക്കുള്ള ഓർഡർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൊടുത്തു എന്ന്. ഒരുകോടി രൂപ ശ്രീ. ഗംഗാധരന്റെ ഭരണകാലത്ത് നഷ്ടപ്പെടുത്തിയെന്നാണ് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പി.ഡബ്ലിയു.ഡി. സെക്രട്ടറി പണിക്കർ പറഞ്ഞത് ഒരു കോടി രൂപ നഷ്ടമുണ്ട്, ആ ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്യണമെന്ന്. വിജിലൻസ് എൻക്വയറിക്കും പറഞ്ഞു. പി.ഡബ്ലിയു.ഡി. സെക്രട്ടറി പറഞ്ഞത് ശരിയാണെന്ന് ചീഫ് സെക്രട്ടറി എഴുതി. അത് ഇവിടെ മേശപ്പുറത്ത് വച്ചതാണ്. അതിനെത്തുടർന്ന് നഹാ സാഹിബ് എഴുതി. അതിനുശേഷം ശ്രീ. ഗംഗാധരൻ പറഞ്ഞു, സസ്പെൻഡ് ചെയ്യേണ്ട, സ്റ്റേറ്റ്മെന്റിൽനിന്ന് മതി എന്ന്.

LIBRARY ARCHIVES Kerala Legislative Assembly

അതിനെത്തുടർന്ന് നഹാസാഹിബ് പറഞ്ഞു കൺസേൺഡ് മിനിസ്റ്റർ ഇങ്ങനെ പറയുന്നതുകൊണ്ട് ഞാൻ നിർത്തുന്നു എന്ന്. ഇപ്പോൾ അദ്ദേഹം പറയുന്നു ഞാനല്ല, ഡെപ്യൂട്ടി ചീഫ് മിനിസ്റ്ററാണ് കൊള്ളരുതായ്മക്ക് ഉത്തരവാദി എന്ന്. നിങ്ങൾ ഇതിന് എതിര് പറയേണ്ട, ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറിൻെറ കാലത്ത് നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്താണ് ഇത് ഓർഡർ ചെയ്തത് എന്ന അഭിപ്രായമുണ്ടെങ്കിൽ നായനാർ അടക്കം ഒരു അന്വേഷണത്തെ നേരിടാൻ ഞങ്ങൾ തയ്യാറാണ്. നിങ്ങൾ തയ്യാറുണ്ടോ? ഞങ്ങൾ അതിന് തയ്യാറാണ്.

ശ്രീ. എം.പി. ഗംഗാധരൻ: സർ, ഒരു ലക്ഷത്തിന് അഡ്വർടൈസ് ചെയ്ത് മേടിച്ച കാലത്തെക്കുറിച്ചല്ല പറയുന്നത്. ഒരുലക്ഷത്തിന് അഡ്വർടൈസ് ചെയ്തിട്ട് ശ്രീ. നായനാരുടെ ഭരണകാലത്ത് 62 ലക്ഷത്തിനാണ് വാങ്ങിയത്. പിറേറക്കൊല്ലം 60 ലക്ഷത്തിനു വാങ്ങിച്ചു.

ശ്രീ. എം.വി. രാഘവൻ: അതൊന്നും പറഞ്ഞിട്ട് കാര്യമില്ല. ഫയൽ മേശപ്പുറത്ത് വച്ചതാണ്. ശ്രീ. സീതിഹാജി എന്താ മിണ്ടാത്തത്? ശ്രീ. നഹയാണ് അഴിമതിക്ക് ഉത്തരവാദിയെന്ന് പറഞ്ഞിട്ട് യൂണിയൻ ലീഗ് എന്താ ഒളിച്ചു നടക്കുന്നത്? ഞാൻ പറഞ്ഞത് മേശപ്പുറത്ത് വച്ചിട്ടുള്ള ഒരു ഫയലിൻെറ കാര്യമാണ്. സർക്കാരിൻെറ തെറ്റുമൂലം ഒരു കോടി രൂപയുടെ നഷ്ടം വന്നിട്ടുണ്ടെന്നു പറഞ്ഞിട്ടുണ്ട്. നമ്മുടെ രാജ്യത്തെ പാവപ്പെട്ട ആളുകളിൽനിന്ന് നികുതിയായി പിരിച്ചെടുത്ത കാശിൽ നിന്നാണ് ഈ ഒരു കോടി രൂപ നഷ്ടപ്പെട്ടിരിക്കുന്നത്. പി.ഡബ്ലിയു.ഡി. യിലെ ഒരു സെക്രട്ടറിയും ചീഫ് സെക്രട്ടറിയും ഡെപ്യൂട്ടി ചീഫ് മിനിസ്റ്ററും പറഞ്ഞിട്ടും അന്വേഷണം നടത്താതിരുന്നിട്ട് ഇപ്പോൾ നായനാരുടെ പേര് പറയുന്നു! നായനാർ അന്വേഷണം നടത്താം എന്നു പറഞ്ഞപ്പോൾ ശ്രീ. നഹയാണ് കള്ളൻ, നഹ അന്വേഷണം നടത്തിയില്ലെന്നു പറയുന്നു. ഇതാണോ നിങ്ങളുടെ കൂട്ടുത്തരവാദിത്വം? ശ്രീ. നഹ മറുപടി പറയണം. ഞാൻ ഇപ്പോൾ പറയുന്നത് ശ്രീ. എം.പി. ഗംഗാധരനെപ്പറ്റിയാണ്. സ്ലൂയിസ് വാൽവ് ഇടപാടിൽ 5 കോടി ഉറുപ്പികയുടെ അഴിമതി നടത്തിയ ഒരു മന്ത്രിയാണ് ഇവിടെ ഇരിക്കുന്നത്. അതുകൊണ്ടാണ് ഞങ്ങൾ അന്വേഷണം നടത്തണമെന്നു പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടത്. ഇറിഗേഷൻ പ്രോജക്ടിൽ വെള്ളം കനാലിലേക്ക് തിരിച്ചുവിടാനും കനാലിൽ നിന്നും വെള്ളം വയലിലേക്ക് തിരിച്ചുവിടാനുമാണ് ഈ വാൽവ് ഉപയോഗിക്കുന്നത്. വെസ്റ്റ് ബംഗാളിലെ ഒരു കമ്പനിയിൽ ഇതിന് 350 രൂപയാണുള്ളത്. ഇന്ദിരാ വർക്സ് എന്നു പറയുന്ന കോയമ്പത്തൂരിലെ ഒരു കള്ളക്കമ്പനിക്ക് നിങ്ങൾ 3800-ഉം 4000-ഉം വച്ചാണ് കൊടുത്തു വരുന്നത്. അതിനെക്കുറിച്ച് അന്വേഷണം നടത്തണമെന്നു പറയുമ്പോൾ ഞാനല്ല നഹയാണെന്ന് പറയുന്നു. ശ്രീ. നഹ ഇവിടെയില്ല. മുസ്ലീം ലീഗ് മിണ്ടുന്നതുമില്ല. സ്ലൂയിസ് വാൽവിൻെറ കാര്യത്തിൽ 500 ലക്ഷത്തിൻെറ കുംഭകോണമാണ് നടത്തിയിരിക്കുന്നത്. എച്ച്.ഡി.പി പൈപ്പിനെ സംബന്ധിച്ചിടത്തോളം 7 കോടി ഉറുപ്പികയാണ് സംസ്ഥാന ഖജനാവിന് നഷ്ടപ്പെടുത്തിയത്. പി.വി.സി. പൈപ്പിനു പകരം എച്ച്.ഡി.പി. പൈപ്പ് വാങ്ങി. ഒഴിച്ചുകൂടാൻ വയ്യാത്ത സാഹചര്യത്തിൽ മാത്രമേ എച്ച്.ഡി.പി. പൈപ്പ് വാങ്ങാവൂ. എന്നിട്ട് നിങ്ങൾ എന്താണ് ചെയ്തത്? ചീഫ് എഞ്ചിനീയറുടെ

LIBRARY ARCHIVES Kerala Legislative Assembly

ഓർഡറിന്റെ നമ്പർ എന്റെ കൈയിൽ ഉണ്ട്. ഇതു നിങ്ങൾക്ക് നിഷേധിക്കാനാവില്ല. ഖജനാവ് കൊള്ളയടിക്കാനുള്ള ഒരു സ്ഥാപനമാക്കി നിങ്ങൾ ഈ അതോറിറ്റിയെ മാറ്റിയിരിക്കുകയാണ്. വാട്ടർ ആൻറ് വേയ്സ് വാട്ടർ കോർപ്പറേഷന്റെ ജനനം തന്നെ അഴിമതിയിലാണ്. അതിന്റെ മരണം വരെ അത് അഴിമതിയിലായിരിക്കും. പൈപ്പ് ഇടപാടിനെ സംബന്ധിച്ചും സ്ലൂയിസ് വാൽവ് ഇടപാടിനെ സംബന്ധിച്ചും അന്വേഷണം നടത്തണം.

ഇതുപോലെതന്നെ പ്രധാനപ്പെട്ട ഒന്നാണ് ഇവിടത്തെ നിയമനം. ഓരോ നിയമനത്തിനും 25,000—ഉം 50,000—ഉം രൂപ വീതം വാങ്ങിച്ചിട്ടുണ്ട്. മന്ത്രിയും മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫും അവരുടെ ബന്ധുക്കളുമാണ് രൂപ വാങ്ങിച്ചത്. അതുകൊണ്ട് ഈ നിയമനത്തെക്കുറിച്ചും അന്വേഷണം വേണം. ഈ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടില്ലെങ്കിൽ ഇനിയും ഇത് തുടരും. ഇത്ര നഗ്നമായ അഴിമതി നടത്തിയ ഒരു മന്ത്രിയും ഒരു വകുപ്പും എവിടെയെങ്കിലും കാണാൻ കഴിയുമോ? ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറെ സസ്പെൻറ് ചെയ്തെന്ന് എന്റെ സുഹൃത്ത് കൃഷ്ണൻകുട്ടി പറഞ്ഞു. 2 കോടി രൂപയുടെ നഷ്ടമാണ് അയാൾ വരുത്തിയത്. പൈപ്പ് വാങ്ങിയതിന്റെ പേരിലാണോ ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി എടുത്തതെന്ന് മന്ത്രി മറുപടി പറയുമ്പോൾ പറയണം. ഇങ്ങനെ പൊതുഖജനാവ് കൊള്ളയടിക്കുന്നതുമൂലമുള്ള അപമാനം ഞങ്ങൾ പ്രതിപക്ഷത്തിനു മാത്രമല്ല അപ്പുറത്തിരിക്കുന്നവർക്കും സഹിക്കാൻ വയ്യാത്ത അവസ്ഥയിലെത്തിയിരിക്കുകയാണ്. വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റിയെപ്പറ്റി പറയുമ്പോൾ ആ കാര്യങ്ങൾ ശരിയാണെന്നു പ്രതിപക്ഷത്തുള്ളവർ മാത്രമല്ല ഭരണപക്ഷത്തിരിക്കുന്ന ഭൂരിപക്ഷം പേരും സമ്മതിക്കുന്നുണ്ട്. ഇക്കാര്യത്തിൽ അവരുടെ മനഃസാക്ഷി ഞങ്ങളുടെ കൂടെയാണെന്ന് എനിക്ക് ധൈര്യമായി പറയാൻ കഴിയും. അതുകൊണ്ടാണ് ഇതിനെപ്പറ്റി ഒരു അന്വേഷണം നടത്താൻ ഞങ്ങൾ പ്രധാനമന്ത്രിയോടാവശ്യപ്പെട്ടത്. അതു പരിശോധിക്കാമെന്ന് പ്രധാനമന്ത്രി പ്രതിപക്ഷനേതാക്കൻമാരോടു പറഞ്ഞിട്ടുണ്ട്.

ശ്രീ. എ.കെ. ശശീന്ദ്രൻ: 5 കോടി മുടക്കുപ്പികയുടെ അഴിമതിയാരോപണമാണ് പ്രധാനമന്ത്രിയുടെ മുമ്പിൽ ഉന്നയിച്ചിട്ടുള്ളത്. ഇപ്പോൾ പഞ്ചാബിൽ നടക്കുന്ന തിരഞ്ഞെടുപ്പിൽ ഈ കാശിന്റെ പങ്ക് പോയതുകൊണ്ട് അന്വേഷണം നടക്കാനുള്ള സാദ്ധ്യത ഇല്ലെന്നുള്ള വിവരം മെമ്പർക്കറിയാമോ?

ശ്രീ. എം.വി. രാഘവൻ: കെ.പി.സി.സി.ക്ക് പോലും ഗംഗാധരൻ കാശ് കൊടുക്കുകയില്ല എന്നാണ് കോൺഗ്രസ്സുകാർ എന്നോടു പറഞ്ഞിട്ടുള്ളത്. പിന്നെ വല്ലതും കൊടുക്കുന്നത് കരുണാകരന് മാത്രമാണ്. അല്ലാതെ കെ.പി.സി.സി.ക്ക് പോലും കൊടുക്കുകയില്ല.

ശ്രീ. തച്ചടി പ്രഭാകരൻ: നിങ്ങൾ ഇവിടെ വന്ന് ഈ അഴിമതിയാരോപണങ്ങളെക്കുറിച്ചു പറയുന്നുണ്ടല്ലോ. അഴിമതിയെക്കുറിച്ച് അന്വേഷിക്കുന്നതിന് ഇവിടെ ഒരു കമ്മീഷനുണ്ട്. നിങ്ങൾക്ക് 500 രൂപ മുടക്കി ഒരു അന്വേഷണത്തിന് തയ്യാറായിക്കൂടേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.വി. രാഘവൻ: തച്ചടി, നിങ്ങളം കഥയറിയാതെ ആട്ടം കാണുകയാണോ? ഞങ്ങളം അതിനെപ്പറ്റിയല്ല ഇവിടെ പറഞ്ഞത്. ഞാൻ ശശീന്ദ്രന്റെ ചോദ്യത്തിനാണ് മറുപടി പറഞ്ഞത്. തച്ചടി അങ്ങയ്ക്കു പറയാൻ ധൈര്യമുണ്ടോ കൈക്കൂലിയിനത്തിൽ കിട്ടുന്നതിന്റെ പങ്ക് കോൺഗ്രസ്സ് ഐ—ക്ക് ഗംഗാധരൻ തരുമോ? തച്ചടിക്കും പറയാൻ കഴിയുകയില്ല. ഒരൊറ്റ കോൺഗ്രസ്സുകാരനും പറയാൻ പറ്റുകയില്ല. ഗംഗാധരൻ ഇതൊക്കെ സ്വന്തം പോക്കറ്റിലാണ് ഇടുന്നത്. ഒരു വിഹിതം ശ്രീ. കരുണാകരന് കൊടുക്കും.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ശ്രീ. കാർത്തികേയന് കാർ വാങ്ങിച്ചു കൊടുത്തത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിഞ്ഞുകൂടേ?

ശ്രീ. എം.വി. രാഘവൻ: യൂത്ത് കോൺഗ്രസ്സിന് കൊടുക്കും അതു കരയുന്ന കുട്ടികൾക്ക് മിഠായി വാങ്ങിക്കൊടുക്കുന്നതുപോലെയേയുള്ളൂ. ഒരു കാറൊന്നും അത്ര വലിയ കാര്യമല്ല. നിങ്ങളം അതു കാര്യമായി എടുക്കേണ്ട. എന്തായാലും രാജ്യത്തെ പൊതുഖജനാവ് കൊള്ളയടിക്കുന്ന സമ്പ്രദായം അവസാനിപ്പിക്കണം. 48 കോടി രൂപയുടെ പൈപ്പാണ് വാങ്ങിയത്. നിങ്ങളം എന്നും മന്ത്രിയായിരിക്കുകയില്ല. മന്ത്രിസ്ഥാനത്തിന് ഒരു മാന്യതയൊക്കെയില്ലേ? അതെങ്കിലും നിങ്ങളം ഇക്കാര്യത്തിൽ ആലോചിക്കണം. ഗംഗാധരൻ എന്റെ സുഹൃത്താണ്. ഞങ്ങളം ഒന്നിച്ചാണ് അസംബ്ലിയിൽ വന്നത്. നിങ്ങളം ഇങ്ങനെ കെട്ടുപോയതിലുള്ള ദുഃഖം കൊണ്ട് ഞാൻ പറയുകയാണ്. ഇതു നിങ്ങളം ഒരു ആക്ഷേപമായിട്ട് എടുക്കരുത്. ഇങ്ങനെ ഒരു മനുഷ്യൻ നാറാൻ പാടുണ്ടോ?

ശ്രീ. എ. വി. താമരാക്ഷൻ: ബഹുമാനപ്പെട്ട എം.വി. രാഘവൻ പറഞ്ഞത് ശ്രീ. ഗംഗാധരൻ അങ്ങയുടെ സുഹൃത്തായതുകൊണ്ട് പറയുന്നതാണെന്നാണ്. ഈ നിയമസഭയിൽ വന്ന അഴിമതിയാരോപണങ്ങളം മൂലം അദ്ദേഹത്തിന് പബ്ലിസിറ്റി കിട്ടുകയും അത് അദ്ദേഹത്തിന്റെ ബിസിനസിനെ സഹായിക്കുകയും ചെയ്യുമെന്ന് ചിന്തിക്കുന്ന ആളാണ് ശ്രീ. ഗംഗാധരൻ. അതിനുവേണ്ടി അദ്ദേഹത്തെ സഹായിക്കാനാണോ അങ്ങ് ഇതൊക്കെ പറയുന്നത്?

ശ്രീ. എം.വി. രാഘവൻ: മാൻസിംഗിനെപ്പോലെയാണ് ശ്രീ. ഗംഗാധരനെന്ന് ഞാൻ കരുതുന്നില്ല. ഗംഗാധരൻ എന്റെ ഉത്തമനായിട്ടുള്ള ഒരു സുഹൃത്താണ്. അദ്ദേഹം ഇങ്ങനെ കെട്ടുപോയതിൽ എനിക്ക് യഥാർത്ഥമായ സഹതാപം ഉണ്ട്. അതുകൊണ്ട് ശ്രീ. ഗംഗാധരൻ ഇതിനെപ്പറ്റി പരിചിന്തനം നടത്തണം. ഇവിടെ വെള്ളമൊന്നും കിട്ടുന്നില്ല. ഇവിടെ വാട്ടർ ഇല്ല. വേയ്സ്റ്റ് വാട്ടർ ഉണ്ടോയെന്ന് എനിക്കറിയില്ല. എന്റെ നിയോജകമണ്ഡലത്തിൽ നേവൽ അക്കാഡമിക്കുവേണ്ടി ഒഴിപ്പിച്ച സ്ഥലത്ത് കുഴൽക്കിണർ കുഴിക്കുന്നതിന് ശ്രീ. ഗംഗാധരൻ തന്നെ ഓർഡർ എഴുതിത്തന്നിട്ട് 2 കൊല്ലമായി.

ശ്രീ. പി.കെ.കെ. ബാവ: ബഹുമാനപ്പെട്ട മെമ്പറുടെ പ്രസംഗത്തിലുടനീളം അഴിമതിക്കെതിരായി ധർമ്മരോഷം പ്രകടിപ്പിച്ചു. സർക്കാർ ഇതന്വേഷിക്കുന്നതിന് കാലാകാലങ്ങളിൽ കമ്മീഷനെ

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തിയാൽ പ്രതിപക്ഷം അതു ബഹിഷ്കരിക്കുമെന്നതിൽ സംശയമില്ല.....(ബഹളം).....കഴിഞ്ഞ കാലങ്ങളിൽ ഇതുപോലെ അഴിമതിയാരോപണം ഉണ്ടായിട്ടില്ലേ? സ്പിരിറ്റ് കുംഭകോണമുണ്ടായപ്പോൾ ഇതുപോലെ ധർമ്മരോഷം പ്രകടിപ്പിക്കാതിരുന്നത് അന്ന് മെമ്പർ ഇപ്പുറത്തിരുന്നതുകൊണ്ടാണോ? ഇക്കാര്യം സംബന്ധിച്ചു കൂടി ഒരു വിശദീകരണം തരണം.

ശ്രീ. എം.വി. രാഘവൻ: ബാലകൃഷ്ണപിള്ളയുടെ അനേഷണത്തെപ്പറ്റിയായിരിക്കും മെമ്പർ പറഞ്ഞത്. ഞങ്ങൾ കൊടുത്ത ആരോപണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട രണ്ടെണ്ണം ഒഴിച്ചാണ് കമ്മീഷനെ കൊടുത്തത്. Terms of reference ഞങ്ങളുമായി ആലോചിക്കണമെന്ന് പറഞ്ഞിട്ട് മുഖ്യമന്ത്രി അംഗീകരിച്ചില്ല. ബാലകൃഷ്ണപിള്ളയെ രക്ഷിക്കാൻ വേണ്ടിയാണ് ആ അനേഷണം നടത്തിയത്. അതുകൊണ്ട് ഞങ്ങൾ അതു ഓപ്പണായിട്ട് ബഹിഷ്കരിച്ചു. ശ്രീ. എം.കെ. കൃഷ്ണനെതിരായി വന്ന ആരോപണത്തിനെ ഞങ്ങൾ എൻക്വയറി വച്ചു. അതു പോരാഞ്ഞിട്ട് ശ്രീ. കരുണാകരൻ കേന്ദ്രഗവൺമെൻറിനെക്കൊണ്ടും അനേഷിപ്പിച്ചു. എന്നിട്ടു എവിടെപ്പോയി ആ കമ്മീഷൻ? ആ കമ്മീഷൻ ഇപ്പോൾ ഉണ്ടോ? ശ്രീ. ബാവ ഇപ്പോൾ അതൊന്നും പറയേണ്ട.

സർ, എനിക്കിപ്പോൾ ശ്രീ. ബാവയോടു പറയാനുള്ളത് സാക്ഷി കൂടിയിട്ട് കേസ് പൊളിക്കേണ്ടയെന്നാണ്. ബഹുമാനപ്പെട്ട എം.പി. ഗംഗാധരൻ നടത്തിയ അഴിമതിയെ സംബന്ധിച്ച് അനേഷണം നടത്തേണ്ട എന്നു പറഞ്ഞത് ശ്രീ. കെ. അവുക്കാദർകുട്ടിനഹയാണ്. അതിന്റെ ഉത്തരവാദിത്വം ശ്രീ. നഹയ്ക്കാണ്. അതിനെക്കുറിച്ചെന്താണ് ചോദ്യം ചോദിക്കാത്തത്? എങ്ങനെയെങ്കിലും ഭരണം നിലനിർത്താൻവേണ്ടിയിട്ട് നിങ്ങൾ ശ്രമിക്കുമ്പോൾ ഞങ്ങളോടാണോ ചോദ്യം? ഇവിടെ നടന്ന അഴിമതിയെയും ധൂർത്തിനേയും പറ്റി ഞങ്ങൾ പറയുമ്പോൾ നിങ്ങൾ ഉള്ളിൽ ചിരിക്കുന്നുണ്ടെന്നെനിക്കറിയാം. കുറച്ചുകൂടി പറഞ്ഞോട്ടെ, നമുക്കു പറയാൻ കഴിയില്ലല്ലോയെന്നു പറഞ്ഞു ചിരിക്കുന്നുണ്ട് അപ്പുറത്തിരിക്കുന്ന ആളുകൾ എന്ന് ഞങ്ങൾക്കറിയാം. അതുകൊണ്ട് ചോദ്യങ്ങൾ ചോദിച്ച് കൂടുതൽ പ്രശ്നമുണ്ടാക്കേണ്ട.

ഞാനിവിടെ നേവൽ അക്കാഡമിയെപ്പറ്റി പറഞ്ഞു. ഇനിയതുണ്ടാകുമെന്നുപറയാൻ സാധിക്കുകയില്ല. നമ്മുടെ മുൻപ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി വധിക്കപ്പെടുന്നതിനുമുമ്പ് ഇവിടെ വന്നപ്പോൾ ആ നേവൽ അക്കാഡമിക്ക് ഫൗണ്ടേഷൻ സ്റ്റോൺ ഇടുമെന്നു പറഞ്ഞതാണ്. പക്ഷേ അവർക്ക് വരാൻ കഴിഞ്ഞില്ല. അതിനുശേഷം ഇപ്പോഴത്തെ പ്രധാനമന്ത്രി ശ്രീ. രാജീവ്ഗാന്ധി വന്നു. എന്നാൽ നേവൽ അക്കാഡമിക്ക് ഫൗണ്ടേഷൻ സ്റ്റോൺ ഇടുന്ന പരിപാടി മാത്രമായില്ല. അതേത്തുടർന്ന് മനോരമപോലുള്ള പത്രങ്ങൾ എഴുതുന്നു കൊച്ചിയിലുള്ള നേവൽ അക്കാഡമിതന്നെ ഗോവയിലേക്ക് മാറിക്കൊണ്ടുപോകുന്നുവെന്നാണ്. കേരളത്തിൽ നേവൽ അക്കാഡമി ഉണ്ടാവുകയില്ല. ഉണ്ടെങ്കിൽത്തന്നെ ചെറിയ രൂപത്തിൽ മാത്രമേ ഉണ്ടാവുകയുള്ളു. ലാർജ് സ്കെയിലിൽ ഉണ്ടാവുകയില്ലെന്നുള്ള റിപ്പോർട്ട് പത്രങ്ങളിൽ വന്നു കഴിഞ്ഞു. ഇതു സംബന്ധിച്ച് ആ പ്രദേശത്ത് ഒറ്റ മന്ത്രിമാരും പോയി അനേഷിച്ചിട്ടില്ല. ഒറ്റ ഭരണകക്ഷി അംഗവും പോയിട്ടില്ല. അവിടത്തെ കർഷകരോട് ധീരമായി ഒഴിഞ്ഞുകൊടുക്കണമെന്ന് അവിടത്തെ മെമ്പറെന്നുള്ള നിലയിൽ ഞാനാണ്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞത്. രേണുകക്കുട്ടി എനിക്കെതിരായി നിന്നു. ഒഴിഞ്ഞുപോകണമെന്നു പറഞ്ഞു. യൂണിയൻ ലീഗുകാർ തല്ലാൻ വന്നപ്പോഴും കോൺഗ്രസ്സ് (ഐ) കാർക്ക് സംരക്ഷണം കൊടുത്തത് ഞങ്ങളാണ്. അങ്ങനെ ആ കർഷകരെ ഒഴിപ്പിച്ച് 10 സെന്റ് ഭൂമിയെങ്കിലുമുള്ള വരായിരുന്നു അവർ. ഇന്നവന് ഭൂമിയും കിട്ടിയില്ല. അതിന്റെ വിലപോലും കൊടുത്തിട്ടില്ല. 5 കോടി രൂപ ഇനിയും കൊടുത്തു തീർക്കാനുണ്ട്. യാതൊരു പ്രശ്നവും പരിഹരിച്ചിട്ടില്ല.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

അവിടെ കുടിക്കാനുള്ള വെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി ട്യൂബ് വെൽ കുഴിക്കണമെന്നു പറഞ്ഞു ബഹുമാനപ്പെട്ട മന്ത്രി എം.പി. ഗംഗാധരനെ എഴുതിക്കൊടുത്തിരുന്നു. അദ്ദേഹം ഉടനെ ഓർഡർ എഴുതി. പക്ഷേ അതു നടപ്പിലായിട്ടില്ല. ഇങ്ങനെയാണോ മന്ത്രിമാർ ഓർഡർ എഴുതുന്നത്. ഏതു ഓർഡർ ആണ് നടപ്പിൽ വന്നിരിക്കുന്നത്? അദ്ദേഹം അസംബ്ലിയിൽ പറഞ്ഞു എം.വി. രാഘവന്റെ കോൺസ്റ്റിറ്റ്യൂവൻസിയിലാണ് ട്യൂബ് വെൽ അധികം ഇട്ടിരിക്കുന്നതെന്ന്. എവിടെ?

കുഞ്ഞുമംഗലം ഹരിജൻ കോളനിയിൽ ഒരു ട്യൂബ് വെൽ—നു വേണ്ടി ശ്രീ. ഗംഗാധരൻ ഓർഡർ എഴുതി. എന്നിട്ടതു കുഴിച്ചോ? 1300 ട്യൂബ്വെൽ കുഴിച്ചു. 300 എണ്ണത്തിനാണ് പൈപ്പിട്ടത്. 1000 എണ്ണത്തിന്, പൈപ്പിടാത്തതെന്താണ്? പല സ്ഥലത്തും വെള്ളമില്ല.

സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഈ വാട്ടർ അതോറിറ്റി എന്നു പറയുന്നത് എല്ലാ അഴിമതിയുടേയും അധോലോകത്തിന്റേയും ഒരു അതോറിട്ടിയാണ്. ഞാൻ ഇന്നലെയും അങ്ങയോട് അഭ്യർത്ഥിച്ചു—ഈ ബിൽ ഇങ്ങനെ തീർത്താൽ പോരാ, സെലക്ട് കമ്മിറ്റിക്കയച്ച് വിശദമായി ചർച്ച ചെയ്തതിനുശേഷം മാത്രമേ ഇതു പാസ്സാക്കാവൂ എന്ന്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ അവസാനിപ്പിക്കുന്നു.

ഡോ. കെ.സി. ജോസഫ്: സർ, ഈ ബില്ലിന്റെ ചർച്ച അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ക്ലോഷർ മോഷൻ ഞാൻ അവതരിപ്പിക്കുന്നു.

ഡോ. കെ.സി. ജോസഫ് അവതരിപ്പിച്ച ക്ലോഷർ മോഷൻ സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ശ്രീ. കെ. ചന്ദ്രശേഖരൻ: ഞാൻ പോയ്ം ആവശ്യപ്പെടുന്നു. (താഴെപ്പറയും പ്രകാരം സഭ രണ്ടായിട്ടു പിരിഞ്ഞ് വോട്ടെടുപ്പു നടത്തപ്പെട്ടു)

അനുകൂലിക്കുന്നവർ—57

1. ശ്രീ. ഇ. അഹമ്മദ്
2. ശ്രീ. സി.ടി. അഹമ്മദ് അലി
3. ശ്രീ. തെന്നല ജി. ബാലകൃഷ്ണപിള്ള
4. ശ്രീ. പി.കെ.കെ. ബാവ
5. ശ്രീ. യു.എ. ബീരാൻ

LIBRARY ARCHIVES Kerala Legislative Assembly

6. ശ്രീ. ബെന്നി ബെഹനാൻ
7. ശ്രീ. പി. ടോസ്സ്കരൻ
8. ശ്രീ. വി. ദിനകരൻ
9. ശ്രീ. എം.പി. ഗംഗാധരൻ
10. ശ്രീ. എ. ജോർജ്ജ്
11. ശ്രീ. പി.സി. ജോർജ്ജ്
12. ശ്രീ. എ.എൽ. ജേക്കബ്
13. ശ്രീ. സി.ജി. ജനാർദ്ദനൻ
14. ഡോക്ടർ കെ.സി. ജോസഫ്
15. ശ്രീ. കെ.സി. ജോസഫ്
16. ശ്രീ. പി.ജെ. ജോസഫ്
17. ശ്രീമതി എം. കമലം
18. ശ്രീ. കെ.ജി.ആർ. കർത്താ
19. ശ്രീ. ജി. കാർത്തികേയൻ
20. ശ്രീ. കെ. കരുണാകരൻ
21. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
22. ശ്രീ. മണിമംഗലത്തു കുട്ട്യാലി
23. ശ്രീ. ഇ.ജെ. ലൂക്കോസ്
24. ശ്രീ. കെ.പി.എ. മജീദ്
25. ശ്രീ. കെ.എം. മാണി
26. ശ്രീ. എം.പി. മാണി
27. ശ്രീ. കെ. മുഹമ്മദാലി
28. ശ്രീ.പി.എ. മുഹമ്മദ്കണ്ണ്
29. ശ്രീ. ടി. എച്ച്. മുസ്തഫ
30. ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി
31. ശ്രീ. കെ. പി. നൂറുദ്ദീൻ
32. ശ്രീ. തച്ചടി പ്രഭാകരൻ
33. ശ്രീ. കെ. രാഘവൻ മാസ്റ്റർ
34. ശ്രീ. രാഘവൻ പൊഴക്കടവിൽ
35. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
36. ശ്രീ. കെ. പി. രാമചന്ദ്രൻനായർ
37. ശ്രീ. രമേശ് ചെന്നിത്തല
38. ശ്രീ. തോപ്പിൽ രവി
39. ശ്രീ. വയലാർ രവി
40. ശ്രീ. പി. സീതിഹാജി
41. ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ
42. ശ്രീ. കടവൂർ ശിവദാസൻ

LIBRARY ARCHIVES Kerala Legislative Assembly

43. ശ്രീ. നാലകത്തു സൂപ്പി
44. ശ്രീ. എൻ. ശ്രീനിവാസൻ
45. ശ്രീ. പന്തളം സുധാകരൻ
46. ശ്രീ. കോട്ടക്കുഴി സുകുമാരൻ
47. ശ്രീ. പി.പി. തങ്കച്ചൻ
48. ശ്രീ. കെ.കെ. തോമസ്
49. ശ്രീ. തോമസ് കല്ലംപള്ളി
50. ശ്രീ. പി.കെ. വേലായുധൻ
51. ശ്രീ. റ്റി.വി. വിജയരാജൻ
52. ശ്രീ. സ്റ്റീഫൻ പാമുവ
53. ശ്രീ. ശങ്കരൻ നാടാർ
54. ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി
55. ശ്രീ. ഇ.റ്റി. മുഹമ്മദ് ബഷീർ
56. ശ്രീ. കെ.പി. രാമൻ
57. ശ്രീ. ജോസ് കുറ്റിയാനി

പ്രതികൂലിക്കുന്നവർ—48

1. ശ്രീ. ടി.കെ. അബ്ദു
2. ശ്രീ. കെ.പി. അരവിന്ദാക്ഷൻ
3. ശ്രീ. ബേബിജോൺ
4. ശ്രീ. കെ.കെ. ബാലകൃഷ്ണൻ
5. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
6. ശ്രീമതി മാർഗ്ഗവി തങ്കപ്പൻ
7. ശ്രീ. സി.കെ. ചക്രപാണി
8. ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ
9. ശ്രീ. കെ. ചന്ദ്രശേഖരൻ
10. ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്
11. ശ്രീ. വി.എസ്. ചന്ദ്രശേഖരൻ പിള്ള
12. ശ്രീമതി പി. ദേവുട്ടി
13. ശ്രീ. ടി.കെ. ഹംസ
14. ശ്രീ. കെ.ഇ. ഇസ്മയിൽ
15. ശ്രീ. എം. ജിനദേവൻ
16. ശ്രീ. ഇ.കെ. നായനാർ
17. ശ്രീ. വി.സി. കബീർ
18. ശ്രീ. കെ.ടി. കണാരൻ
19. ശ്രീ. എം.കെ. കേശവൻ
20. ശ്രീ. വി. കേശവൻ

LIBRARY ARCHIVES Kerala Legislative Assembly

21. ശ്രീ. സി.ടി. കൃഷ്ണൻ
22. ശ്രീ. കെ. കൃഷ്ണൻകുട്ടി
23. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
24. ശ്രീ. പി. കുമാരൻ
25. ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ
26. ശ്രീ. ലോനപ്പൻ നമ്പാടൻ
27. ശ്രീ. സി.പി. മുസ്സാൻകുട്ടി
28. ശ്രീ. എ.കെ. പത്മനാഭൻ
29. ശ്രീ. ഇ. പത്മനാഭൻ
30. ശ്രീ. ടി.പി. പീതാംബരൻമാസ്റ്റർ
31. ശ്രീ. കെ.പി. പ്രഭാകരൻ
32. ശ്രീ. കെ. പുരുഷോത്തമൻ
33. ശ്രീ. വർക്കല രാധാകൃഷ്ണൻ
34. ശ്രീ. എം.വി. രാഘവൻ
35. ശ്രീ. വി.കെ. രാജൻ
36. ശ്രീ. കാനം രാജേന്ദ്രൻ
37. ശ്രീ. കെ. ശങ്കരനാരായണപിള്ള
38. ശ്രീ. എ.കെ. ശശീന്ദ്രൻ
39. ശ്രീ. എ.സി. ഷൺമുഖദാസ്
40. ശ്രീ. കെ.വി. സുരേന്ദ്രനാഥ്
41. ശ്രീ. എ.വി. താമരാക്ഷൻ
42. ശ്രീ. സി.കെ. തങ്കപ്പൻ
43. ശ്രീ. വി.ജെ. തങ്കപ്പൻ
44. ശ്രീ. എസ്.ആർ. തങ്കരാജ്
45. ശ്രീ. പി.സി. തോമസ് (കടുത്തുരുത്തി)
46. ശ്രീ. ആർ.എസ്. ഉണ്ണി
47. ശ്രീ. ജി. വരദൻ
48. ശ്രീ. സി. വാസുദേവമേനോൻ

നിഷ്പക്ഷത പാലിക്കുന്നവർ—ഇല്ല
അനുകൂലിക്കുന്നവർ— 57
പ്രതികൂലിക്കുന്നവർ— 46
നിഷ്പക്ഷതപാലിക്കുന്നവർ— ആരുമില്ല

ക്ലോഷർ മോഷൻ സഭ അംഗീകരിച്ചു.

ജലസേചന വകുപ്പു മന്ത്രി (ശ്രീ. എം.പി. ഗംഗാധരൻ): സർ, വളരെ സുപ്രധാനമായ ഒരു ബില്ലാണിത്. നമ്മുടെ സ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലുമായി താമസിക്കുന്ന ഏകദേശം 254 ലക്ഷത്തോളം വരുന്ന ജനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

കുടിവെള്ളം എത്തിച്ചുകൊടുക്കുന്നതിനുവേണ്ടി ഉണ്ടാക്കിയ ഒരു നിയമം രണ്ടുമൂന്നു ദിവസമായി ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്. ഈ ചർച്ചയിൽ, വളരെ ഗൗരവത്തോടുകൂടിത്തന്നെ വളരെ പ്രാധാന്യം കൊടുത്തുകൊണ്ടുതന്നെ പല മെമ്പർമാരും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിമർശനങ്ങളും നിരത്തി വയ്ക്കുകയുണ്ടായി. നിയമസഭയിൽ വളരെ പ്രധാനപ്പെട്ട, വളരെയധികം ജനങ്ങളെ ബാധിക്കുന്ന ഒരു ബില്ലു വരുമ്പോൾ ഗൗരവമായി ചർച്ച ചെയ്യേണ്ടതാവശ്യമാണ്. ആ രീതിയിൽത്തന്നെ ഞാനിതിനെക്കാണുന്നു. അങ്ങനെ ചർച്ച ചെയ്തു പല കാര്യങ്ങളും പരാമർശിക്കപ്പെട്ടതുകൊണ്ട് അതിനു മറുപടി നൽകി ആ കാര്യങ്ങളം വ്യക്തമാക്കേണ്ട ഒരു ചുമതലയുണ്ട് എന്നുള്ള നിലയിൽ ചില കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ചർച്ചയിൽ പങ്കെടുത്ത ശ്രീ. ആർ.എസ്. ഉണ്ണി മുതൽ ശ്രീ. എം.വി. രാഘവനടക്കമുള്ള എല്ലാവരോടും

12 noon] എനിക്ക് നന്ദിയുണ്ട്. ഈ നിയമനിർമ്മാണം കൊണ്ടുവന്നതിന്റെ ചരിത്ര പശ്ചാത്തലത്തെക്കുറിച്ച്, അതിന്റെ ആവശ്യകതയെക്കുറിച്ച് ഈ നിയമസഭയിൽ ബിൽ അവതരിപ്പിച്ചുകൊണ്ട് ഏതാനും കാര്യങ്ങളം ഞാൻ പറയുകയുണ്ടായി. അതിൽ വളരെ പ്രധാനമായിട്ടുള്ളത്, ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതുവരെ നമ്മുടെ സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലെ 20–21 ശതമാനം ജനങ്ങൾക്കുമാത്രമേ കുടിവെള്ളം ലഭിച്ചിരുന്നുള്ളൂ എന്നതാണ്. എന്നാൽ നഗരപ്രദേശങ്ങളിൽ 71 ശതമാനം വരെ ലഭ്യമായിരുന്നു. കഴിഞ്ഞ കാലങ്ങളിൽ നഗരപ്രദേശങ്ങളിലെ ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിനായിരുന്നു പ്രാധാന്യം കൊടുത്തിരുന്നത്. എന്നാൽ ഗ്രാമപ്രദേശങ്ങളിൽ ഇതിന്റെ സ്ഥിതി വളരെ ശോചനീയമായിരുന്നു. ഇന്ന് കുറെ ഗ്രാമങ്ങളിലൊക്കെ കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും മുഴുവനും പരിഹരിക്കപ്പെട്ടിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ, ആറാം പദ്ധതിയുടെ തുടക്കത്തിനുശേഷം International water and sewerage decade—ന്റെ പ്രാധാന്യവും നമ്മുടെ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയും ഇരുപതിനപരിപാടിയിൽ ശ്രീമതി ഇന്ദിരാഗാന്ധി ഉൾപ്പെടുത്തി ഈ രംഗത്ത് ഒരു മാറ്റം ഉണ്ടാക്കാൻ ആഗ്രഹിക്കുകയും അതിൻപ്രകാരം അതെല്ലാം വേണമെന്ന് ആലോചിക്കുകയും ചെയ്തു. 1982–ലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. സംസ്ഥാന ഗവൺമെന്റിന്റെ പരിമിതമായ സംഖ്യകൊണ്ടോ, കേന്ദ്രഗവൺമെന്റിൽ നിന്നും കിട്ടുന്ന പരിമിതമായ സഹായംകൊണ്ടോ 21 ശതമാനം കഴിച്ച് ബാക്കിയുള്ള 79 ശതമാനം ഗ്രാമീണ ജനങ്ങൾക്ക് ശുദ്ധജലവിതരണം ചെയ്യുന്നതിന് വളരെ വേഗത്തിലും ചുരുങ്ങിയതുമായ കാലംകൊണ്ട് സാധിക്കില്ലാ എന്ന് ബോദ്ധ്യമായി. വളരെ വേഗത്തിൽ ഇത് നടപ്പിലാക്കാൻ വേണ്ടിയുള്ള പരിശ്രമം കഴിഞ്ഞ കാലത്ത് ഈ ഗവൺമെന്റ് ചെയ്തിരുന്നു. ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസിൽനിന്ന് പണം മേടിച്ചുകൊണ്ടോ മറ്റ് ഏതെങ്കിലും സ്ഥാപനത്തിൽനിന്ന് പണം സമ്പാദിച്ചുകൊണ്ടോ പദ്ധതികൾക്ക് രൂപം കൊടുക്കാനും അംഗീകരിക്കാനും ശ്രമിച്ചിരുന്നു. അതിന് വിഘാതമായി നിന്നിരുന്നത്, കമേഴ്സ്യലായി നടത്തുന്നതിന് ഒരു ബോർഡുണ്ടായില്ല, അല്ലെങ്കിൽ ഒരു സ്ഥാപനമുണ്ടായില്ല, അല്ലെങ്കിൽ ശ്രീ. ആർ.എസ്. ഉണ്ണി പറഞ്ഞതുപോലെ ഒരു സംവിധാനമുണ്ടായില്ല എന്നുള്ളതു തന്നെയായിരുന്നു. അതുകൊണ്ട് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ വേഗത്തിൽ ഒരു സംവിധാനം ഉണ്ടാക്കുന്നതിനുവേണ്ടി ശ്രമിച്ചു. ഒരു ബോർഡിനു

LIBRARY ARCHIVES Kerala Legislative Assembly

പകരം സംവിധാനമുണ്ടാക്കേണ്ടിയിരിക്കുന്നുവെന്നാണ് ശ്രീ. ആർ. എസ്. ഉണ്ണിയുടെ അഭിപ്രായം. എന്താണ് സർ, സംവിധാനം? അതിന്റെ അർത്ഥമെന്താണ്? ഡിപ്പാർട്ടുമെന്റുകൾ മാറ്റി സംവിധാനങ്ങൾ വേണമെന്നു പറഞ്ഞാൽ എന്താണതിന്റെ അർത്ഥം എനിക്ക് മനസ്സിലാകുന്നില്ല. രണ്ട് സംവിധാനങ്ങൾ വേണമെന്നാണ് അഭിപ്രായം. നമ്മൾ ഒരു സംവിധാനമുണ്ടാക്കാൻ തീരുമാനിച്ചു. പല ശ്രമങ്ങളും അതിനുവേണ്ടി കഴിഞ്ഞകാല ഗവൺമെന്റുകൾ ചെയ്തു. ശ്രീ. അച്യുതമേനോൻ മുതൽ ശ്രീ. നായനാർ വരെയുള്ള ഗവൺമെന്റുകൾ ഇങ്ങനെയൊരു സംവിധാനം ഉണ്ടാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തിരുന്നു. പക്ഷേ നടപ്പിൽ വന്നില്ല. നടപ്പിൽ വരാത്തതുകൊണ്ട് എൽ.ഐ.സി. പോലുള്ള സ്ഥാപനങ്ങളിൽ നിന്ന് ഇനി പണം കിട്ടില്ല എന്നുള്ള കട്ടായമായിട്ടുള്ള തീരുമാനങ്ങൾ വന്നു. നമുക്ക് പണം കിട്ടിക്കൊണ്ടിരുന്നത് ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസിൽ നിന്നുമാണ്. വേൾഡ് ബാങ്കിൽനിന്ന് തന്നിട്ടില്ല. മറ്റു രാജ്യങ്ങളുടെ ഡോളറിന്റെ കണ്ടീഷനെ സംബന്ധിച്ചിടത്തോളം അത് ബാധകമായിരുന്നില്ല. കാര്യങ്ങൾ നേരെ നടത്തണമെന്ന് അവർക്ക് അഭിപ്രായമുണ്ടായിരുന്നു. വേൾഡ് ബാങ്ക് ഒരു ബോർഡുണ്ടാക്കണമെന്ന് ആവശ്യപ്പെട്ടില്ലെങ്കിലും കമേഴ്സ്യൽ ലൈനിൽ ഒരു സംവിധാനമുണ്ടാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഞങ്ങൾ തരുന്നതിനുമുമ്പുതന്നെ ഒരു സംവിധാനമുണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചു. അതുകൊണ്ടാണ് ഈ സംവിധാനം ഉണ്ടാക്കാൻവേണ്ടി വളരെ വേഗത്തിൽ തുടങ്ങിവച്ചത്. ഇന്ന് സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ കാര്യത്തിന് വളരെ പ്രാധാന്യമുണ്ട്. ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ 21 ശതമാനം ഗ്രാമീണജനങ്ങൾക്ക് ശുദ്ധജലവിതരണം നടത്തിയിരുന്നു. ഇക്കാര്യത്തിൽ തർക്കിക്കാൻ സാദ്ധ്യമല്ല. എന്നാൽ ഇന്ന് ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വേൾഡ് ബാങ്കിന്റെ ഏഴു സ്കീമുകൾ അടക്കം മൊത്തം 566 സ്കീമുകൾ നിലവിലുണ്ട്. ഇതൊക്കെ പൂർത്തിയാക്കേണ്ടേ? പല മെമ്പർമാരും അവരുടെ നിയോജകമണ്ഡലത്തിൽ ശുദ്ധജലവിതരണ പദ്ധതികൾ ഇല്ലെന്നു പറഞ്ഞു. അവരുടെ നിയോജകമണ്ഡലത്തിൽ ലഭിച്ചതിനെക്കുറിച്ച് ആരും പറഞ്ഞുകേട്ടില്ല. ലഭിക്കാത്തതിനെക്കുറിച്ച് പറയുന്നത് സ്വാഭാവികമാണ്. ഈ പദ്ധതികളൊക്കെ പൂർത്തിയാക്കണം. ഇത് ഒന്നുരണ്ട് വർഷങ്ങൾകൊണ്ട് പൂർത്തിയാക്കിയാൽത്തന്നെ 33 ലക്ഷം ജനങ്ങൾക്ക് കൂടുതലായി ഇതിന്റെ ഗുണം കിട്ടുകയാണ് ചെയ്യുന്നത്. അങ്ങനെ വരുമ്പോൾ 40 ശതമാനം റൂറൽ പോപ്പുലേഷനും 91 ശതമാനം അർബൻ പോപ്പുലേഷനും ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. അപ്പോൾ പിന്നെയും ബാക്കി ഏകദേശം 60 ശതമാനം കിടക്കുകയാണ്. ഇത് നമുക്ക് പരിഹരിക്കേണ്ടേ? ഈ മൂന്നു കൊല്ലംകൊണ്ട്തന്നെ ഈ പ്രശ്നങ്ങൾ പരിഹരിക്കണമെന്നായിരുന്നു. അത് പരിഹരിക്കണമെങ്കിൽ നമുക്ക് വീണ്ടും സാമ്പത്തിക സഹായം വേണം. 566 പദ്ധതികളിൽത്തന്നെ വേൾഡ് ബാങ്ക് അംഗീകരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഏഴു പദ്ധതികൾ, നെതർലാൻഡ്, ഡെൻമാർക്ക് തുടങ്ങിയ രാജ്യങ്ങളിലെ ഗവൺമെന്റുകളുടെ സഹായത്തോടെ നടത്തുന്ന ആറു പദ്ധതികൾ, അതുപോലെ എൽ.ഐ.സി.യുടെ പദ്ധതികൾ, ഇൻഡ്യാഗവൺമെന്റിന്റെ ഇൻറഗ്രേറ്റഡ് റൂറൽ വാട്ടർസപ്ലൈ സ്കീം പ്രകാരം നമുക്ക് ലഭിക്കുന്ന സംസ്ഥാനഗവൺമെന്റിന്റെ എം.ഐ.പി. പ്രകാരമുള്ള പദ്ധതികൾ ഇതെല്ലാംകൂടി വരുന്നുണ്ട്. ഇതെല്ലാം രണ്ട് കൊല്ലംകൊണ്ട് പൂർത്തിയാക്കേണ്ടതായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതിനുള്ള സംവിധാനം വേണം. ഈ ബോർഡ് ഉണ്ടാക്കുന്നത് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസിൽനിന്ന് പണം കിട്ടുന്നതിന് വേണ്ടിയല്ല. ഡിപ്പാർട്ടുമെന്റ് വികസിപ്പിച്ചുകൊണ്ട് സയൻറിഫിക് ബേസിസിൽ സംവിധാനങ്ങളും ഉണ്ടാക്കി ഓരോ സ്ഥലങ്ങളിലും അതിനുവേണ്ടി ഉദ്യോഗസ്ഥൻമാരെ നിയമിച്ചു. ഒരു റീജിയണായിരുന്നത് പ്രവർത്തനസൗകര്യത്തിനുവേണ്ടി മൂന്നു റീജിയണാക്കി മാറ്റി. ഒരു ചീഫ് എഞ്ചിനീയറായിരുന്നത് മൂന്ന് ചീഫ് എഞ്ചിനീയറാക്കി. അവരുടെ കീഴിൽ ഈ രണ്ട് ജില്ലകളിലും ഓരോ സർക്കിളുകളാക്കി. ഇങ്ങനെ ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചും മെഷിനറിയെ സംബന്ധിച്ചുമുള്ള സംവിധാനങ്ങളും ത്വരിതപ്പെടുത്തുകയുണ്ടായി. അങ്ങനെ ഈ ലക്ഷ്യം നേടുന്നതിനുവേണ്ടിയാണ് ഈ സന്ദർഭത്തിൽ ബോർഡ് ഒരു നിയമം കൊണ്ടുവന്നത്. അതുകൊണ്ടാണ് അതോറിറ്റി ഉണ്ടാക്കിയതും ഈ നിയമം കൊണ്ടുവന്നതും.

ശ്രീ. ആർ.എസ്. ഉണ്ണി: എൽ.ഐ.സി. ആദ്യം സാങ്കേതികമായി തടസ്സം നിന്നത് ശരിയാണ്. റൂറൽ ഡവലപ്പ്മെൻറ് ബോർഡ് ഇക്കാര്യത്തിൽ പ്രവർത്തിക്കാൻ പറ്റിയ സ്ഥാപനമാണെന്നുള്ളത് അംഗീകരിച്ച് 1981-ൽ എൽ.ഐ.സി. യിൽ നിന്ന് സാമ്പത്തിക സഹായം കൂടി നമ്മൾ ഏറെടുത്ത വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എം.പി. ഗംഗാധരൻ: ആദ്യം എൽ.ഐ.സി.യിൽ നിന്ന് സഹായം തന്നത് റൂറൽ ഡെവലപ്പ്മെൻറ് ബോർഡു വഴിയാണ്. പിന്നെ എൽ.ഐ.സി. നിരന്തരമായി പറഞ്ഞു, 'ഇങ്ങനെ സഹായം തരാൻ പറ്റില്ല, നിങ്ങൾ സ്വന്തമായി ഒരു ആട്ടോണമസ് ബോർഡുണ്ടാക്കണം' എന്ന്. ഞാൻ അധികാരത്തിൽ വരുന്നതിനുമുമ്പുതന്നെ ഗവൺമെൻറ് അറിയിച്ചു, 'ഞങ്ങൾ ആട്ടോണമസ് ബോർഡുണ്ടാക്കും' എന്നിട്ട് നിങ്ങൾ തരണമെന്ന്'' ഈ ഗ്യാരണ്ടിയിൽ അവർ ഒരു വർഷം വരെ കൊടുത്തു. പിന്നെ എൽ.ഐ.സി. അറിയിച്ചു, ഇനി ബോർഡുണ്ടാക്കിയില്ലെങ്കിൽ ഒരു സഹായവും തരില്ല എന്ന്. റൂറൽ ഡെവലപ്പ്മെൻറ് ബോർഡല്ല, ആട്ടോണമസ് ബോർഡ് തന്നെ ഉണ്ടാക്കിയില്ലെങ്കിൽ ഒരു സഹായവും തരുന്ന പ്രശ്നമേയില്ലെന്നാണ്. അങ്ങനെ പറഞ്ഞതിൻെറ പേരിൽ നമുക്ക് ഒരു ബോർഡുണ്ടാക്കിയേ തീരൂ എന്നുള്ളതായിരുന്നു സ്ഥിതി. അങ്ങനെയാണ് ഈ ബോർഡുണ്ടാക്കിയത്. ഈ ബോർഡുണ്ടാക്കുന്നത്, ഇൻസ്റ്റിറ്റ്യൂഷനിൽ നിന്നു പണം കിട്ടുന്നതിനുവേണ്ടി മാത്രമല്ലെന്ന് ഞാൻ നേരത്തെ പറഞ്ഞല്ലോ. ഇതിൻെറ വാട്ടർ മാനേജ്മെൻറ്, എക്സിക്യൂഷൻ, ഇൻവെസ്റ്റിഗേഷൻ, പ്ലാനിങ്ങ് എന്നീ കാര്യങ്ങളിലെല്ലാം സമഗ്രമായ പ്രവർത്തനം വേണം. കഴിഞ്ഞകാലംപോലെയല്ല, ഇന്ന് എല്ലാം വളരെ കോസ്റ്റിലിയാണ്. ടെക്നിക്കലീ സോഫിസ്റ്റിക്കേറ്റഡാണ്. അവിടിരിക്കുന്നവർക്കൊക്കെ ഇത് അറിയാമല്ലോ. അതിൻെറ ട്രീറ്റ്മെൻറിൻെറ കാര്യത്തിൽ വളരെയധികം ടെക്നിക്കൽ എക്സ്പർട്ടൈസേഷൻ ആവശ്യമാണ്. അതിന് വളരെയധികം പണച്ചെലവുമുണ്ട്. കഴിഞ്ഞ കാലങ്ങളിൽ ആണെങ്കിൽ ഓപ്പൺവെൽ ഉണ്ടാക്കി അതിൽനിന്ന് വെള്ളം കൊടുത്താൽ മതിയാകുമായിരുന്നു. ഇന്ന് സ്ഥിതിയതല്ല. വളരെയധികം ടെക്നിക്കൽ എക്സ്പെർട്ടൈസേഷനും പണവും ആവശ്യമാണ്. നമ്മുടെ സംസ്ഥാനത്താണെങ്കിൽ മറ്റു സംസ്ഥാനത്തെ പോലുള്ള സ്ഥിതിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ റൂറലും അർബനും തമ്മിൽ വ്യത്യാസമില്ലാത്ത രീതിയിൽ ജനസംഖ്യ പരന്നു കിടക്കുകയാണ്. എല്ലായിടത്തും പൈപ്പ് വാട്ടർ സ്കീമാണ് ആവശ്യമുള്ളത്. അതുകൊണ്ട് ഇത് വളരെയധികം കോസ്റ്റിലി ആണ്.

ഇത് നടത്തുന്നതിന് പ്ലാനിംഗ് ആവശ്യമാണ്, ഇൻവെസ്റ്റിഗേഷൻ ആവശ്യമാണ്, എക്സിക്യൂഷൻ ആവശ്യമാണ്; റഗുലറൈസേഷൻ ആവശ്യമാണ്. മാനേജ്മെന്റ് ആവശ്യമാണ്, മെയ്ന്റനൻസ് ആവശ്യമാണ്, ഇതെല്ലാം വലിയ ചെലവുള്ള കാര്യമാണ്. അതുകൊണ്ട് ശാസ്ത്രീയമായി ഇതിനെ അപഗ്രഥിച്ചു കൊണ്ട് ഏതു നല്ല രീതിയിൽ കൊണ്ടുവരാൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിച്ചു. ഒരു ആട്ടോണമസ് ബോഡി ഉണ്ടാക്കിയാൽ അതിന് വൈകല്യങ്ങൾ ഉണ്ടാകാം; പക്ഷേ അത് നമുക്ക് പരിഹരിക്കാം. അതിനുവേണ്ടി പഴയ കാല ഗവൺമെന്റുകളും മുതൽ എല്ലാവരും സഹകരിച്ചിട്ടുണ്ട്. ഒരാളും പോലും എതിർത്തില്ല. ഒരു എംപ്ലോയി പോലും എതിർത്തില്ല. എംപ്ലോയീസുപോലും മെമ്മോറാണ്ടം തന്നത് വേഗം ബോർഡ് ഉണ്ടാക്കണമെന്നാണ്. ശ്രീ. അച്ചുതമേനോന്റെ ഗവൺമെന്റു മുതൽ ഇതു വരെയുള്ള എല്ലാ ഗവൺമെന്റുകളും സഹകരിച്ചുകൊണ്ട് ഇവിടെ പ്രസംഗിച്ച ശ്രീ. ആർ.എസ്. ഉണ്ണി അടക്കം ഒരു സംവിധാനം ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടു. അതുകൊണ്ട് ആരും എതിർത്തില്ല. ഈ ബോർഡിനെ എതിർക്കാൻ ആർക്കും നിർവ്വാഹമില്ല. ഇതിന്റെ യാഥാർത്ഥ്യം മനസ്സിലാക്കാതെ പല മെമ്പർമാരും സംസാരിച്ചു. ബോർഡ് ഉണ്ടാക്കാത്തതിന്റെ കാരണമിതാണ്. അതിന്റെ പേരിൽ ഒരു ബോർഡ് രൂപീകരിച്ചതാണ്. വാട്ടർ സപ്ലൈ സംബന്ധിച്ചിടത്തോളം റൂറൽ ആൻഡ് അർബൻ പദ്ധതികൾക്ക് രൂപം കൊടുക്കുവാനും അത് വളരെ വേഗത്തിൽനടപ്പിൽ വരുത്താനും അതിൽ നിന്ന് പണം സംഭരിക്കുവാനും, ആ സംഭരിച്ച പണം ചെലവഴിക്കുവാനും അത് ചെക്കു ചെയ്യുവാനും, അത് മതിയായ രീതിയിൽ പ്രവർത്തിപ്പിക്കുവാനും കാര്യക്ഷമമായ ഒരു ബോർഡെന്ന നിലയിൽ ഒരു അതോറിറ്റി ഉണ്ടാക്കുവാൻ തീരുമാനമെടുക്കുകയും അതോറിറ്റി ഉണ്ടാക്കുകയുമാണ് ചെയ്തത്. ഈ അതോറിറ്റി ഉണ്ടാക്കിയതിനു ശേഷം, അതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചും. അത് എന്തുകൊണ്ട് പെട്ടെന്ന് ഉണ്ടാക്കിയെന്നതിനെ സംബന്ധിച്ചും പല പരാമർശനങ്ങളും ഉണ്ടായി. ഞാൻ അത് ഓരോന്നിലേക്കും കടക്കുകയാണ്.

അതിൽ പറഞ്ഞു വളരെ അർജൻസിയാണെന്ന്. എന്തിനാണ് സർ, ഇത്ര വലിയ അർജൻസി? 1971 മുതൽ ശ്രീ. അച്ചുതമേനോൻ ഗവൺമെന്റിന്റെ കാലംമുതൽ ഇങ്ങനെ ആട്ടോണമസ് ബോഡി ഉണ്ടാക്കാൻ പരമാവധി ശ്രമങ്ങൾ നടന്നതാണ്. ബഹുമാനപ്പെട്ട മെമ്പർമാരുടെ അറിവിനുവേണ്ടി ഞാൻ ഒരു കാര്യം പറയാം. ശ്രമങ്ങൾ നടത്തി ക്യാബിനറ്റ് തീരുമാനങ്ങളെടുത്തു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും ചർച്ച ചെയ്തു. മന്ത്രിസഭയിൽ ചർച്ച ചെയ്തു. ഒടുവിൽ ബോർഡ് ഉണ്ടാക്കാൻ തീരുമാനമെടുത്തു, ബോർഡുണ്ടാക്കി, ബിൽ തയ്യാറാക്കി, ഡൽഹിയിൽ പോയി. പിന്നെ മടങ്ങിവന്നപ്പോൾ ബില്ല് നടപ്പിൽ വരുത്താൻ സാധിച്ചില്ല. ഇങ്ങനെ ഒരുപാട് ശ്രമങ്ങൾ നടത്തിയതാണ്. അതിനുശേഷം ശ്രീ. പി.കെ. വാസുദേവൻ നായരുടെ മന്ത്രിസഭയിൽ ശ്രമങ്ങൾ നടത്തി. പല വേദികളിലും ചർച്ചകൾ നടത്തി. ഒടുവിൽ എൽ.ഐ.സി. പോലുള്ള

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾ പണം തരില്ല എന്നു പറയുന്നതുവരെ ഈ ശ്രമങ്ങൾ നടന്നു. ഇനി ഇത് നമ്മൾ നടത്തിയില്ലെങ്കിൽ എക്സ്റേണൽ എയ്ഡ് കിട്ടുകയില്ല എന്നുള്ള ഒരു കണ്ടീഷനായി. ഈ രാജ്യത്തെ, ഗ്രാമ പ്രദേശങ്ങളിൽ ശുദ്ധ ജലം കിട്ടാത്തതിന്റെ കാഠിന്യത്തെക്കുറിച്ച് ഞാൻ വിവരിക്കേണ്ട ആവശ്യമില്ല. ഏറ്റവും അധികം മഴ കിട്ടുന്ന ഇൻഡ്യൻ സംസ്ഥാനമാണ് ആസ്സാം. ഈ അടുത്ത കാലത്ത് നമ്മൾ പത്രത്തിൽ കണ്ടു, കുടിവെള്ളം കിട്ടാതെ ജനങ്ങൾ വലയുന്നു എന്ന്. ബംഗാളിലെ സ്ഥിതി എന്താണ്? ചളിവെള്ളം കുടിച്ച് ആയിരക്കണക്കിന് കുട്ടികൾ മരിച്ചു. രണ്ടു മാസത്തിന് മുമ്പ് പല സംസ്ഥാനങ്ങളിലെയും സ്ഥിതി ഇതാണ്. നമ്മുടെ സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിൽ കുടിവെള്ളം കിട്ടാതെ ആളുകൾ വലയുന്നു. അതുകൊണ്ട് നമ്മെ സംബന്ധിച്ചിടത്തോളം അർജൻസി വന്നു. ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. ഓർഡിനൻസ് റീപ്ലേസ് ചെയ്യാനുള്ള ഒരു ബില്ലാണ് ഇപ്പോൾ ഇവിടെ അവതരിപ്പിച്ചത്. ഈ ഓർഡിനൻസ് പ്രകാരം ബോർഡ് ഉണ്ടാക്കിയിട്ട് ഒന്നരക്കൊല്ലമായി. നമുക്ക് നിയമ നിർമ്മാണത്തിന്റെ ആദ്യ ഘട്ടത്തിലെത്താൻ മാത്രമേ ഇപ്പോൾ കഴിഞ്ഞിട്ടുള്ളൂ. പല മെമ്പർമാരും എന്തുകൊണ്ട് ഈ ബില്ല് കൊണ്ടുവന്നില്ല എന്ന് ചോദിച്ചു. കൊല്ലങ്ങൾ കാത്തുകാത്ത് ഒന്നും കിട്ടാത്ത ഒരു സ്ഥിതിയിൽ ബില്ല് പാസാക്കിയിട്ട് എന്തു കാര്യം? കൊല്ലങ്ങൾ നീണ്ടു പോയില്ലേ? എന്തെല്ലാം മാറ്റങ്ങൾ നമ്മുടെ സംസ്ഥാനത്ത് വരും? അത് ചരിത്രപരമായ കാര്യമാണ്. അർജൻസി അനുസരിച്ച് ഓർഡിനൻസ് ഉണ്ടാക്കി. ഇതായിരുന്നു അതിന്റെ ഫീച്ചർ.

അതുപോലെതന്നെ ബോർഡിന്റെ കോൺസ്റ്റിറ്റ്യൂഷനെക്കുറിച്ച് വലിയ ആക്ഷേപമുണ്ടായി. ഞാൻ അത് വളരെ അവഗാഢമായി ചർച്ച ചെയ്തത് ക്യാബിനറ്റ് ഡിസ്കസ് ചെയ്തിട്ടാണ് ബോർഡ് ഉണ്ടാക്കിയത്. 'ശ്രീ. ഗംഗാധരൻ ബോർഡ് ഉണ്ടാക്കി, ഗംഗാധരന്റെ ചിറകിന്റെ അടിയിൽ എല്ലാം അമർത്തുന്നതിനും അധികാരം പിടിച്ചെടുക്കുന്നതിനും വേണ്ടി ചെയ്തു' എന്നാണ് ആക്ഷേപം. പല ക്യാബിനറ്റ് മീറ്റിംഗുകളിലും ദീർഘമായി ചർച്ച ചെയ്ത് ഒടുവിൽ ബോർഡ് ഉണ്ടാക്കിയതാണ്. ബോർഡിൽ വലിയ ആക്ഷേപമായി പറഞ്ഞത്, ചെയർമാൻ മന്ത്രിയാണ്, ചെയർമാൻ മന്ത്രിയായത് എവിടെയെങ്കിലും കേട്ടിട്ടുണ്ടോ, എവിടെയെങ്കിലും ഇങ്ങനെ ഒരാക്ഷേപം ഉണ്ടോ എന്നാണ്? മന്ത്രിയെ അതോറിറ്റിയുടെ ചെയർമാനാക്കിയത് കൂടുതൽ കാര്യക്ഷമമായി ഉദ്യോഗസ്ഥൻമാരുമായി ബന്ധപ്പെട്ടുകൊണ്ട് പ്രവർത്തിക്കുന്നതിനുള്ള സദുദ്ദേശം വച്ചു കൊണ്ടാണ്. അല്ലാതെ അധികാരം മുഴുവൻ ചെയർമാന് പിടിച്ചെടുക്കാൻ വേണ്ടിയല്ല. ഇവിടെ ചോദിച്ചു, വേറെ ഏതെങ്കിലും ബോർഡിൽ മന്ത്രി ചെയർമാനായിട്ടുണ്ടോയെന്ന്. നമ്മുടെ സംസ്ഥാനത്തുതന്നെ എത്രയോ അതോറിറ്റികളിൽ മന്ത്രി ചെയർമാനായിട്ടുണ്ട്. കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി, ചെയർമാൻ—മിനിസ്റ്റർ ഫോർ ഫോറസ്റ്റ്. കേരളാ ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ്, ചെയർമാൻ—മിനിസ്റ്റർ ഫോർ ഇൻഡസ്ട്രീസ്. കേരള ഗ്രന്ഥശാലാ സംഘം, ചെയർമാൻ—മിനിസ്റ്റർ ഫോർ എഡ്യൂക്കേഷൻ. സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം, ചെയർമാൻ—മിനിസ്റ്റർ ഫോർ എഡ്യൂക്കേഷൻ. സെൻട്രൽ ഫോർ വാട്ടർ ആൻഡ് റിസോഴ്സസ് മാനേജ്മെന്റ്,

LIBRARY ARCHIVES Kerala Legislative Assembly

ചെയർമാൻ—മിനിസ്റ്റർ ഫോർ ഇറിഗേഷൻ ഇത് വലിയ ഒരു സ്ഥാപനമാണ്. ഇതെല്ലാം ഇപ്പോഴുള്ളതല്ല. പഴയ കാലങ്ങളിൽ ഉള്ളതാണ്. കേരളാ സ്റ്റേറ്റ് ഹരിജൻ ഗിരിജൻ കോ—ഓപ്പറേറ്റീവ് ഡെവലപ്പ്മെന്റ് ഫെഡറേഷൻ പ്രസിഡന്റ്, മിനിസ്റ്റർ ഫോർ കോ—ഓപ്പറേഷൻ.

ശ്രീ. കെ.വി. സുരേന്ദ്രനാഥ്: ഈ വായിച്ച പേരുകളിൽ ഒട്ടു മുക്കാലും റിസർച്ച് ചെയ്യാനുള്ള ചെറിയ രജിസ്റ്റേർഡ് സൊസൈറ്റികളാണ്. അതുപോലെയാണോ ഈ വാട്ടർ അതോറിറ്റി?

ശ്രീ. എം.പി. ഗംഗാധരൻ: ഞാൻ എല്ലാം പറയാം. ഇൻഡ്യയിലെയും സ്റ്റേറ്റിലെയും സ്ഥാപനങ്ങളെക്കുറിച്ച് പറയാം. എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് റീജണൽ ബോർഡ്, ചെയർമാൻ മിനിസ്റ്റർ ഫോർ ലേബർ. കേരളാ സ്റ്റേറ്റ് ബീഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട്, ചെയർമാൻ—മിനിസ്റ്റർ ഫോർ ലേബർ.

ശ്രീ. ബേബിജോൺ: പൂർണ്ണമായിട്ട് നിർത്തിയിട്ട് അബ്സോർബ് ചെയ്തുകൊണ്ടുള്ള ബോർഡ്, (കേരള സംസ്ഥാനത്തെ മന്ത്രി ചെയർമാനായിട്ടുള്ളത്) ഇപ്പോഴും ഏതെങ്കിലുമുണ്ടോ? ഇത് വായിച്ചതുകൊണ്ടാണ് ചോദിക്കുന്നത്.

ശ്രീ. എം.പി. ഗംഗാധരൻ: ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസിന്റെ ബോർഡ് അങ്ങനെയാണ്. മന്ത്രി ചെയർമാനായിട്ടുള്ള ഒരു സംവിധാനം വേറെയില്ലെന്നു പറഞ്ഞതുകൊണ്ടാണ് ഞാൻ ഇതു പറഞ്ഞത്. നമ്മുടെ പ്ലാനിംഗ് കമ്മീഷൻ, ആറ്റോമിക് എനർജി കമ്മീഷൻ തുടങ്ങിയ വലിയ സ്ഥാപനങ്ങളുണ്ട്. അതിൽ ആരാണ് ചെയർമാൻ? മന്ത്രിയല്ലേ? ഇതുപോലെ തന്നെ വളരെ പണച്ചെലവുള്ള വലിയ സ്ഥാപനവും ഇൻഡ്യയിലുണ്ട്. ഉദാഹരണത്തിന്, ഡൽഹി ഡെവലപ്പ്മെന്റ് അതോറിറ്റി. ഡൽഹി ഡെവലപ്പ്മെന്റ് അതോറിറ്റിയുടെ ചെയർമാൻ ആരാണ്? ഡൽഹി നഗരം ഭരിക്കുന്ന ലഫ്റ്റനന്റ് ഗവർണറാണ് അതിന്റെ ചെയർമാൻ. അതുകൊണ്ട് ഈ ബോർഡിനെ സംബന്ധിച്ച് ഇങ്ങനൊരാക്ഷേപമുന്നയിക്കുന്നതു ശരിയല്ല. അങ്ങനെയാണെങ്കിൽ ഒരു ഡിപ്പാർട്ടുമെന്റ് ഭരിക്കാൻ കഴിയുകയില്ലല്ലോ. എല്ലാ ഡിപ്പാർട്ടുമെന്റിന്റെയും എക്സിക്യൂട്ടീവ് ഹെഡ് പാർലമെന്ററി ഡെമോക്രസി സെറ്റപ്പിൽ മന്ത്രിയാണ്, അതിന്റെ കീഴിലുള്ള ഉദ്യോഗസ്ഥൻമാരുമായി ചർച്ച ചെയ്യാനും നടപടിയെടുക്കാനും കഴിയുമോ?

സർ, മറ്റൊരാക്ഷേപമായി ശ്രീ. ആർ.എസ്. ഉണ്ണി പറഞ്ഞത് ബോർഡിൽ ഫൈനാൻസ് കൺട്രോളില്ല, ഫൈനാൻസ് ബാലൻസില്ല, എന്നൊക്കെയാണ്. അതൊരു നല്ല പോയിന്റാണ്. പക്ഷേ ഫൈനാൻസിനു വേണ്ടി തോന്നിയ മാതിരി നടക്കുന്നു, തോന്നിയ മാതിരി ചെയ്യുന്നു, എന്നൊക്കെപ്പറയുന്നതു ശരിയല്ല. ഇതിൽ ഫൈനാൻസ് കൺട്രോളുണ്ട്. ഫൈനാൻസ് ഡിസിപ്ലിനുണ്ട്. സെക്കൻറ് ബാലൻസ് ഉണ്ട്. ഈ ബോർഡിൽ തന്നെ ഫൈനാൻസ് സെക്രട്ടറി ഒരംഗമാണ്. അതുകൂടാതെ ലോക്കൽ അഡ്മിനിസ്ട്രേഷന്റെ സെക്രട്ടറി ഒരംഗമാണ്. പി.എച്ച്.ഇ. ഡിപ്പാർട്ടുമെന്റിന്റെ സെക്രട്ടറി ഒരംഗമാണ്. ഉദ്യോഗസ്ഥൻമാരുമായി ചർച്ച ചെയ്തു. നിയമസഭയിൽ വയ്ക്കണ്ട, ബഡ്ജറ്റിനു ഗവൺമെന്റ് അപ്രൂവൽ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കണം. അതുപോലെ തന്നെ ഓരോ കോൺട്രാക്ടർക്കും ഓരോ സ്കീമും 25 ലക്ഷത്തിനു മേൽ ഉണ്ടെങ്കിൽ ഗവൺമെൻറ് അപ്രൂവൽ വേണം. എല്ലാം ഗവൺമെൻറ് കൺട്രോളിൽ ഉള്ളതാണ്. കൂടാതെ ഇതിൻെറ ആഡിറ്റ് മറ്റെല്ലാ ഡിപ്പാർട്ടുമെൻറിലെയും പോലെ അക്കൗണ്ടൻറ് ജനറലിനു കൊടുത്തിരിക്കുകയാണ്, ഇനി എന്താണ് ഫൈനാൻസ് ചെക്ക് വേണ്ടത്? അതാണ് ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം എനിക്ക് പറയാനുള്ളത്.

മറ്റൊരാക്ഷേപം ലോക്കൽ അഡ്മിനിസ്ട്രേഷൻെറ അധികാരം ഏറെടുത്തു എന്നാണ്. ലോക്കൽ അഡ്മിനിസ്ട്രേഷൻെറ അധികാരം ഏറെടുത്തതല്ല. ഇവിടെ ശ്രീ. ഹസ്സനൊക്കെ അക്കാര്യം പറഞ്ഞു. ലോക്കൽ അഡ്മിനിസ്ട്രേഷൻ സോഴ്സ് എവിടെയെങ്കിലും ഒരു സ്ഥലത്തായിരിക്കും. ഇതിൻെറ ട്രീറ്റ്മെൻറ് ഒരു സ്ഥലത്തായിരിക്കും. ഡിസ്ട്രിബ്യൂഷൻ ഒരു സ്ഥലത്തായിരിക്കും. തിരുവനന്തപുരത്തുതന്നെ അരുവിക്കര ഉണ്ട്, പേപ്പാറ വേറെയുണ്ട്. വിവിധ പഞ്ചായത്തുകളിൽ ഇതൊക്കെ ഇൻവർലാപ് ചെയ്യുകയും ചെയ്യും. വാട്ടർ സ്കീമൊക്കെ ഗവൺമെൻറാണ് നടത്തിയത് പഞ്ചായത്തുകളിൽ. മുനിസിപ്പാലിറ്റികളിലും ഗവൺമെൻറാണ് നടത്തിയത്. ഇന്നും പത്തെണ്ണം ഒഴികെ ബാക്കി മുനിസിപ്പാലിറ്റികളെല്ലാം ഗവൺമെൻറിൻെറ കീഴിലാണ്. കോർപ്പറേഷൻ ഒന്ന് ഗവൺമെൻറിൻെറ കീഴിലാണ്, രണ്ടെണ്ണമേ പുറത്തുള്ളൂ. ഇതിനെല്ലാം ഗവൺമെൻറിൻെറ പണമാണ് ചെലവഴിക്കുന്നത്. പിന്നെ മാനേജ്മെൻറിനെ ഏൽപ്പിച്ചിട്ട് മാനേജ്മെൻറിന് അത് ചെയ്യാൻ കഴിയുന്നില്ല. 23 കോടി രൂപയോളം ഇതിൻെറ കുടിശ്ശിക ഓരോ മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും ബാക്കിയുണ്ട്. നമുക്ക് എങ്ങനെ ഈ സ്കീമുകളുമായി മുമ്പോട്ടു പോകാൻ കഴിയും? ലോക്കൽ ബോഡികൾക്ക് ഇതു ചെയ്യാൻ സാധിക്കുകയില്ല. ലോക്കൽ ബോഡികൾക്ക്, ലോക്കൽ ബോഡീസ് ആക്ട് പ്രകാരം ശുദ്ധ ജലം കൊടുക്കാൻ ഒരു ഓബ്ലിഗേഷനുണ്ട്. പക്ഷെ ഇതിനുള്ള കാരണമായി എടുത്തത് ഇത് പൂർത്തീകരിക്കണമെങ്കിൽ ഇങ്ങനെ ഒരു ബോർഡ് ഏറെടുത്തെങ്കിലേ സാധിക്കുകയുള്ളൂ എന്ന രീതിയിലാണ്. എന്നിട്ടുപോലും മൂന്നു കൊല്ലത്തെ കാലാവധി അവർക്ക് കൊടുത്തിരിക്കുകയാണ്. ഇതിനെ നേരംവണ്ണം ഏൽപ്പിക്കുന്നതിനുവേണ്ടിയല്ലാതെ ഒരു ധൃതിയും പിടിച്ചിട്ടില്ല. ഇതാണ് ലോക്കൽ അഡ്മിനിസ്ട്രേഷനെ സംബന്ധിച്ചിടത്തോളമുള്ള കാര്യം.

പൈപ്പ് വാങ്ങിച്ചതിൽ കുംഭകോണം നടത്തിയെന്ന് പറഞ്ഞു. എന്താണ് സത്യം? സത്യം മറച്ചുവയ്ക്കാൻ ആർക്കെങ്കിലും കഴിയുമോ? പൈപ്പ് എങ്ങനെയാണ് വാങ്ങിക്കുന്നത്? ശ്രീ. ഗംഗാധരൻ ഈ വകുപ്പിൻെറ മന്ത്രിയാകുന്നതിനുമുമ്പും പൈപ്പ് വാങ്ങിച്ചിട്ടില്ലേ? അതിനു മുമ്പും പി. എച്ച്. ഇ. ഡി. മന്ത്രിമാർ ഉണ്ടായിരുന്നില്ലേ? ശ്രീ. ഷൺമുഖദാസ് മന്ത്രിയായിരുന്നിട്ടില്ലേ? അദ്ദേഹത്തിന് അറിയില്ലേ എങ്ങനെയാണ് പൈപ്പ് വാങ്ങിച്ചതെന്ന്? അതിന് നോംസുണ്ട്. പൈപ്പ് മൂന്ന് വിധത്തിലാണ് വാങ്ങിക്കുന്നത്. ഒന്ന്, ഇൻഡ്യാ ഗവൺമെൻറിൻെറ ഫൈനാൻസ് മിനിസ്ട്രിയുടെ കീഴിലുള്ള ഡിപ്പാർട്ടുമെൻറിൻെറ (ഡയറക്ടർ ജനറൽ, സപ്ലൈസ് ആൻറ് ഡിസ്പോസൽ) നിർദ്ദേശപ്രകാരം. ആ ഡിപ്പാർട്ടുമെൻറ് നിശ്ചയിക്കുന്ന റേറ്റ് കോൺട്രാക്ടിൽ അടങ്ങിയ വസ്തുക്കൾ റേറ്റ് കോൺട്രാക്ടിൽ വാങ്ങിക്കുക. അതല്ലാത്ത വസ്തുക്കൾ ടെൻഡർ വിളിച്ച് വാങ്ങിക്കുക. ഓപ്പൺ ടെൻഡറാണ്. സ്റ്റോറിൽ സൂക്ഷിക്കേണ്ട സാധനങ്ങളൊക്കെ ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

ഓഫ് ഇൻഡ്യയുടെ ഫ്ളോർ പ്രൈസിനാണ് വാങ്ങിക്കുക. രണ്ടുമൂന്ന് സമ്പദായമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ധാരാളം പൈപ്പുകൾ വാങ്ങിച്ചുവെന്ന് പറഞ്ഞ് ശ്രീ. കൃഷ്ണൻകുട്ടി പറഞ്ഞു സി.പി.എം. ആഫീസിനുമുമ്പിൽ പൈപ്പുകൾ കിടക്കുന്നുവെന്ന്. പഴയകാലത്ത് ശ്രീ. ഷൺമുഖദാസിനൊക്കെ അറിയാം പൈപ്പു വാങ്ങിച്ചാൽ സെൻട്രൽ സ്റ്റോറിലാണ് വയ്ക്കുക. ഇന്ന് അങ്ങനെയല്ല. പഴയകാലങ്ങളിൽ ഏഴരക്കോടിരൂപയുടെ സ്റ്റോക്ക്വരെ സംസ്ഥാനത്തെ സെൻട്രൽസ്റ്റോറിൽ ഉണ്ടായിരുന്നു. പൈപ്പ് ആവശ്യമാണ് അന്ന് ആരും ആക്ഷേപിച്ചില്ല. ഇന്നും പൈപ്പ് ആവശ്യമാണ്. ആക്ഷേപമില്ല. പക്ഷെ അത് വഴിയിൽ കെട്ടിക്കിടക്കുന്നുവെന്നാണ് പറയുന്നത്. സെൻട്രൽ സ്റ്റോറിൽ വച്ചിട്ടില്ല. ഓരോ വർക്ക് ചാർജ് ചെയ്തിട്ട് ആ സ്ഥലത്താണ് പൈപ്പ് കൊണ്ടുവരുന്നത്. സെൻട്രൽ സ്റ്റോറിൽ ഇറക്കിയിട്ട് പിന്നെ റീലോഡ് ചെയ്ത് കൊണ്ടു വരുന്നത് ഒഴിവാക്കാൻ ഓരോ സ്ഥലത്തും നേരിട്ട് ഡെലിവറി നടത്തിയിരിക്കുകയാണ്. അതാണ് നിങ്ങൾ ഓരോ സ്ഥലത്തും കാണുന്ന പൈപ്പ്. 30 ലക്ഷം 35 ലക്ഷം 60 ലക്ഷം രൂപയുടെ സ്കീമുകളുണ്ട്. ഇൻഡ്യാ ഗവൺമെന്റിന്റെ 33 സ്കീമുകളുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പഞ്ചായത്തിൽ, ശ്രീ. ഉണ്ണിയുടെ നിയോജകമണ്ഡലത്തിൽ, അതുപോലെതന്നെ വേൾഡ് ബാങ്കിന്റെ സ്കീം, ഒനതർലാന്റിന്റെ സ്കീം, ഇതെല്ലാം കോടിക്കണക്കിനുർപൂപയുടെ സ്കീമുകളാണ്. ഇവിടെ വിവരിച്ചതുപോലെ ഓരോ സ്കീമിന്റെ 67 ശതമാനം 75 ശതമാനം വിലവരുന്നത് പൈപ്പുകളുടെ വിലയാണ്. ഓരോ സ്കീമും നടപ്പിൽവരുത്തണമെങ്കിൽ പൈപ്പ് വാങ്ങിച്ചാലേ പറ്റുകയുള്ളു. പൈപ്പ് ഇഷ്ടംപോലെ വാങ്ങിക്കണം. പൈപ്പ് ധാരാളം വാങ്ങിച്ചാൽ അത് മുതൽക്കൂട്ടാണ്. അടുത്തകൊല്ലം പൈപ്പിന്റെ വില പിന്നെയും കൂടും. പൈപ്പ് വാങ്ങിച്ചാൽ അത് സംസ്ഥാനത്തിന് നഷ്ടമല്ല. അതെപ്പറ്റി പരിശോധിക്കാം. പിറെക്കൊല്ലത്തേക്ക് അത് ഉപയോഗിച്ചാൽ ലാഭമേയുള്ളു. അധികം വാങ്ങിച്ചുവെന്നുള്ള അർത്ഥത്തിൽ പറയുകയല്ല. പൈപ്പ് വാങ്ങിക്കുന്നതിൽ തെറ്റില്ല. ഇഷ്ടംപോലെ വാങ്ങിക്കാം. പണമുണ്ടെങ്കിൽ ഇൻഡ്യാ ഗവൺമെന്റ് തരുന്ന പണത്തിന് അല്ലേ വാങ്ങിക്കാൻ പറ്റുകയുള്ളു. വാങ്ങിക്കുന്നത് മൂന്ന് നോംസ് പ്രകാരമാണ്. മെമ്പർമാരുടെ അറിവിനുവേണ്ടി ഞാൻ ഒരു കാര്യം പറയാനാഗ്രഹിക്കുകയാണ്. ക്രമക്കേടായി ഒരു തുണ്ട് പൈപ്പ് വാങ്ങിച്ചിട്ടുണ്ടോയെന്നാണ് പരിശോധിക്കേണ്ടത്. അത് പരിശോധിക്കാം. അന്വേഷിക്കാം. ക്രമക്കേടായി റേറ്റ് കോൺട്രാക്ടിന് വിപരീതമായി ഒരു മീറ്റർ പൈപ്പ് ഈ ബോർഡ് വാങ്ങിച്ചിട്ടില്ല. റേറ്റ് കോൺട്രാക്ടിൽ അടങ്ങാത്ത സാധനങ്ങൾ ലോവസ്റ്റ് ടെൻഡറിനല്ലാതെ ഒരു കഷ്ണം പൈപ്പു പോലും ബോർഡ് വാങ്ങിച്ചിട്ടില്ല. പിന്നെ എവിടെയാണ് ക്രമക്കേട്. എന്റെ സ്നേഹിതൻ പറഞ്ഞു അന്വേഷണത്തിന് തയ്യാറാണോയെന്ന്. ഞാൻ ക്രമക്കേട് ചെയ്തിട്ടുണ്ടെങ്കിൽ ഇവിടെ അന്വേഷണക്കമ്മീഷൻ ഉണ്ടല്ലോ അവിടെ പെറ്റീഷൻ കൊടുക്കാൻ പറഞ്ഞു. അതിന് ബദലായി ശ്രീ. ശശീന്ദ്രൻ പറഞ്ഞു നിയമസഭയിൽനിന്ന് ഒരു അന്വേഷണകമ്മീഷനെ വയ്ക്കട്ടെയെന്ന്. ശ്രീ. ശ്രീനിവാസന്റെ പേരിൽ പെറ്റീഷൻ കൊടുത്തില്ലേ? ശ്രീ. ബാലകൃഷ്ണപിള്ളയുടെപേരിൽ കൊടുത്തില്ലേ? ശ്രീ. എം.പി. ഗംഗാധരന്റെ പേരിൽ കൊടുക്കാത്തത് എന്തുകൊണ്ടാണ്? കൊണ്ടുപോയി കൊടുക്കൂ. നമുക്ക് അവിടെ വച്ച് കാണാമെന്ന് പറഞ്ഞു. ഒരു പടി മുന്നോട്ട് ഉയർന്ന് ഞാൻ പറയുകയാണ് നിയമസഭയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു കമ്മിറ്റി പരിശോധിക്കണമെന്ന് ശ്രീ. ശശീന്ദ്രൻ പറഞ്ഞു. നിയമ സഭക്ക് ഇപ്പോഴും കമ്മിറ്റി ഉണ്ടല്ലോ? പബ്ലിക് അണ്ടർടേക്കിങ്ങ് കമ്മിറ്റിയുണ്ട്. ശ്രീ. സീതിഹാജി ചെയർമാനാണ്. ഇത്തരം സ്ഥാപനങ്ങളിൽ എന്ത് നടക്കുന്നുവെന്ന് പരിശോധിക്കാൻ പി.യു.സി. ഉണ്ട്. ഇടമലയാറിൽ പോയി പരിശോധിച്ച് റിപ്പോർട്ട് തന്നില്ലേ ഈ കമ്മിറ്റി? നിയമസഭയുടെ പബ്ലിക് അണ്ടർടേക്കിങ്ങ് കമ്മിറ്റി ഈ ബോർഡിന്റെ ക്രയവിക്രയങ്ങളെക്കുറിച്ച്, പർച്ചേസിനെക്കുറിച്ച് ഒരു അന്വേഷണം നടത്തട്ടെയെന്ന് ഞാൻ ആവശ്യപ്പെടുന്നു. (ബഹളം)

മി. സ്പീക്കർ: അദ്ദേഹം കമ്മിറ്റിയെക്കുറിച്ച് പറഞ്ഞു. അത് കമ്മിറ്റിയാണ് തീരുമാനിക്കേണ്ടത്. (ബഹളം)

ശ്രീ. കെ. ചന്ദ്രശേഖരൻ: അതിൽ ഒരു അപാകതയുണ്ട്.

മി. സ്പീക്കർ: സ്പീക്കർക്ക് അധികാരമുണ്ടെങ്കിലും കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ അമിതമായി ഇടപെടാൻ ഉദ്ദേശിക്കുന്നില്ല. കമ്മിറ്റി തീരുമാനിക്കട്ടെ.

ശ്രീ. ആർ.എസ്. ഉണ്ണി: സർ, ഒരു പോയിന്റ് ഓഫ് ആർഡർ. പി.യു.സി. അന്വേഷിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു നിയമസഭാചട്ടങ്ങളിൽ പബ്ലിക് അണ്ടർടേക്കിംഗ്സ് ഏതൊക്കെയാണെന്നുള്ള ഷെഡ്യൂളുണ്ട്. ഗവൺമെന്റ് ഇതുവരെ ഈ ചട്ടങ്ങളിൽ അതിന്റെ ഷെഡ്യൂളിൽ വാട്ടർ ആൻറ് വേസ്റ്റ്വാട്ടർ അതോറിറ്റി ഉൾപ്പെടുത്തിയിട്ടില്ല. നിയമമനുസരിച്ച് എപ്പോഴും ഒരു പൊതുമേഖലാ സ്ഥാപനം രൂപീകരിച്ചോ അപ്പോഴും ആ കാര്യം നിയമസഭാ സെക്രട്ടറിയേറ്റിനെ അറിയിക്കും. ചട്ടത്തിന്റെ ഷെഡ്യൂളിൽ അത് ഉൾപ്പെടുത്തുകയും ചെയ്യണം. അങ്ങനെ ചെയ്തിട്ടില്ല. അങ്ങനെ ചെയ്യാതെ ഈ കമ്മിറ്റി അന്വേഷിക്കണമെന്ന് പറയുന്നത് ആർഡറിലാണോ?

ശ്രീ. കെ. ചന്ദ്രശേഖരൻ: ഇന്നേതീയതി വരെ ഒരു പ്രതിയും ആ പ്രതിയുടെപേരിൽ ആരാണ് അന്വേഷിക്കേണ്ടതെന്ന് പറയാൻ ധൈര്യപ്പെട്ടിട്ടില്ല. ശ്രീ. ഗംഗാധരനല്ലാതെ ഒരാളും ഇന്നുവരെ ധൈര്യപ്പെട്ടിട്ടില്ല.

ശ്രീ. എം. പി. ഗംഗാധരൻ: എത്ര തൊലിക്കട്ടിയാണ് ശ്രീ. ചന്ദ്രശേഖരന്!

ശ്രീ. ആർ.എസ്. ഉണ്ണി: സർ, റൂളിങ്ങ് നൽകിയില്ല.

മി. സ്പീക്കർ: അങ്ങ് ഉന്നയിച്ച് പോയിന്റ് ചെയർ പരിശോധിക്കാം.

ശ്രീ. എം.പി. ഗംഗാധരൻ: പൈപ്പ് വാങ്ങിച്ചതിൽ ആക്ഷേപമുണ്ടെങ്കിൽ ഞാൻ പറയുന്നു അന്വേഷണം നടത്തണം. പൈപ്പ് വാങ്ങിച്ചതിൽ യാതൊരു അഴിമതിയും നടന്നിട്ടില്ല. നിയമപ്രകാരമേ നടന്നിട്ടുള്ളൂ. അഴിമതി നടത്തിയിട്ടുണ്ടെന്ന് അഭിപ്രായമുണ്ടെങ്കിൽ അന്വേഷണക്കമ്മീഷനുണ്ട്. ആ അന്വേഷണക്കമ്മീഷനിൽ പരാതി കൊടുക്കണം. നിയമസഭയിൽ ഇതെല്ലാം പരിശോധിക്കാൻ അധികാരമുള്ള കമ്മിറ്റിയുണ്ട്. നേരത്തേ വിവരിച്ചതുപോലെയുള്ള ധാരാളം ശുദ്ധജലവിതരണ പദ്ധതികളും ധാരാളം സ്കീമുകളുണ്ട്. ധാരാളം

LIBRARY ARCHIVES Kerala Legislative Assembly

റിസോഴ്സസ് വരുമ്പോൾ ഫൈനാൻഷ്യൽ പൊസിഷൻ ശരിയായി വരുമ്പോൾ സ്കീം നടപ്പിൽവരുത്തണ്ടേ? 1980–81–ൽ 27 കോടിരൂപയായിരുന്നു ബഡ്ജറ്റ് പ്രൊവിഷൻ. 1981–82–ൽ 35 കോടിരൂപയായി. 1980–81–ൽ 6 കോടി രൂപയ്ക്കും 1981–82–ൽ 7 കോടി രൂപക്കും പൈപ്പ് വാങ്ങിച്ചില്ലേ? ആ കൊല്ലം പൈപ്പ് വാങ്ങിച്ചതിന് ശ്രീ. ഷൺമുഖദാസിന് കമ്മീഷൻ കിട്ടിയിട്ടുണ്ടെന്ന് ഞാൻ ആരോപിക്കുന്നില്ല; എനിക്ക് അറിയില്ല. 1980–81–ൽ 27 കോടി രൂപയാണെങ്കിൽ 1982–83–ൽ 41 കോടിരൂപയും 1983–84–ൽ 90 കോടി രൂപയും 1984–85–ൽ 65 കോടി രൂപയുമാണ് ബഡ്ജറ്റ് പ്രൊവിഷൻ. അതിനനുസരിച്ച് പൈപ്പ് വാങ്ങിക്കണ്ടേ? പൈപ്പ് വാങ്ങിക്കാതെ ലാപ്സാക്കണമോ? എന്റെ കയ്യിൽ അക്കൗണ്ടന്റ് ജനറലിന്റെ ഇൻഡ്യൻ പാർലമെന്റിൽവച്ച റിപ്പോർട്ടുണ്ട്. ബംഗാൾ, കർണ്ണാടക, മദ്ധ്യപ്രദേശ്, ബീഹാർ, ഉത്തർപ്രദേശ് എല്ലാ സംസ്ഥാനങ്ങളും പൈപ്പ് വാങ്ങിച്ചു. പൈപ്പ് വാങ്ങിക്കേണ്ട പണം വേറെ യൂട്ടിലൈസ് ചെയ്തു. അതുപോലെതന്നെ ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ പണം ചെലവഴിക്കാതെ ലാപ്സാക്കി. യു.പി. 15 കോടിരൂപ ലാപ്സാക്കി. കഴിഞ്ഞകൊല്ലം ബംഗാളിന് പത്തുകോടിരൂപ ലാപ്സായി. ഇൻഡ്യൻ പാർലമെന്റിൽ വച്ച റിപ്പോർട്ടാണ്. അതേസമയം കേരളത്തിൽ ഒരു കോടിരൂപപോലും ലാപ്സാക്കിയില്ല. ഇങ്ങനെ പൈപ്പ് വാങ്ങിച്ചത് ഈ രാജ്യത്തോട് ചെയ്യുന്ന ദ്രോഹമാണോ? പൈപ്പ് വാങ്ങിച്ചതിലുള്ള ക്രമക്കേടിനെക്കുറിച്ച് പറഞ്ഞു. അതെപ്പറ്റി അന്വേഷിക്കാൻ ഞാൻ ആവശ്യപ്പെടുന്നു. അങ്ങനെ പറയുമ്പോൾ ശ്രീ. ചന്ദ്രശേഖരൻ പറയുന്നത് പ്രതി ആവശ്യപ്പെടുന്നുവെന്നാണ്. എന്ത് തൊലിക്കട്ടിയാണ് ശ്രീ. ചന്ദ്രശേഖരന്.

ശ്രീ. കെ. ചന്ദ്രശേഖരൻ: അദ്ദേഹത്തിന്റെ തൊലിക്കട്ടി എനിക്കില്ല.

ശ്രീ. എം.പി. ഗംഗാധരൻ: നിയമനം നടത്തിയതിനെക്കുറിച്ചാണ് മറ്റൊരു ആക്ഷേപം. ബോർഡ് ഉണ്ടായപ്പോൾ ചില നിയമനങ്ങൾ നടത്തിയെന്നുള്ളത് ശരിയാണ്. ഞാൻ പലപ്രാവശ്യം നിയമസഭയിൽ പറഞ്ഞു ബോർഡ് മൂവ് ചെയ്യാനുള്ള സ്കെലിട്ടൻ സ്റ്റാഫാണുള്ളത്".

"ബോർഡ് മീറ്റിംഗ് കൂടി ഇത്തരത്തിലുള്ള പോസ്റ്റുകൾ വളരെ നിർബന്ധമായും വേണമെന്ന് തീരുമാനിച്ച് ഗവൺമെന്റിന്റെ അപ്രൂവലിന് അയച്ചു. അതാണ് ശ്രീ. താമരാക്ഷൻ പറഞ്ഞത്. അന്ന് അപ്പോയിന്റ് ചെയ്ത 33 പോസ്റ്റുകൾ. അതിൽ 17 എണ്ണം ഡയറക്ടായിട്ടും ബാക്കിയൊക്കെ ഡിപ്പാർട്ടുമെന്റൽ ട്രാൻസ്ഫറും പ്രമോഷനും ഡെപ്യൂട്ടേഷനുമൊക്കെയായിട്ടുമാണ്. ക്യാബിനറാണ് പലതും അപ്പോയിന്റ് ചെയ്തത്. 17 പോസ്റ്റുകളിലേക്ക് ഡയറക്ടായിട്ട് റിക്രൂട്ട് ചെയ്തു. ഈ 17 പോസ്റ്റുകളുടെ സ്ഥിതി എന്താണ്? ഇവിടെ ചോദിച്ചു, റിസർവേഷൻ ഉണ്ടോ എന്ന്. റിസർവേഷൻ ഉണ്ട്. മുസ്ലീങ്ങൾ, ബാക്ക്വേർഡ് ക്ലാസ്, ഹരിജനങ്ങൾ തുടങ്ങിയ റിസർവേഷൻ വച്ചുകൊണ്ടാണ് ചെയ്തത്. എവിടെയാണ് ക്രമക്കേട്? പിന്നെയും 29 പോസ്റ്റുകൾ കൂടിവേണം. അതിന് അഡ്വർട്ടൈസ് ചെയ്തു. അതിന് പോസ്റ്റ് ബോക്സ് വച്ച് അപേക്ഷ ക്ഷണിച്ചു എന്നാണ് ആക്ഷേപം. അത് സാധാരണ ചെയ്യാറുള്ളതാണ്. പോസ്റ്റ് ബോക്സ് നമ്പർ വച്ച് അപേക്ഷ ക്ഷണിച്ചിട്ടുപോലും 29 പോസ്റ്റുകൾക്ക്, 29,000 അപ്ലിക്കേഷൻസാണ് കിട്ടിയത്.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ പരീക്ഷ നടത്തി, ബാക്കി പ്രോസസ് നടന്നുകൊണ്ടിരിക്കുകയാണ്. ഞങ്ങൾ അപ്പോയിന്റ് ചെയ്തിട്ടില്ല. എവിടെയാണ് അപ്പോയിന്റ് ചെയ്തത്? എവിടെയാണ് അഴിമതി, എവിടെയാണ് ആക്ഷേപം? വെറുതേ ഇങ്ങനെ പറഞ്ഞാൽ മതിയോ? അതിൽ പറഞ്ഞ പ്രധാന പ്രശ്നം, പബ്ലിക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുത്തില്ല എന്നുള്ളതാണ്. അതിൽ ആർക്കും ആക്ഷേപമില്ല. പബ്ലിക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുക്കാൻ. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് 1957-ൽ ഉണ്ടായി. പി.എസ്.സി.യ്ക്കു വിട്ടുകൊടുത്തത് 1963-ലാണ്. കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ 1965-ൽ ഉണ്ടായി. വിട്ടുകൊടുത്തത് 1970-ലാണ്. അതുവരെ ഡയറക്ടായിട്ടാണ് നിയമനം നടത്തിക്കൊണ്ടിരുന്നത്. കെ.എസ്.ആർ.ടി.സി. യിൽ വേറെയും തമാശയുണ്ട്. ആപ്ലിക്കേഷൻസ് പോലും ക്ഷണിക്കാതെ, പരീക്ഷപോലും നടത്താതെ സിഗ്നേച്ചർ പാക്കറ്റിൽ എഴുതിയാണ് കൊടുത്തത്. അതുപോലെതന്നെ കേരളാ സ്റ്റേറ്റ് ഫൈനാൻഷ്യൽ കോർപ്പറേഷൻ, ടൂറിസംഡെവലപ്പ്മെന്റ് കോർപ്പറേഷൻ, ബിവറേജസ് കോർപ്പറേഷൻ, ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ആൻഡ് മിൽക്ക് മാർക്കറ്റിംഗ് ബോർഡ്, റൂറൽഡെവലപ്പ്മെന്റ് ബോർഡ് ആൻഡ് ടൗൺപ്ലാനിംഗ് ട്രസ്റ്റ് ഇതെല്ലാം ഇവിടെ രൂപീകരിക്കപ്പെട്ട ബോർഡുകളാണ്. ഇത് പി.എസ്.സി.യ്ക്കു പെട്ടെന്ന് വിട്ടുകൊടുക്കാൻ ഒക്കുകയില്ല. കാരണം പി.എസ്.സി.യ്ക്കു കൊടുക്കണമെങ്കിൽ Additional functions P·S·C· Act അമൻഡ് ചെയ്യണം. അതിന് ലെജിസ്ലേഷൻ വേണം. അല്ലെങ്കിൽ ഒരു സെപ്പറേറ്റ് നിയമം ഉണ്ടാക്കണം. മൂലനിയമം തന്നെ ഇവിടെ പാസായിക്കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഇങ്ങനെയൊരു നിയമം ഇവിടെ കൊണ്ടുവരാൻ കഴിയുകയില്ല. അതുകൊണ്ടാണ് അതിന് പ്രതിബന്ധമുണ്ടെന്നു പറഞ്ഞത്. ഈ നിയമം പാസായിക്കഴിഞ്ഞാൽ വളരെ വേഗത്തിൽ നിയമനം പി.എസ്.സി.യ്ക്കു വിട്ടുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

പിന്നെ പറഞ്ഞ അറ്റൻഡറിന്റെ കാര്യം. ഞാൻ അതിലേക്ക് ഇപ്പോൾ കടക്കുന്നില്ല. ക്ലാസ് ബൈ ക്ലാസ് ചർച്ച വരുമ്പോൾ പറയാവുന്നതാണ്.

പിന്നെ പറഞ്ഞു, എവിടേയും വെള്ളം കിട്ടിയില്ല. ഇതിന്റെ അച്ചീവ്മെന്റിനെ സംബന്ധിച്ചിടത്തോളം ഞാൻ പറഞ്ഞു. നിങ്ങൾക്കു ബുദ്ധിമുട്ട് ഉണ്ടാകും. വാട്ടർടാപ്പുകളും, പൈപ്പുകളുമൊക്കെ ഗ്രാമപ്രദേശങ്ങളിൽ ഒരു കാലത്ത് സ്വപ്നമായിരുന്നു. എന്നാൽ ഇന്ന് എല്ലാ ഹരിജൻ കോളനികളിലും എല്ലാ കുന്നിൻപ്രദേശങ്ങളിലും എല്ലാ തീരപ്രദേശങ്ങളിലും, ഉപ്പുവെള്ളം കുടിച്ചിരുന്നവർക്ക് ഇന്ന് ശുദ്ധജലം ലഭിക്കുന്നുണ്ട്. അതുവരുമ്പോൾ നിങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ട്. അവിടെ വരുമ്പോൾ നിങ്ങൾ രാഷ്ട്രീയം കാണുന്നു. ശ്രീ. എം.പി. ഗംഗാധരനെതിരെ അപ്പോൾ രാഷ്ട്രീയം കാണുന്നു. ഇവിടത്തന്നെ പ്രസംഗിച്ചപ്പോൾ പല മെമ്പർമാരും പറഞ്ഞു, എന്റെ നിയോജകമണ്ഡലത്തിൽ കിട്ടണം. ശ്രീ. രാഘവൻ അടക്കം, ശ്രീ. ആർ.എസ്. ഉണ്ണി മുതൽ എന്റെ നിയോജകമണ്ഡലത്തിൽ കിട്ടണമെന്ന അഭ്യർത്ഥന അവതരിപ്പിച്ചിട്ട്, എനിക്ക് വെള്ളം കിട്ടണം, എനിക്ക് പൈപ്പ് വേണമെന്ന് പറഞ്ഞിട്ട്, ഇപ്പോൾ പൈപ്പ് മേടിച്ചതിന് ആക്ഷേപം പറയുകയാണ്, കിണറിൽ ഇറങ്ങാൻ കോണി വച്ചു കൊടുത്ത് കിണറ്റിൽ ഇറക്കിയതിനുശേഷം കോണി വലിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഈ ചതിരാഷ്ട്രീയം, ഈ രീതിയിലുള്ള ചർച്ച നിർഭാഗ്യകരമായിപ്പോയി എന്നാണ് എനിക്ക് പറയുവാനുള്ളത്. അത് ഒരിക്കലും ചെയ്യാൻ പാടില്ലായിരുന്നു. ഈ അറ്റോറിറ്റി വളരെ സത്യസന്ധമായും വളരെ ആത്മാർത്ഥമായും ഈ രാജ്യത്തിലെ കോടിക്കണക്കിന് വരുന്ന, 245 ലക്ഷത്തോളം വരുന്ന, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ കഠിനമായി അദ്ധ്വാനിക്കുന്ന കർഷകത്തൊഴിലാളികളും മറ്റ് തൊഴിലാളി സുഹൃത്തുക്കളും, അവരെ സംബന്ധിച്ചിടത്തോളം വിഷമിച്ച് കഴിയുകയാണ്. അവിടെയും തീരദേശത്തിലെ ജനങ്ങൾക്കും ശുദ്ധജലം എത്തിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് വഴിയും മറ്റ് രാജ്യങ്ങളുടെ സഹായം വഴിയും ദേശീയ—അന്തർദ്ദേശീയ സ്ഥാപനങ്ങളുടെ സഹായത്തിന്റെ ഫലമായും ഇൻഡ്യാഗവൺമെന്റിന്റെ സഹായമായും തരുന്ന പണം സംരേഖിച്ചുകൊണ്ട് സയൻറിഫിക് മെത്തേഡിൽ നല്ലൊരു അതോറിറ്റി ഉണ്ടാക്കി ഇത് ക്രമീകരിക്കാനും ഇതിന്റെ ഗുണം ജനങ്ങൾക്ക് കൊടുക്കുന്നതിനും വേണ്ടിയുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ നിയമം ഇവിടെ കൊണ്ടുവന്നത്. സുപ്രധാനമായ ഈ നിയമം വളരെ വേഗത്തിൽത്തന്നെ പാസാക്കിയെടുക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഇത് സബ്ജക്ട് കമ്മിറ്റിക്ക് റഫർ ചെയ്യുന്നതിന് അനുവദിക്കണം. എല്ലാപേരും സഹായിക്കണം. ഈ നിഷേധാത്മകമായ സമീപനത്തിനു പകരം സത്യസന്ധമായി വിമർശിക്കാനും, അഴിമതി, കിഴിമതി എന്നു പറഞ്ഞ് വെറുതേ രാഷ്ട്രീയം കാണാതെ നമുക്കൊന്നിച്ച് നിങ്ങാനും കഴിയണം. അതിനുവേണ്ടി നിങ്ങൾ സഹകരിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ഇന്നലെ ശ്രീ. ബേബിജോൺ ഇവിടെ ഒരു പ്രശ്നം ഉന്നയിച്ചുകൊണ്ട് സംസാരിച്ചു. നേരത്തേ ഈ ബില്ലിന്റെ ചർച്ച വന്നപ്പോഴൊന്നും അതുസംബന്ധിച്ച് പല പരാമർശനങ്ങളും ഉണ്ടായിരുന്നു. അതുസംബന്ധിച്ച് ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ജനസേചനവകുപ്പുമന്ത്രിയുടെ അഭിപ്രായം കൂടി കേട്ട് ഇന്ന് റൂളിംഗ് തരാമെന്ന് പറഞ്ഞിരുന്നു. പുതിയ ആർഡിനൻസ് നിലവിലിരിക്കേ റദ്ദായ ആർഡിനൻസിനു പകരമുള്ള ബില്ലുകൾ സഭയുടെ മുമ്പാകെ വരുന്നതിലുള്ള അനൗചിത്യം പല അംഗങ്ങളും ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇക്കാര്യം പെയർ പരിശോധിച്ചു. നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ 75—ാം ചട്ടം 1—ാം ഉപചട്ടമനുസരിച്ച് ഒരു ആർഡിനൻസിനു പകരമായി മാറ്റത്തോടുകൂടിയോ അല്ലാതെയോ ഒരു ബില്ല് സഭയിൽ അവതരിപ്പിക്കുമ്പോൾ ആർഡിനൻസ് പ്രഖ്യാപിക്കാനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. അതിന്റെ കോപ്പി ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ലഭിക്കാനുള്ള അർഹതയുമുണ്ട്. അംഗങ്ങൾക്ക് ഇപ്രകാരമുള്ള സ്റ്റേറ്റ്മെന്റ് കൊടുക്കാൻ ഗവൺമെന്റ് ബാദ്ധ്യസ്ഥവുമാണ്. നേരത്തെ അവശ്യസാധന നിയന്ത്രണ ബില്ലിൻമേൽ നടന്ന ചർച്ചയിൽ സമാനമായ പ്രശ്നം ഉന്നയിക്കപ്പെട്ടിരുന്നു. പ്രസ്തുത ബില്ലിനു ആസ്പദമായ ആർഡിനൻസ് പുനർപ്രഖ്യാപനം ചെയ്തപ്പോഴും വ്യവസ്ഥകളിൽ ഒരു മാറ്റവും ഉണ്ടായിരുന്നില്ല. ആർഡിനൻസിന്റെ നമ്പറിൽ മാത്രമായിരുന്നു വ്യത്യാസം. അതിന്റെ അടിസ്ഥാനത്തിലാണ് നമ്പരിലുള്ള വ്യത്യാസം ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി ചർച്ചാവേളയിൽ മാറ്റിയാൽ മതിയാ

LIBRARY ARCHIVES Kerala Legislative Assembly

കുമെന്ന് റൂളിംഗ് നൽകിയത്. എന്നാൽ ജല–മലിനജല അതോറി റ്റിയെ സംബന്ധിച്ച 84–ലെ 14–ാം നമ്പർ ആർഡിനൻസ് പുറ പ്പെടുവിച്ചപ്പോഴും അതിന്റെ 24–ാം വകുപ്പിൽ ജല–മലിനജല അതോറി റ്റിക്ക് ലോണും, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനും കൊടുക്കാൻ വ്യവസ്ഥ ഇല്ലായിരുന്നു. എന്നാൽ നിലവിലുള്ള ആർഡിനൻസിൽ ഇക്കാര്യത്തിൽ വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് ബഡ്ജറ്റിൽ തുക വകയിരുത്തി; സഭയുടെ വോട്ട് നേടി ബഡ്ജറ് പാസാക്കി. പക്ഷേ ഇപ്പോഴത്തെ സഭയുടെ പരിഗണനയിലുള്ളത്, 1984–ലെ 14–ാം നമ്പർ ആർഡിനിൻസിനുപകരമുള്ള ബില്ലാണ്. പുതുക്കിയ വ്യവസ്ഥ കളോടുകൂടിയ ബില്ല് സഭമുമ്പാകെ വരാതിരുന്നാൽ ജല–മലിനജല അതോറിറ്റിക്ക് ലോണും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനും നൽകുന്ന തിന് സഭ അർപ്പിച്ച വിശ്വാസം ഗവൺമെന്റ് കണക്കിലെടുത്തില്ലെന്ന ധാരണ ഉണ്ടാകാൻ ഇടയുണ്ട്. ഇപ്രകാരം വരുന്നത് ഗവൺ മെന്റിന്റെ തന്നെ ഉദ്ദേശത്തിന് അനുസൃതമല്ലാത്തതായി വരും.

1984–ലെ 14–ാം ഓർഡിനൻസ് പ്രഖ്യാപിച്ചതിനുശേഷം വരുത്തിയ മാറ്റം നിസ്സാരമായിരുന്നുവെന്നു ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി പ്രസ്താവിക്കുകയുണ്ടായി. 1985–86–ലെ ബഡ്ജറിൽ 21–ാം നമ്പർ പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ധനാ ഭ്യർത്ഥനയിൽ ഉൾക്കൊള്ളിച്ചിരുന്ന അമ്പതുകോടി മുപ്പത്തിയഞ്ചു ലക്ഷത്തി ഇരുപതിനായിരം രൂപയിൽ നാൽപ്പത്തിയൊന്നുകോടി ഇരുപ ത്തിയേഴുലക്ഷം രൂപയും ജലമലിനജല അതോറിറ്റിക്ക് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനും വായ്പയും നൽകുന്നതിനുള്ളതായിരുന്നു. ഇപ്രകാരം ധനാഭ്യർത്ഥനയുടെ സിംഹഭാഗം–81 ശതമാനം–ജലമലിനജല അതോറിറ്റിക്കു കോൺട്രിബ്യൂഷനും വായ്പയും കൊടുക്കുന്നതിനു വേണ്ടിയായിരുന്നു എന്ന കാര്യം പരിഗണിക്കുമ്പോഴും മന്ത്രിയുടെ പ്രസ്താവന അംഗീകരിക്കാൻ വയ്യ.

ഭരണഘടനയുടെ 213–ാം അനുച്ഛേദം (2)–ാം ഖണ്ഡം (ക) ഉപഖണ്ഡമനുസരിച്ച് സഭയ്ക്ക് പ്രമേയം മുഖേന ഒരു ഓർഡി നൻസ് നിരാകരിയ്ക്കുവാനുള്ള അവകാശമുണ്ട്. ചെയർ ഇതിനു മുമ്പ് ചൂണ്ടിക്കാണിച്ചതുപോലെ ഇപ്രകാരമൊരു പ്രമേയം വന്നാൽ അതു ബില്ലിന്റെ ആദ്യമോഷനോടൊപ്പമാണ് ചർച്ചചെയ്യുന്നത്. മോഷനു മുമ്പായി പ്രമേയം വോട്ടിനിടുകയും വേണം. നിരാക രണപ്രമേയം പാസ്സാകുന്നപക്ഷം ഓർഡിനൻസും അതിനുപകര മുള്ള ബില്ലും റദ്ദാകുന്നതാണ്. 1984–ലെ 14–ാം നമ്പർ ഓർഡി നൻസ് റീപ്രേസ് ചെയ്യാനുള്ള ബില്ലാണ് സഭമുമ്പാകെയുള്ളത്. ശ്രീ. ആർ.എസ്. ഉണ്ണിയുടെ പ്രമേയം 1985–ലെ 66–ാം നമ്പർ ഓർഡി നൻസ് നിരാകരിക്കുന്നതിനുവേണ്ടിയാണ്. ഈ പ്രമേയം സഭ അംഗീ കരിക്കുകയാണെങ്കിൽ ഇപ്പോഴത്തെ സഭയുടെ മുമ്പാകെയുള്ള 1984–ലെ 14–ാം നമ്പർ ഓർഡിനൻസിനു പകരമുള്ള ബില്ല് റദ്ദാകാത്ത സാഹ ചര്യമാണ് ഉണ്ടാകുന്നത്. കാരണം, സഭ മുമ്പാകെയുള്ളത് നിരാകരിച്ച ഓർഡിനൻസിനു പകരമുള്ള ബില്ലല്ല എന്നതുതന്നെ. ഈ നിലയിൽ റദ്ദായ ഓർഡിനൻസിനു പകരമുള്ള ബിൽ സഭയിലവതരിപ്പിക്കുന്നത് ശരിയായ നടപടിക്രമമല്ല.

ഈ സമ്മേളനം നടത്തുന്നതുതന്നെ നിയമനിർമ്മാണ കാര്യത്തിനു വേണ്ടിയാണ്. കഴിയുന്നത്ര കൂടുതൽ ബിൽ പാസ്സാക്കണമെന്ന താണ് നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിനുവേണ്ടിയാണ്

LIBRARY ARCHIVES Kerala Legislative Assembly

കോമൺവെൽത്ത് പാർലമെന്ററി കോൺഫറൻസിൽ സംബന്ധിക്കാനുള്ള ചെയറിന്റെ പരിപാടി റദ്ദാക്കിയതുതന്നെ. അതേത്തുടർന്നാണല്ലോ സമ്മേളനം അൽപ്പം നീട്ടിവച്ചത്. സഭ ചർച്ചചെയ്ത് പാസ്സാക്കേണ്ട കൂടുതൽ ഓർഡിനൻസുകൾ ഉണ്ടെന്നും ഓരോ ഓർഡിനൻസും ഒന്നിൽകൂടുതൽ പ്രാവശ്യം പ്രഖ്യാപിച്ചിട്ടുണ്ടെന്നും ഉള്ള വസ്തുതനാം കണക്കിലെടുക്കണം. ഈ സമ്മേളനത്തിൽ റദ്ദായ ഓർഡിനൻസുകൾക്കുപകരം പ്രസിദ്ധീകരിച്ചിട്ടുള്ള ബില്ലല്ലാതെ നിലവിലുള്ള ഓർഡിനൻസുകൾക്കു പകരമുള്ള ബില്ലുകൾ കൊണ്ടുവരണമെന്ന് നിർബന്ധിക്കുന്നപക്ഷം സഭയുടെ മുമ്പുപറഞ്ഞ ലക്ഷ്യം സാക്ഷാത്കരിക്കാൻ പ്രയാസമാണ്. സഭയുടെ ഈ സമ്മേളനത്തിൽ നിലവിലുള്ള ഓർഡിനൻസുകൾക്കുപകരമുള്ള ബില്ല് തന്നെ സഭ മുമ്പാകെ വരണമെന്ന നിർബന്ധപൂർവ്വകമായ നിലപാട് സ്വീകരിച്ചാൽ നിയമനിർമ്മാണ നടപടികൾക്ക് സ്തംഭനാവസ്ഥ ഉണ്ടാകും. ഈ സ്ഥിതിവിശേഷം ഉണ്ടാകാൻ ചെയർ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് മാത്രമാണ് ഇതുസംബന്ധിച്ച നടപടിക്രമവുമായി മുന്നോട്ടുപോകാൻ ചെയർ അനുവാദം നൽകിയത്. അടുത്ത സമ്മേളനം മുതൽ നിലവിലുള്ള ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ മാത്രമേ സഭയിൽ അവതരിപ്പിക്കുവാൻ പാടുള്ളൂ.

ഇത്തരം പ്രശ്നങ്ങൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യാൻ കഴിയാതെപോകുന്നത് ഓർഡിനൻസുകളുടെ എണ്ണത്തിലുണ്ടാകുന്ന അമിതമായ വർദ്ധനവിന്റെകൂടി ഫലമാണ്. ഒരേ ഓർഡിനൻസ് തന്നെ നിരവധി തവണ ആവർത്തിച്ച് പ്രഖ്യാപിക്കുന്ന പ്രത്യേക സ്ഥിതിവിശേഷവും നിലവിലുണ്ട്.

നമ്മുടെ പാർലമെന്ററി സംവിധാനത്തിന്റെ ആരോഗ്യകരമായ വളർച്ചയ്ക്ക് വിലപ്പെട്ട സംഭാവന നൽകിയ ലോകസഭയുടെ അദ്ധ്യക്ഷൻ കൂടിയായിരുന്ന ശ്രീ. ജി.വി. മൗലങ്കറുടെ ഓർഡിനൻസുകളെക്കുറിച്ചുള്ള അഭിപ്രായം ഇവിടെ ഇത്തരുണത്തിൽ വളരെ പ്രസക്തമാണ്.

".....we, as first Lok Sabha, carry a responsibility of laying down traditions. It is not a question of present presonnel in the Government but a question of precedents; and if this Ordinance issuing is not limited by convention, only to extreme and very urgent cases, the result may be that, in future, the Government may go in issuing Ordinances giving the Lok Sabha no option, but to rubber stamp the Ordinances.

The issue of an Ordinance is undemocratic and cannot be justified except in cases of extreme urgency or emergency".

വളരെ അടിയന്തിരഘട്ടങ്ങളിൽ പ്രയോജനപ്പെടുത്തുവാൻവേണ്ടി ഭരണഘടനയിൽ വിഭാവനചെയ്തിട്ടുള്ള, ഓർഡിനൻസുകൾ പുറപ്പെടുവിക്കാൻവേണ്ടിയുള്ള സംവിധാനത്തെ നിയമനിർമ്മാണത്തിനുവേണ്ടി ഒരു സ്ഥിരംശൈലിയാക്കി മാറ്റുന്നത് അങ്ങേയറ്റം അനാരോഗ്യകരമായ പ്രവണതയാണ്.

നിയമനിർമ്മാണത്തിന് സഭയ്ക്കുള്ള അവകാശങ്ങളെയും അവസരങ്ങളെയും ഫലത്തിൽ നഷ്ടപ്പെടുത്തുന്നതിന് ഈ സമീപനം ഇടവരുത്തും. നിയമസഭയെ ഒരു റബ്ബർസ്റ്റാമ്പാക്കി മാറ്റാൻ ഒരു കാരണവശാലും അനുവദിക്കാൻ പാടില്ലല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ഈ വസ്തുതകളും ഗവൺമെൻറ് ഗൗരവപൂർവ്വം കണക്കിലെടുക്കുമെന്ന് ചെയർ പ്രത്യാശിക്കുന്നു.

ശ്രീ. ആർ.എസ്. ഉണ്ണി അവതരിപ്പിച്ച 1985—ലെ ജലവും മലിനജലവും സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കുന്ന പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചു.

മി. സ്പീക്കർ: ശ്രീ. മണിമംഗലത്തു കുട്ട്യാലി അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ഇല്ല. ഞാൻ പിൻവലിക്കുന്നു.

ശ്രീ. ബേബിജോൺ: Sir, I oppose it. ഒരിക്കൽ ഭേദഗതി അവതരിപ്പിച്ചു കഴിഞ്ഞാൽ സഭയുടെ അനുമതിയോടുകൂടി മാത്രമേ പിൻവലിക്കാവൂ. സെലക്ട് കമ്മിറ്റിക്ക് വിടണമെന്നുള്ള ഭേദഗതിയാണ് അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ഇതിൽ വോട്ടെടുപ്പ് നടത്തണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

താഴെപ്പറയും പ്രകാരം സഭ രണ്ടായി പിരിഞ്ഞ് വോട്ടെടുപ്പ് നടത്തി.

അനുകൂലിക്കുന്നവർ—69

1. ശ്രീ. ഇ. അഹമ്മദ്
2. ശ്രീ. സി.ടി. അഹമ്മദ് അലി
3. ശ്രീ. കെ. അബുക്കാദർകുട്ടിനഹ
4. ശ്രീ. തെന്നല ജി. ബാലകൃഷ്ണപിള്ള
5. ശ്രീ. പി.കെ.കെ. ബാവ
6. ശ്രീ. യു.എ. ബീരാൻ
7. ശ്രീ. ബെന്നി ബെനാഹൻ
8. ശ്രീ. പി. ഭാസ്കരൻ
9. ശ്രീ. വി. ദിനകരൻ
10. ശ്രീ. എം.പി. ഗംഗാധരൻ
11. ശ്രീ. എ. ജോർജ്ജ്
12. ശ്രീ. പി.സി. ജോർജ്ജ്
13. ശ്രീ. കെ.എം. ഹംസക്കുഞ്ഞ്
14. ശ്രീ. എം.എം. ഹസ്സൻ
15. ശ്രീ. എ.എൽ. ജേക്കബ്
16. ശ്രീ. റ്റി.എം. ജേക്കബ്
17. ശ്രീ. സി.ജി. ജനാർദ്ദനൻ
18. ശ്രീ. റ്റി.എസ്. ജോൺ
19. ശ്രീ. എ.സി. ജോസ്
20. ഡോക്ടർ കെ.സി. ജോസഫ്
21. ശ്രീ. കെ.സി. ജോസഫ്

LIBRARY ARCHIVES Kerala Legislative Assembly

22. ശ്രീ. പി.ജെ: ജോസഫ്
23. ശ്രീമതി എം. കമലം
24. ശ്രീ. കെ.ജി.ആർ. കർത്താ
25. ശ്രീ. ജി. കാർത്തികേയൻ
26. ശ്രീ. കെ. കരുണാകരൻ
27. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
28. ശ്രീ. മണിമംഗലത്തു കുട്ട്യാലി
29. ശ്രീ. ഇ.ജെ. ലൂക്കോസ്
30. ശ്രീ. കെ.പി.എ. മജീദ്
31. ശ്രീ. കെ.എം. മാണി
32. ശ്രീ. എം.വി. മാണി
33. ശ്രീ. കെ. മുഹമ്മദാലി
34. ശ്രീ. പി.എ. മുഹമ്മദ് കണ്ണ്
35. ശ്രീ. ടി.എച്ച്. മുസ്തഫ
36. ശ്രീ. കെ.എസ്. നാരായണൻ നമ്പൂതിരി
37. ശ്രീ. കെ.വി. നൂറുദീൻ
38. ശ്രീ. തച്ചടി പ്രഭാകരൻ
39. ശ്രീ. കെ. രാഘവൻമാസ്റ്റർ
40. ശ്രീ. രാഘവൻ പൊഴക്കടവിൽ
41. ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
42. ശ്രീ. കെ.പി. രാമചന്ദ്രൻ നായർ
43. ശ്രീ. എസ്. രാമചന്ദ്രൻപിള്ള
44. ശ്രീ. രമേശ് ചെന്നിത്തല
45. ശ്രീ. തോപ്പിൽ രവി
46. ശ്രീ. വയലാർ രവി
47. ശ്രീ. പി. സീതിഹാജി
48. ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ
49. ശ്രീ. കടവൂർ ശിവദാസൻ
50. ശ്രീ. നാലകത്തു സൂപ്പി
51. ശ്രീ. കെ.കെ. ശ്രീനിവാസൻ
52. ശ്രീ. എൻ. ശ്രീനിവാസൻ
53. ശ്രീ. പന്തളം സുധാകരൻ
54. ശ്രീ. കോട്ടക്കുഴി സുകുമാരൻ
55. ശ്രീ. വി. സുരേന്ദ്രൻപിള്ള
56. ശ്രീ. പി.പി. തങ്കച്ചൻ
57. ശ്രീ. സി.എഫ്. തോമസ്
58. ശ്രീ. കെ.കെ. തോമസ്

LIBRARY ARCHIVES Kerala Legislative Assembly

59. ശ്രീ. പി.സി. തോമസ് (തിരുവല്ല)
60. ശ്രീ. തോമസ് കല്ലംപള്ളി
61. ശ്രീ. പി.കെ. വേലായുധൻ
62. ശ്രീ. റ്റി.വി. വിജയരാജൻ
63. ശ്രീ. സ്റ്റീഫൻ പാമ്പുവ
64. ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി
65. ശ്രീ. കെ.പി. രാമൻ
66. ശ്രീ. പി.എം. അബൂബേക്കർ
67. ശ്രീ. എൻ. ശക്തൻ നാടാർ
68. ശ്രീ. ജോസ് കുറ്റിയാനി
69. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ

പ്രതികൂലിക്കുന്നവർ—50

1. ശ്രീ. ടി.കെ. അബ്ദു
2. ശ്രീ. കെ.പി. അരവിന്ദാക്ഷൻ
3. ശ്രീ. ടി.കെ. ആറുമുഖൻ
4. ശ്രീ. ബേബിജോൺ
5. ശ്രീ. കെ.കെ. ബാലകൃഷ്ണൻ
6. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
7. ശ്രീമതി ഗൗരിയമ്മ തങ്കപ്പൻ
8. ശ്രീ. സി.കെ. ചക്രപാണി
9. ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ
10. ശ്രീ. കെ. ചന്ദ്രശേഖരൻ
11. ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്
12. ശ്രീ. വി.എസ്. ചന്ദ്രശേഖരൻപിള്ള
13. ശ്രീമതി പി. ദേവൂട്ടി
14. ശ്രീ. കെ.ജെ. ജോർജ്ജ്
15. ശ്രീ. ടി.കെ. ഹംസ
16. ശ്രീ. കെ.ഇ. ഇസ്മയിൽ
17. ശ്രീ. ഇ.കെ. നായനാർ
18. ശ്രീ. വി.സി. കബീർ
19. ശ്രീ. കെ.ടി. കണ്ണാരൻ
20. ശ്രീ. എം.കെ. കേശവൻ
21. ശ്രീ. വി. കേശവൻ
22. ശ്രീ. സി.ടി. കൃഷ്ണൻ
23. ശ്രീ. കെ. കൃഷ്ണൻകുട്ടി—
24. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ
25. ശ്രീ. ഷി. കുമാരൻ

LIBRARY ARCHIVES Kerala Legislative Assembly

26. ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ
27. ശ്രീ. ലോനപ്പൻ നമ്പാടൻ
28. ശ്രീ. സി.പി. മൂസ്സാൻകുട്ടി
29. ശ്രീ. എ.കെ. പത്മനാഭൻ
30. ശ്രീ. ഇ. പത്മനാഭൻ
31. ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ
32. ശ്രീ. കെ.പി. പ്രകാശൻ
33. ശ്രീ. കെ. പുരുഷോത്തമൻ
34. ശ്രീ. വർക്കല രാധാകൃഷ്ണൻ
35. ശ്രീ. എം.വി. രാഘവൻ
36. ശ്രീ. വി.കെ. രാജൻ
37. ശ്രീ. കാനം രാജേന്ദ്രൻ
38. ശ്രീ. കെ. ശങ്കരനാരായണപിള്ള
39. ശ്രീ. എ.കെ. ശശീന്ദ്രൻ
40. ശ്രീ. എ.സി. ഷൺമുഖദാസ്
41. ഡോക്ടർ എ. സുബ്ബറാവു
42. ശ്രീ. കെ.വി. സുരേന്ദ്രനാഥ്
43. ശ്രീ. എ.വി. താമരാക്ഷൻ
44. ശ്രീ. സി.കെ. തങ്കപ്പൻ
45. ശ്രീ. വി.ജെ. തങ്കപ്പൻ
46. ശ്രീ. എസ്. ആർ. തങ്കരാജ്
47. ശ്രീ. പി.സി. തോമസ് (കടുത്തുരുത്തി)
48. ശ്രീ. ആർ.എസ്. ഉണ്ണി
49. ശ്രീ. ജി. വർദ്ധൻ
50. ശ്രീ. സി. വാസുദേവമേനോൻ

നിഷ്പക്ഷത പാലിക്കുന്നവർ—ഇല്ല

ദേഭഗതി പിൻവലിക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ—69

പ്രതികൂലിക്കുന്നവർ—50

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

ദേഭഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചതായി പ്രഖ്യാപിച്ചു.

ശ്രീ. കെ. ശങ്കരനാരായണപിള്ള അവതരിപ്പിച്ച ദേഭഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ജലവും മലിനജലവും സംബന്ധിച്ച 1984-ലെ കേരള ബിൽ തദ്ദേശ സ്വയം ഭരണവും സഹകരണവും സംബന്ധിച്ച ഒമ്പതാം സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം വോട്ടിനിട്ട് സഭ അംഗീകരിച്ചു. ബിൽ പതിനാറാം നമ്പർ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് അയച്ചു.

LIBRARY ARCHIVES Kerala Legislative Assembly